2013 ജൂലായ് 30 മുതൽ ആഗസ്റ്റ് 29 വരെ

വില 10 രൂപ

# നക്ഷത്രരാജ്യം



യു.എ. ഖാദർ (കഥ)

ഇയ്യങ്കോട് ശ്രീധരൻ (ലേഖനം)

പി.ആർ നാഥൻ (ഓർമ്മ)

ഇ. വാസു. (ലേഖനം)

എം.എസ്.കുമാർ (കഥ)

ഗോപാലൻ മാസ്റ്റർ ആഴ്ചവട്ടം (ലേഖനം)

വിനോദ്കുമാർ ദാമോദർ (ലേഖനം)

നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ (കവിപരിചയം)

റംസാൻ ആശംസകൾ




മുഖചിത്രം ഭാവന (ഫിലിംസ്റ്റാർ)

**Nakshathra Rajyam**
(Monthly Magazine)
2013 July 30
Reg. No. 2008/11/2718/D/
RNI EN No. 40980 Dated: 10-10-2007
Issue 3 Volume 10
Managing Editor, Publisher &
Owned by
**Nakshathrarajyam E. Radhakrishnan**
**Edoli House, Kommeri P.O.**
**Kozhikode - 673007**
**Address**
**Managing Editor**
**NAKSHATHRA RAJYAM**
P.B. No. 1205
Mankave P.O., Kozhikode - 7
Kerala, India.
**Mob: 9744233997**
**9847649567**
**email: nakshathrarajyam@gmail.com**
**Layout:**
**BHAVANA GRAPHICS, Tali**
**Inside Art:**
**GIREESH MOOZHIPADAM**
**Cover**
**Amina Creations, Palazhi, Clt.**
**Price 10.00**

**എഡിറ്റോറിയൽ**



# ഭാരതീയ നാണയങ്ങൾ

മൂല്യം തെറ്റാതേയും വേഗത്തിലും ഭാരതീയ നാണയങ്ങൾ എടുത്ത് കൃത്യമായി എണ്ണുന്നവർക്ക് കേഷ് അവാർഡുകളോ സ്വർണ്ണ ഫലകമോ ഏർപ്പെടുത്തിയാൽ ആ അവാർഡ് ആർക്കെങ്കിലും കിട്ടുമോ? ഇന്ത്യൻ ജനതയുടെ വിശേഷിച്ച് 40 കഴിഞ്ഞ മധ്യവയസ്ക്കരുടെ ഈ ചോദ്യം കേട്ട് പകച്ചുപോകാത്ത ഭാരതീയനുണ്ടോ? ചോദ്യത്തിൽ തന്നെ അടങ്ങിയിരിക്കുന്നു മനുഷ്യർക്കാർക്കും എണ്ണാൻ കഴിയില്ല എന്നുള്ള അതിന്റെ ഉത്തരം. ഒരേ പോലെയിരിക്കുന്ന മൂല്യം വ്യത്യസ്ഥമായ കുറേ നാണയങ്ങളെ കൈയ്യിലെടുത്ത് വേഗത്തിലും തെറ്റാതെയും ആർക്കും എണ്ണാൻ സാധിക്കില്ല. ബഹുമാനപ്പെട്ട ഇന്ത്യൻ ഭരണകൂടത്തിനും റിസർവ്വ് ബാങ്കിനും അറിയാം കാഴ്ചശക്തിയില്ലാത്തവർക്കും വാർദ്ധക്യം ബാധിച്ചവർക്കും ഭാരതീയ ജനതയ്ക്കും ദേശീയകളിയായ ഹോക്കി പോലെയോ അല്ലെങ്കിൽ ക്രിക്കറ്റ്, ഫുഡ്ബോൾ, കബഡി എന്നിങ്ങനെയുള്ള മറ്റുകളികളെപോലെയോ മാനസിക ഉല്ലാസത്തിന് സമയം കൊല്ലുവാൻ നാണയം എണ്ണിയെടുക്കൽ കളിയോ കളിക്കളമോ ആയല്ല ഇന്ത്യൻ നാണയത്തുട്ടുകൾ നെഹറുവിന്റെയും, ലാൽ ബഹദൂർ ശാസ്ത്രയുടേയും, ഇന്ദിരാഗാന്ധിയുടേയും പ്രധാനമന്ത്രി സ്ഥാനകാലയളവിൽ റിസർവ്വ് ബാങ്ക് നിർമ്മിച്ചിരുന്നതെന്നുള്ള കാര്യം. കൈവെള്ളയിൽ വെച്ചാലോ ദൂരെ നിന്നുകണ്ടാലോ നാണയത്തിന്റെ മൂല്യം എത്രയെന്ന് തിരിച്ചറിയുന്ന നിർമ്മാണ വൈദഗ്ധ്യത്തിൽ മാർക്കറ്റിലും ബാങ്കിലും സുലഭമായി കൊണ്ടിരുന്ന ഒന്ന്, രണ്ട്, മൂന്ന്, അഞ്ച്, പത്ത്, ഇരുപത്, ഇരുപത്തിയഞ്ച് എന്നിങ്ങനെനാണയങ്ങളുടെ മൂല്യം നഷ്ടപ്പെട്ടു. ഇത്തരം കാലോചിതമായ പരിവർത്തനത്തിൽ ഒഴിച്ചുകൂടാനാവാതെ നാണയങ്ങളുടെ മൂല്യം നഷ്ടപ്പെട്ടതിൽ നെടുവീർപ്പിടുന്നവർപോലും അതു പുറമേ പ്രകടിപ്പിക്കാറില്ലെങ്കിലും സാധാരണ ജനത വിധിയാകുന്ന നാണയ നിർമ്മാണ രീതിയിൽ വ്യഗ്രരായ ഇന്ത്യൻ റിസർവ്വ് ബാങ്കിനോടും അതിനെനിയന്ത്രിക്കുന്ന കേന്ദ്രസർക്കാരുകളോടും ധനകാര്യവകുപ്പിനോടും നീരസമുള്ളവരാകുകയാണ്. ഇക്കാലങ്ങളിൽ നിർമ്മിച്ചു ഒരുക്കുന്ന അൻപതു പൈസതുട്ടും അഞ്ചുരൂപതുട്ടും നാണയങ്ങൾ ഉപയോഗിച്ച് സുപരിചിതരായ സാധാരണ ഭാരതീയന്പോലും തിട്ടപ്പെടുത്താൻ സമയമേറെവേണം. ഒരു രൂപയും രണ്ടു രൂപയും തമ്മിൽ തിരിച്ചറിയണമെങ്കിൽ രണ്ടുമിനിട്ട് നാണയതുട്ട് കൈവെള്ളയിൽ വെച്ച് പരീക്ഷണ നിരീക്ഷണം നടത്തണം. കഷ്ടത ഇങ്ങനെപോകുന്ന രാജ്യത്ത്. വിലക്കയറ്റം ജനങ്ങളുടെ നടുവൊടിക്കുന്ന ഇക്കാലത്ത് യാത്രയിലും തൊഴിൽ സമയങ്ങളിലും നാണയ നിരീക്ഷണത്തിന് ജനങ്ങളുടെ സമയം പാഴാകുന്നതായുള്ള പരാതി നിർവ്വീകാരമായി കേട്ടുകൊണ്ടിരിക്കുന്ന കോപ്പറേറ്റ് പാദ സേവകരാവാതെ കേന്ദ്രസർക്കാറുകളും ധനകാര്യവകുപ്പും ഉണർന്നു പ്രവർത്തിച്ചിരുന്നെങ്കിൽ എന്ന് ആശിച്ചുപോകുകയാണ് നാണയത്തെ വിലകൽപ്പിക്കുന്ന സധാരണ ജനവിഭാഗങ്ങൾ. ജനതാത്പര്യധ്വംസനത്തിനെതിരെ പ്രതികരണ പ്രസ്ഥാവനകൾ ഇറക്കുന്ന ഡോക്ടർ സുബ്രഹ്മണ്യം സ്വാമിയെ പോലെയും സുഗതകുമാരി, ഇന്ത്യയിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, പ്രാദേശിക പാർട്ടികൾ, രാഷ്ട്രീയനേതാക്കൾ, സാഹിത്യകാർ, രാഷ്ട്രീയ സാമൂഹിക നായകർ എല്ലാവരും അനുഭവിച്ചുകൊണ്ടിരിക്കുന്ന ഇത്തരം കഷ്ടതകൾക്കുനേരെ അവരും ‘‘ആരും’’ ബുദ്ധിമുട്ടുകൾ അധികൃത സമക്ഷത്തിങ്കൽ എത്തിക്കുന്നതായി കേൾക്കുന്നില്ല. ഭാരതം എങ്ങോട്ട് എന്നതിനെക്കുറിച്ച് ഇടക്കിടെ അവിടെയും ഇവിടെയും സെമിനാറുകളും ബോധവൽക്കരണവും നടക്കുന്ന നാട്ടിൽ ജനങ്ങൾ വിഡ്ഢിയെപോലെയോ കഴുതയെപോലെയോ ആകാതിരിക്കാനുള്ള മാർഗ്ഗം എങ്ങിനെയെന്നതിനെകുറിച്ചും സെമിനാറുകൾ നടത്താം. അതിൽ നമുക്ക് പങ്കുചേരുകയും ചെയ്യാം.

**മാനേജിംഗ് എഡിറ്റർ**


# ഭാരത രത്നവും പ്രാഞ്ചിയേട്ടനും



ഇ. വാസു

ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ ജയിൽവാസക്കാലത്തെ അനുഭവംവെച്ചാണ് ജയിൽ മനുഷ്യയോഗ്യമാക്കാൻ പരിഷ്ക്കരണ നടപടികൾ എടുത്തത്. ജസ്റ്റിസും ചീഫ് ജസ്റ്റിസുമായപ്പോഴെല്ലാം വിലപ്പെട്ട വിധികൾ പുറപ്പെടുവിച്ചിട്ടുണ്ട്. (അതിന്റെ ഫലമായി വിമോചനസമരത്തിലൂടെ അതേ ഗവൺമെന്റിനെമറിച്ചിടാൻ കൂടുതൽപേരെ ആകർഷിക്കുക എന്ന പരോക്ഷഫലവും ഉണ്ടായി). ബീഡി അനധികൃതമായി അകത്തു കടത്തുന്നത് തടയാൻ ജയിലിനകത്ത് ബീഡി കിട്ടുന്ന ക്യാൻടീൻ ആരംഭിച്ചതും ജയിലിൽ ജോലി ചെയ്യുന്നതിന് തടവുകാർക്ക് കൊടുക്കാൻ കൂലി ഏർപ്പെടുത്തിയതും പരോൾ സമ്പ്രദായം കൊണ്ടുവന്നതും കൃഷ്ണയ്യരായിരുന്നു. വിമോചനസമരം അടിച്ചമർത്തുന്നത് നിരീക്ഷിയ്ക്കാൻ പ്രധാനമന്ത്രി പണ്ഡിറ്റ് നെഹറു അയച്ച കേന്ദ്ര ജയിൽ മന്ത്രി അതുകൊണ്ടാണ്. ''മിസ്റ്റർ കൃഷ്ണയ്യർ, നിങ്ങളുടെ നടപടികൾ കൂടുതൽ പേരെ സുഖവാസസ്ഥലത്തേക്ക് ആകർഷിക്കുകയാണല്ലോ എന്നു പറഞ്ഞത്.) ഇന്ത്യയുടെ ശ്രീലങ്കയിലെ ഇടപെടൽ തൊട്ട് ഡി.പി.ഇ.പി. വരെ കൃഷ്ണയ്യരുടെ വിമർശനം ഏറ്റുവാങ്ങിയ കാര്യങ്ങളത്രെ.

തന്റെ മനുഷ്യാവകാശ പ്രവർത്തനങ്ങൾക്ക് വിഘാതമാവുമോ പത്മവിഭൂഷൻ എന്ന സംശയം പ്രസിഡണ്ട് ശ്രീ. കെ.ആർ. നാരായണൻ തീർത്തു കൊടുത്തതായി കൃഷ്ണയ്യർ



മഹാത്മാ ഗാന്ധി


വ്യക്തമാക്കി. ഏതെങ്കിലും തുറയിൽ സ്തുത്യർഹവും വ്യതിരിക്തവുമായ പ്രവർത്തനം കാഴ്ചവെച്ചവരുടെ ചവറുപോലെ കൂടുന്ന പേരുകൾക്കിടയിൽ നിന്ന് അധികാരികളുടെ ഒരു വിദഗ്ധ കമ്മറ്റിയാണ് വർഷം തോറും ഒരു ''ഭാരതരത്ന''ത്തെയും ഏതാനും ''പത്മവിഭൂഷൺ''കാരെയും ഒട്ടേറെ പത്മഭൂഷൺകാരെയും തെരഞ്ഞെടുക്കുന്നത് ''താങ്കൾക്ക് മുമ്പു ചെയ്ത എല്ലാം ഇനിയും തുറന്നുതന്നെ ചെയ്യാം. സർക്കാർ ഒരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല''. എന്ന ഉറപ്പുകിട്ടിയതോടെ കൃഷ്ണയ്യർ അയഞ്ഞു.

ഗായിക ലതാമങ്കേഷ്കർക്കും സംഗീതജ്ഞൻ ഭീംസെൻ ജ്യോഷിയ്ക്കും അമുൽ ഫെയിം ഡോക്ടർ വി. കുര്യനുമൊപ്പം കിട്ടിയ ബഹുമതി, അവരൊന്നും തിരസ്ക്കരിയ്ക്കാത്ത നിലയ്ക്ക് ജസ്റ്റിസ് കൃഷ്ണയ്യരും തിരസ്ക്കരിച്ചില്ല എന്നുമാത്രം. ചരടുവലികളൊന്നും നടത്താതെയാണെങ്കിൽപ്പോലും സമൂഹത്തിലെ ജീർണ്ണത വിലകെടുത്തിയ സ്ഥാനമാനത്തിനിപ്പോൾ ര്ത്നശോഭയില്ല. അവ സ്വീകരിയ്ക്കുന്നതുപോലെ അർത്ഥശൂന്യമാണ് നിഷേധിയ്ക്കുന്നതും. ഇത്തരം ഘട്ടങ്ങളിലാണ് രാഷ്ട്രപിതാവ് എന്തുചെയ്തു എന്ന് ആലോചിയ്ക്കേണ്ടത്. ഗാന്ധി പുരസ്ക്കാരങ്ങൾ സ്വീകരിയ്ക്കുന്നത് സന്ദർഭം വരുമ്പോൾ തിരസ്ക്കരിയ്ക്കുക എന്ന ലക്ഷ്യത്തോടെയായിരുന്നു. ദക്ഷിണാഫ്രിക്കയിൽ വളണ്ടിയർ കോർ രൂപീകരിച്ച് ആംബുലൻസ് പ്രവർത്തനം നൽകി ഇംഗ്ലീഷുകാരെ യുദ്ധത്തിൽ സഹായിച്ചതിന് കിട്ടിയ സ്വർണ്ണമെഡൽ യുവാവായ അറ്റോർണ ഗാന്ധി വാങ്ങിവെച്ചു. സ്വാതന്ത്ര്യപ്രസ്ഥാനം കെട്ടിപ്പടുത്ത നേതാവ് എന്ന നിലയിൽ ആഫ്രിക്കൻ ഇന്ത്യൻ കോൺഗ്രസ്സുകാർ യാത്രയയപ്പുസമയം നൽകിയ സ്വർണ്ണവും കസ്തൂർബായ്ക്ക് നൽകിയ പണ്ടങ്ങളും ട്രസ്റ്റ് രൂപീകരിച്ച് കൈയൊഴിഞ്ഞപ്പോഴും ഗാന്ധി മെഡൽ സൂക്ഷിച്ചുവെച്ചു. ബ്രിട്ടീഷുകാർ ഇന്ത്യക്കാരോട് അതിക്രമം കാണിച്ചപ്പോൾ മെഡൽ തിരിച്ചു കൊടുത്ത് വിദേശി കനിഞ്ഞരുളിയ റാവുബഹദൂർ - ദിവാൻ ബഹദൂർ പട്ടങ്ങൾ ഉപേക്ഷിയ്ക്കാൻ എല്ലാവരോടും ആവശ്യപ്പെടുകയായിരുന്നു. തന്റെ സുഹൃത്തായ ടോൾസ്റ്റോയിക്ക് നോബൽസമ്മാനം എന്നപോലെ സമാധാനത്തിനുള്ള നോബൽ സമ്മാനം മരണാനന്തരംപോലും ഗാന്ധിജിയ്ക്ക് ലഭിച്ചിട്ടില്ല. സുഹൃത്തായിരുന്ന രവീന്ദ്രനാഥ ടാഗോറിന് നോബൽ സമ്മാനമായി കിട്ടിയ പണം ''ശ്രീനികേതൻ'' എന്ന സാമൂഹ്യസേവനകേന്ദ്ര

ത്തിന്റെ നടത്തിപ്പിനുവേണ്ടി മുടക്കാൻ ഗാന്ധിയുടെ പ്രേരണയുണ്ടായി. അംഗീകാരത്തിന്റെ വേദനസംഹാരികൊണ്ട് പറിച്ചെടുക്കാവുന്ന പല്ലാണ് പലർക്കും. ധിഷണാശാലിയാകയാൽ പുരസ്കാരഭ്രമം പണ്ഡിറ്റ് നെഹറുവിന് കലശലായിരുന്നു. സമ്മാനം നൽകാനുള്ള സാഹിത്യ - സംഗീത അക്കാദമികൾക്കുപുറമെയാണ് കല, സാഹിത്യം, ശാസ്ത്രം തുടങ്ങിയവയുടെ ഉന്നമനത്തിനുവേണ്ടി അന്യാദൃശമായ സേവനം അനുഷ്ടിക്കുകയോ പൊതുപ്രവർത്തനത്തിൽ മഹോന്നതമായ മാതൃകയാവുകയോ ചെയ്യുന്ന വ്യക്തിക്ക് ''ഭാരതരത്നം'' എന്ന ദേശീയ പുരസ്ക്കാരം ഏർപ്പെടുത്തിയത്. ''പത്മവിഭൂഷണും'' ''പത്മഭൂഷണവും'' സർക്കാർ സേവനം അനുഷ്ഠിയ്ക്കുന്നവർക്കും പ്രാപ്യമാണ്. സേവനം അന്യാദൃശവും


പാട്ടുംകൂത്തും പഠിപ്പിക്കുന്ന ''ശാന്തിനികേത''നുപുറമെ ''ശ്രീനികേതൻ സ്ഥാപിച്ചതിനെപ്പറ്റി ടാഗോർ എഴുതി: ആവശ്യം എന്റെതുതന്നെയായിരുന്നു. ഒരു സ്വപ്നലോകത്തിൽ ഉപേക്ഷിയ്ക്കപ്പെട്ട ഞാൻ സത്യത്തിന്റെ പൂർണ്ണതയിലേക്കു മടങ്ങിവരാൻ നിയുക്തനായി. മാതൃകാപരവും ആയിരിക്കണം. എന്നുമാത്രം.

ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിന്റെയും സ്റ്റീൽ അഥോറിറ്റി ഓഫ് ഇന്ത്യയുടെയും മാരുതി കാർ നിർമ്മിയ്ക്കുന്ന ലിമിറ്റഡ് കമ്പനിയുടെയുമൊക്കെ ചെയർമാനോ മാനേജിങ്ങ് ഡയറക്ടറോ ആയി പൊതുമേഖലാ രംഗത്തെ മാണിക്യം എന്ന പ്രശസ്തിയാർജിച്ച ശ്രീ.വി. കൃഷ്ണമൂർത്തിക്ക് പത്മഭൂഷണവും പത്മശ്രീയും ലഭിച്ചിട്ടുണ്ട്. (കഴിഞ്ഞ വർഷം ക്രിക്കറ്റ് താരം സച്ചിൻ ടെൻഡുൽക്കർ അടക്കം 34 പേർക്ക് ദേശീയ ബഹുമതിയിൽ നാലാം സ്ഥാനത്തുള്ള പത്മശ്രീയും വ്യവസായി ഗോദ്റജ്, കിഴക്കേമുറി തുടങ്ങിയ 14 പേർക്ക് പത്മഭൂഷണവും ജസ്റ്റീസ് കൃഷ്ണയ്യർ ആണവശാസ്ത്രജ്ഞൻ ആർ. ചിദംബരം എന്നീ 14 പേർക്ക് വിഭൂഷണവും ലഭിച്ചു.



പണ്ഡിറ്റ് നെഹറുവിന് ചണ്ടീഗർ നഗരം പോലെ പ്രിയപ്പെട്ടതായിരുന്നു. ഇന്ദിരാഗാന്ധിയ്ക്ക് മാരുതി, സെയിത്സ്മാന്റെ സഫാരി സൂട്ടിനുപകരം വെളുപ്പിച്ച ഷർട്ടിട്ട് കൃഷ്ണമൂർത്തി രാവിലെ 8 മണിയ്ക്ക് ഓഫീസിലെത്തുമ്പോൾ ലിഫ്ട് ഓപ്പറേട്ടർ മാത്രം. തയ്യാറായി നിൽക്കും. ഓരോ ജീവനക്കാരനും പ്രത്യേക പരിഗണനനൽകി മാരുതിയുടെ വിജയത്തിൽ കൃഷ്ണമൂർത്തി മുന്തിയ നേതൃത്വഗുണമാണ് കാണിച്ചത്.

കൃഷ്ണമൂർത്തി എഞ്ചിനിയരോ എം.ബി.യെക്കാരനോ അല്ല. ഐ.എ.എസ്. പോലുമല്ലാത്ത മൂർത്തി എങ്ങിനെവൈദ്യുതി രംഗം നിയന്ത്രണ ഹെവി ഇലക്ട്രിക്കൽസിന്റെയും വ്യവസായ വൽക്കരണത്തിന്റെ ജീവാത്മാവായ സ്റ്റീൽ അഥോറിട്ടിക്കായും, കാർ സെക്ടറിന്റെയും അധിപതിയായി?



**രവീന്ദ്രനാഥ ടാഗോർ**

''അത്യപൂർവ്വമായ ആശയങ്ങളുടെ ഉപജ്ഞാതാവ് എന്ന് പിന്നീട് രാജ്യരക്ഷാമന്ത്രിയായ മുൻവ്യവസായ മന്ത്രി ജോർജ് ഫെർനാണ്ടസ് പ്രശംസിച്ച കൃഷ്ണമൂർത്തിയെ ലോകബാങ്ക് പ്രസിഡണ്ട് ആൽബർട്ട് മക്നമാറ ക്ഷണിച്ചതാണ്.

ലോകബാങ്കിന്റെ നേട്ടം ഇന്ത്യയ്ക്ക് നഷ്ടം എന്ന നിലയ്ക്ക് ഇന്ദിരാഗാന്ധി കൃഷ്ണമൂർത്തിയുടെ സേവനം വിട്ടുകൊടുത്തില്ല. മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് വേദഗ്രന്ഥമായ മാരുതിയിലെ മാനുഷിക വിഭവങ്ങളുടെ വികസനം തുടങ്ങിയ കൈപുസ്തകങ്ങളുടെ രചയിതാവുകൂടിയായ, ഒരിക്കൽ വ്യവസായ മന്ത്രിയാവും എന്ന നിലവരെയെത്തിയ കൃഷ്ണമൂർത്തിയ്ക്കും മക്കൾക്കുമെതിരെ സി.ബി.ഐ. വിദേശ ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ച് കുറ്റപത്രമുണ്ടാക്കി.


വൻകിട വ്യവസായ രംഗത്തെ കൂട്ടുസംരംഭങ്ങളിൽ സ്വകാര്യ ലാഭമുണ്ടാക്കാൻ മദ്ധ്യവർത്തിയായി നിന്ന് ജപ്പാനിലെ കോപ്പറേറ്റുകളായ മിത്സുബിഷി, സുമിതോമോ തുടങ്ങിയവയിൽ നിന്ന് സർദാർ സരോവർ റിവർ പ്രോജക്ടിനും റെയ്പൂർ തെർമൽ പ്രോജക്ടിനും ആസ്സാം ഗ്യാസ് ടർബൈൻ പവർ പ്രോജക്ടിനും മറ്റും പണിചെയ്തുകൊടുത്തതിന് കോടിക്കണക്കിന് കമ്മീഷൻ പറ്റി എന്നതാണ് കാരണം. ഹർഷദ് മേത്തയുടെ വളർച്ചയ്ക്കു പിന്നിലും ഈ പുരസ്ക്കാര ജേതാവുണ്ടെന്ന ആരോപണം അന്വേഷണത്തിന്റെ കരകാണാക്കയത്തിലാണിപ്പോൾ.

ഡോക്ടരേറ്റ് ഓണററിയായി പ്രമുഖർക്ക് നൽകി. എളുപ്പം സൽപ്പേരുണ്ടാക്കുന്ന സർവ്വകലാശാലാ ഭാരവാഹികളുടെ ദൗർബ്ബല്യം ചിലപ്പോൾ ഭരണാധികാരികളെയും പിടികൂടും. ഡോ. എം.ജി. രാമചന്ദ്രന് നൽകികഴിഞ്ഞ ശേഷമാണ് ബി.ആർ. അംബേദ്ക്കർക്ക് മരണാനന്തര ബഹുമതിയായി ഭാരതരത്നം കിട്ടുന്നത്. പ്രാദേശിക - ജാതി മതതാല്പര്യങ്ങൾ ഭാരതീയ പാരമ്പര്യമനുസരിച്ച് പുരസ്ക്കാരദാനത്തിൽ പാലിച്ചുകഴിയുമ്പോഴാകും ചില പാളിച്ചകൾക്ക് പരിഹാരം കാണേണ്ടിവരിക. സത്യജിത് റേ ഓസ്കാർ നേടി കഴിഞ്ഞശേഷമാണ് ഈ ബഹുമതിയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടത്. 1979ൽ നോബൽ സമ്മാനം നേടിക്കഴിഞ്ഞപ്പോൾ മാത്രം മദർതെരേസയെത്തേടി ''ഭാരതരത്ന'' എത്തി.


അമർത്യാസെന്നിന്റെ കാര്യവും അങ്ങിനെത്തന്നെ. 1974 ൽ 57 പേർക്ക് പത്മശ്രീയും 21 പേർക്ക് പത്മഭൂഷണവും 4 പേർക്ക് പത്മവിഭൂഷണവും കൊടുത്തെങ്കിലും ഭാരതരത്നം ആർക്കും കൊടുത്തില്ല. 1955ൽ പത്മഭൂഷൺ കിട്ടിയ മൂന്നു പേരിൽ ഡോക്ടർ വിശ്വേശ്വരയ്യയും ഡോക്ടർ ഭഗവൻദാസും പെടുന്നു. ദലൈലാമയും, ഖാൻ അബ്ദുൾ ഗാഫർ ഖാനും, നെൽസൺ മണ്ടേലയും ഭാരതരത്നമായതിന്റെ മാനദണ്ഡം വ്യക്തമല്ല. സുബ്രഹ്മണ്യ

ഭാരതിയ്ക്കും ഡി.കെ. പട്ടമ്മാൾക്കും ഇല്ലെങ്കിലും കാമരാജിന് ഇന്ദിരാഗാന്ധി അത് നൽകി. മരണാനന്തര ബഹുമതിയായി. 562 നാട്ടുരാജ്യങ്ങളെ ഒതുക്കി നെഹറുവിന്റെ തുല്യനിലയിലിരുന്ന പട്ടേലിന് അത് കിട്ടാൻ 1991വരെ കാത്തിരിയ്ക്കേണ്ടതായിവന്നു. അതേയവസരം ജനാധിപത്യധ്വംസനമായ അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുന്നതിൽ ഒപ്പ് സത്വരം ചാർത്തിയ ഫക്ക്റുദ്ദീൻ അലി അഹമ്മദിന് ''ഭാരതരത്ന''മാവാൻ ജീവിച്ചിരിക്കുമ്പോൾ തന്നെ കഴിഞ്ഞു. ഇന്ദിരാ ഗാന്ധിയും രാജീവ് ഗാന്ധിയും ''ഭാരതരത്ന''ങ്ങളാവുന്നതിൽ അത്ഭുതമില്ലല്ലോ. ഒരു കുടുംബത്തിൽ നിന്ന് മൂന്നു വ്യക്തികൾ ഒറ്റയടിയ്ക്ക് രത്നങ്ങളായി. (ജവഹർ എന്നാൽ രത്നം എന്നർത്ഥം)

അടിയന്തിരാവസ്ഥയുടെ ദിനങ്ങളെ നിർബ്ബന്ധിത വന്ധ്യംകരണം, ചേരി ഒഴിപ്പിക്കൽ തുടങ്ങിയ വിപത്തുകളുടെ പേരിലല്ല അപലപിക്കേണ്ടത്. അവ രാഷ്ട്രത്തിന് പരോക്ഷമായി നേട്ടമുണ്ടാക്കിയ ഭരണനടപടികളാണ്. അഴിമതി ദേശസാൽക്കരിച്ചതാണ് അടിയന്തിരാവസ്ഥ കൊണ്ടുണ്ടായ തീരാശാപം. നെഹറുവിനെസംബന്ധിച്ച് അഴിമതി സാമ്പത്തിക ശാസ്ത്രജ്ഞന്മാർക്ക് മലിനീകരണംപോലെയായിരുന്നു. അത് വ്യവസ്ഥയുടെ ഉള്ളിൽ നിന്നും ഉണ്ടായതല്ല എന്നതിനാൽ ഗർഹണീയമായി എടുത്തില്ല. സൽസേവനത്തിന്റെ പേരിൽ രാജ്യത്തിന്റെ പരമോന്നതബഹുമതിയായ ''ഭാരതരത്നം'' ഡോക്ടർ എസ്. രാധാകൃഷ്ണനും സി. രാചഗോപാലാചാരിയ്ക്കും ഡോക്ടർ സി.വി. രാമനും കൊടുത്തത് 1954ലാണ്. സ്വാതന്ത്ര്യ ലബ്ദി സമയത്ത് കോൺഗ്രസ് പ്രസിഡണ്ടായിരുന്ന ജെ.ബി. കൃപലാനി അഴിമതി സംബന്ധിച്ച ഒരു റിപ്പോർട്ട് സമർപ്പിക്കാൻ 1954ൽ നിയുക്തനായിരുന്നു. ഏറ്റവും കൂടുതൽ പേർക്ക് തൊഴിൽ കൊടുക്കുന്ന പൊതുമേഖലാസ്ഥാപനമായ റെയിൽവെയെ കേന്ദ്രീകരിച്ചുള്ള തന്റെ റിപ്പോർട്ടിൽ ഭരണസം



വിധാനത്തിന്റെ നൈതികതയാണ് കൃപലാനി പ്രശ്നമാക്കിയത്. സ്വാതന്ത്ര്യലബ്ദിയോടെ ഐ.



**സർദാർ വല്ലഭായ് പട്ടേൽ**

സി.എസ്. ഭരണം അവസാനിപ്പിക്കും എന്ന സ്വന്തം പ്രഖ്യാപനം മറന്ന പ്രധാനമന്ത്രി നെഹറു ബ്യൂറോക്രസിയെ നിലനിർത്താൻ ശാസ്ത്രീയതയ്ക്കു കഴിയും എന്നുംകരുതി. കൃപലാനി സദാചാരവും ഭരണസുതാര്യതയും ഉയർത്തിപ്പിടിച്ച് സമർപ്പിച്ച റിപ്പോർട്ട് മാറ്റിവെച്ച് എ.ഡി. ഗോർവാലയെക്കൊണ്ട് തയ്യാറാക്കിയ ഭരണപരിഷ്ക്കരണ റിപ്പോർട്ടും സ്വീകരിയ്ക്കാതെ ഫോർഡ് ഫൗണ്ടേഷൻ കൺസൾട്ടന്റും അമേരിക്കൻ വിദഗ്ദനുമായ പോൾ അപ്പ്ലബിയെ വരുത്തുകയാണ് നെഹറു ചെയ്തത്.

താൻ കാൽനടക്കാരനും തന്റെ ശിഷ്യൻ പറക്കാനാഗ്രഹിക്കുന്നവനും: ഗാന്ധി അത് സമ്മതിച്ചതാണ്. ശാസ്ത്ര-സാങ്കേതിക മുന്നേറ്റത്തിലൂടെ മാത്രമേ ഭരണമേന്മ കൈവരിയ്ക്കാനാകൂ.

സത്യസന്ധത ഇന്ത്യൻ ഭരണസംവിധാനത്തിൽ ഉച്ചസ്ഥായിയിലാണെന്ന അപ്പ്ലബിയുടെ പ്രശംസ പ്രധാനമന്ത്രി ഇഷ്ടപ്പെടുകയും സംസ്ഥാനമുഖ്യമന്ത്രിമാർക്കയയ്ക്കുന്ന കത്തുകളിൽ അത് എടുത്തു ചേർക്കുകയും ചെയ്തു. റെയിൽവേയിലെ ടിക്കറ്റ് സ്റ്റാഫും ഗേറ്റ്മാനും തമ്മിലുള്ള ഒത്തുകളിയ്ക്ക് ഓട്ടമാറ്റിക്ക് യന്ത്രസ്ഥാപനം പരിഹാരമായിക്കണ്ട അമേരിയ്ക്കൻ വിദഗ്ദന്റെ നിർദ്ദേശമനുസരിച്ചാണ് ആദ്യത്തെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക്ക് അഡ്മിനിസ്ട്രേഷൻ സ്ഥാപിതമാകുന്നത്. അപ്പ്ലബി ചെലുത്തിയ സ്വാധീനം പിന്നീട് ഭരണപരിഷ്കരണം ലക്ഷ്യമാക്കി നിയമിച്ച എല്ലാ കമ്മറ്റിയിലും മുഴച്ചുനിൽക്കുന്നുണ്ട്. കൃപലാനി ചൂണ്ടിക്കാട്ടിയ മാനുഷികാംശം ക്രമേണ വിസ്യതൃതമായി. കോൺഗ്രസ്സിന്റെ ചരിത്രമെഴുതിയ കൃപലിനി ''ഭാരതരത്ന''മാവാതെപോയി. കോൺഗ്രസ്സ് വിട്ട് പ്രജാപാർട്ടി രൂപീകരിച്ചതാവാം കാരണം.

അടിയന്തിരാവസ്ഥയെ എതിർത്ത ജയപ്രകാശ് നാരായണൻ മരണാനന്തരം കോൺഗ്രസ് അല്ലാത്ത കേന്ദ്രസർക്കാർ ഭരിയ്ക്കുമ്പോഴാണ് ബഹുമാനിയ്ക്കപ്പെട്ടത്. 1945ൽ മരണമടഞ്ഞ നേതാജി സുഭാഷ് ബോസിന് അമ്പതുവർഷം കഴിഞ്ഞ് കിട്ടിയ ''ഭാരതരത്നം'' അനന്തരാവകാശികൾ വാങ്ങാൻ കൂട്ടാക്കിയില്ല. പ്രശ്നം എങ്കിൽ ടിപ്പു സുൽത്താനും വേലുത്തമ്പിദളവയ്ക്കും ''ഭാരതരത്നം'' നൽകേണ്ടതല്ല എന്നതാണ്.

അഭിനന്ദനം സ്വീകരിക്കുന്നത് എന്തുകൊണ്ട് അധാർമ്മികമാണെന്ന് ആന്ദ്രേജിദ് എന്ന ഫ്രഞ്ച് നോവലിസ്റ്റ് 1933ൽ എഴുതിയ ഡയറിക്കുറുപ്പിൽ പറയുന്നുണ്ട്. താൻ പറയുന്ന അഭിപ്രായത്തിന്റെ പേരിൽ ഒരു ഗുണം ഉണ്ടാവുക, അത് കൈപ്പറ്റുന്ന ജാള്യതയെ താൻ ഭയപ്പെടുന്നതിന്റെ കാരണം ജീദ് പറഞ്ഞിട്ടുണ്ട്. തന്റെ എഴുത്തിലൂടെ ശക്തിയും ധൈര്യവും ധാരണയും പ്രസരിപ്പിക്കാനാണാഗ്രഹിക്കുന്നത്. അതിനാൽ കപടനന്മകളെ പുച്ഛിയ്ക്കേണ്ടിയിരിയ്ക്കുന്നു. പുരസ്ക്കാരം ജോലിയ്ക്കുള്ള പ്രതിഫലമല്ല, കൈക്കൂലിപോലെ ഒന്നാണ്.

ഭാരതരത്നം നൽകുന്നത് നിഷ്ഫലമാണെന്ന് മനസ്സിലാക്കിയ മൊറാർജിദേശായി പ്രധാനമന്ത്രിയായപ്പോൾ ആർക്കും അത് ശുപാർശ ചെയ്തില്ല. അതിന്റെ ഫലം ബോംബെയിൽ അബോധാവസ്ഥയിൽ മരണശയ്യയിൽ കിടക്കുമ്പോൾ അദ്ദേഹത്തിന് എന്താണത് എന്നറിയാതെ ലഭിച്ചു!

ഭാരതരത്നം 1955ലാണ് ജവഹർലാലിന് ലഭിച്ചത്. അതിനുള്ള തീരുമാനം അദ്ദേഹം അദ്ധ്യക്ഷതവഹിച്ച മന്ത്രിസഭതന്നെ എടുക്കുകയായിരുന്നു.

●

ആത്മവൃത്തം

# തിരുവണ്ണാമലയിലെ കൈതപ്പൂ



പി.ആർ. നാഥൻ



കാട്പാടിയും വില്ലുപുരത്തിനും ഇടയ്ക്കാണ് തമിഴ്നാട്ടിലെ തിരുവണ്ണാമല സ്ഥിതിചെയ്യുന്നത്. സേലത്തുനിന്നും കുറച്ചു കൂടി എളുപ്പത്തിൽ ബസ്സുമാർഗ്ഗം അവിടെയെത്താം. പുലർച്ചയ്ക്ക് കാട്പാടിയിൽ നിന്നും പുറപ്പെടുന്ന പാസഞ്ചർവണ്ടിയിലാണ് ഞാൻ തിരുവണ്ണാമലയ്ക്ക് പോയത്. കാട്പാടിയിൽ നിന്നും പുറപ്പെട്ട ട്രെയിൻ എന്തോ ആവശ്യത്തിന് വെല്ലൂരിൽ കുറേ നേരം നിർത്തിയിട്ടു. വെല്ലൂരിലെ ആശുപത്രിയും മെഡിക്കൽകോളേജുമെല്ലാം മലയാളികൾക്ക് സുപരിചിതമാണ്. തീവണ്ടിയിൽ വെച്ച് വെല്ലൂർ ആശുപത്രിയിലെ ഒരു ഡോക്ടർ തന്റെ ജന്മദേശത്തെക്കുറിച്ച് ഒരു ഫലിതം പറഞ്ഞതോർക്കുന്നു. വെള്ളമില്ലാത്ത നദി, വിഗ്രഹമില്ലാത്ത ക്ഷേത്രം, അധികാരമില്ലാത്ത പോലീസ് തുടങ്ങിയ മഹാൽഭുതങ്ങൾ ഉള്ള രാജ്യമാണ് വെല്ലൂർ. പറഞ്ഞതിനു വിശദീകരണവുമുണ്ട്. നദിയിൽ ഒരിക്കലും വെള്ളമുണ്ടാകാറില്ല. പ്രതിഷ്ഠയില്ലാത്ത ക്ഷേത്രമാണ് അവിടെയുള്ളത്. പോലീസ് ട്രയിനിംഗ് കോളേജിലെ പോലീസുകാർ ഡ്യൂട്ടിയിൽ അല്ലാത്തതിനാൽ അവർക്ക് അധികാരമില്ല എന്നതും സത്യം.

നേരം ഒൻപതുമണിയായിക്കാണും. പ്രഭാതത്തിൽ തന്നെ വരണ്ട ഒരു തരം കാലാവസ്ഥയായിരുന്നു. ചുറ്റും ഒടൈരങ്ങൾ. തരിശുഭൂമികൾ, പാറക്കൂട്ടങ്ങൾ, സഹയാത്രികനായ ശങ്കരനാരായണ വാരിയർ മലപ്പുറം ജില്ലയിലെ തിരുവാലി സ്വദേശിയാണ്. ആധ്യാത്മികമായി ധാരാളം അറിവുകൾ നേടിയ ആളുമാണ്. കോട്ടക്കൽ ആര്യവൈദ്യശാലയിലെ ഉദ്യോഗസ്ഥനായതിനാൽ സംസ്കൃതത്തിലും ആയുർവ്വേദത്തിലും മിടുക്കൻ. തിരുവണ്ണാമലയാത്രയിൽ അദ്ദേഹത്തെ കൂടെ കൂട്ടിയത് അനുഗ്രമായിരുന്നു. തിരുവണ്ണാമലയിൽ തീവണ്ടിയിറങ്ങിയ ശേഷം ഒരു ഓട്ടോയിൽ കയറി ക്ഷേത്രത്തിനടുത്തുള്ള ലോഡ്ജിൽ എത്തിച്ചേർന്നു. പർവ്വതത്തിനുതാഴെ ചിത്രം വരച്ചിട്ടതുപോലെ തിരുവണ്ണാമലക്ഷേത്രം. ലളിതമായ വസ്ത്രം ധരിച്ച് വാരിയരോടൊപ്പം പുറത്തേക്കിറങ്ങിയപ്പോൾ ഉത്സാഹം. തിരുവണ്ണാമലയിൽ വന്നത് മാനസിക സമ്മർദ്ദം കുറയ്ക്കാനാണ്. പ്രാർത്ഥിക്കാൻ, ചിരിക്കാൻ, അലഞ്ഞുനടക്കാൻ, നല്ല കാര്യങ്ങൾ സംസാരിക്കാൻ. ഭാരത സംസ്കാരത്തിന്റെ ആരാധകനാണ് വാരിയർ. ഈ ജനത പണ്ടു മുതൽക്കേ ഇവിടത്തെ മനുഷ്യർക്കായി ദിനചര്യ വിധിച്ചിരിക്കുന്നു. അത് അനുഷ്ഠിക്കുന്നവർ ഇപ്പോൾ ഉണ്ടോ എന്ന ചോദ്യത്തിന് പ്രസക്തിയില്ല. ബ്രഹ്മമംഗളം, ഭൂമി പ്രാർത്ഥന, കണികാണൽ, (തുളസി, ഭദ്രദീപം, കാമധേനു), ദന്തധാവന സ്നാനവിധി) ഭസ്മചന്ദന ലേപനം, നാമജപം, ദേവാർച്ചനം, പിതൃതർപ്പണം, സൂര്യനമസ്ക്കാരം, ദേവദർശനം, ഭൂതവായസബലി, അതിഥി പൂജ, ഭോജനവിധി, പുരാണശ്രവണം, സന്ധ്യാവന്ദനം, ക്ഷീരാബ്ധിശയനം എന്നിവയാണ് ദിനചര്യയായി ആചാര്യന്മാർ പറഞ്ഞിരിക്കുന്നത്.

ഇതൊക്കെ പ്രാവർത്തികമാണോ?

പ്രാവർത്തികമാക്കാതെയുള്ള ഒരു ജീവിതം എന്തിനായിട്ടാണ്?

വാരിയർ ചിരിക്കുന്നു.

എന്താണ് ജീവിത ലക്ഷ്യം?

ഈ അന്വേഷണം തന്നെയാണ് ജീവിത ലക്ഷ്യം. ലോകം മുഴുവൻ ചുറ്റി തിരുവണ്ണാമലയിൽ വരുന്നു. ഇവിടെയും ചുറ്റുക. വല്ലതും അറിയാൻ കഴിയുമോ എന്ന് അന്വേഷിക്കുക.

തമിഴ്നാട്ടിലെ ഏറ്റവും വലിയ ക്ഷേത്രങ്ങളിൽ ഒന്നാണ് തിരുവണ്ണാമലയിൽ ഉള്ളത്. ക്ഷേത്രത്തിന്റെ മുൻവശത്തുനിന്നു നോക്കുമ്പോൾ നല്ല ആഢ്യത്വം തോന്നും. തലയുയർത്തി നിൽക്കുന്ന പർവ്വതം ക്ഷേത്രത്തോട് ചേർന്നാണെന്ന് തോന്നുമെങ്കിലും അണ്ണാമല ദൂര

ത്താണ്. ക്ഷേത്രത്തിലേക്ക് കയറാനുള്ളവഴി വിശാലമാണ്. താഴെ മിനുസമുള്ള കരിങ്കൽ പതിച്ചുവെച്ചിരിക്കുന്നു.

തിരുവണ്ണാമലയിൽ ഈശ്വര ചൈതന്യമുണ്ടോ? ഉണ്ടെന്നും അതേസമയം ഇല്ലെന്നും എന്റെ മനസ്സ് പറഞ്ഞു. കാഴ്ചകാണും മാതിരി ക്ഷേത്രത്തിലൂടെ നടക്കുമ്പോൾ മനസ്സിൽ പെൻഡുലം പോലെ ഈ ചിന്ത ആടിക്കൊണ്ടിരുന്നു. എന്താണ് ചിന്തയെന്നാൽ കുറേ ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും. ഈശ്വരൻ സാകാരകനാണ്, നിരാകാരനുമാണ്. പരമഹംസർ ഇത് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഒരു സന്യാസി ഒരിക്കൽ ജഗന്നാഥ ദർശനത്തിന് പോയി. ദർശനം നടന്നു കൊണ്ടിരിക്കവെ ജഗന്നാഥൻ സാകാരനോ നിരാകാരനോ എന്ന് സന്യാസിക്കൊരു സംശയംതോന്നി. അദ്ദേഹം കയ്യിലുള്ള ദണ്ഡ കൊണ്ട് ജഗന്നാഥന്റെ മേൽ തൊട്ടുനോക്കി. ആദ്യം ഇടത്തുനിന്നു വലത്തോട്ട് നീക്കി, വടി ജഗന്നാഥന്റെ മേൽ തൊട്ടില്ല. അവിടെ വിഗ്രഹമില്ല. ഈശ്വരന് രൂപമില്ല എന്നു നിശ്ചയിച്ചു. തുടർന്ന് വടി നിലത്ത് നിന്ന് വലത്തോട്ട് നീക്കി. അതുണ്ടു വിഗ്രഹത്തിൽ തട്ടുന്നു. ഈശ്വരൻ സാകാരമാണെന്നും അപ്പോൾ മനസ്സിലായി.

ബ്രഹ്മം വിഗ്രഹത്തിലൊതുങ്ങില്ല. അത് വാക്കിലൊതുങ്ങില്ല. ചിന്തയിലും ഒതുങ്ങുന്നതല്ല. ബ്രഹ്മവിദ്യ പഠിക്കാനായി ഒരു പിതാവ് തന്റെ രണ്ടു മക്കളെ കാശിയിലേക്കയച്ചു. വളരെക്കാലം അവർ ശ്രദ്ധാപൂർവ്വം വിദ്യ പഠിച്ചശേഷം മടങ്ങിവന്നു. പിതാവ് മൂത്തവനോടു ചോദിച്ചു. ബ്രഹ്മവിദ്യ എന്ത്? മൂത്തവൻ ശ്ലോകം ചൊല്ലി. ബ്രഹ്മമെന്തെന്ന് വിശദീകരിച്ചു. അതുകേട്ട പിതാവ് രണ്ടാമത്തെ പുത്രനോട് ബ്രഹ്മമെന്ത് എന്ന് അന്വേഷിച്ചു. അവൻ സ്വന്തം വായ് തുറന്നതേയില്ല. അതു ശ്രദ്ധിച്ച് പിതാവ് പറഞ്ഞു. മോനെ നിനക്ക് വാക്കുകൾ കൊണ്ട് പറയാൻ കഴിയില്ല. തിരുവണ്ണാമലയുടെ രഹസ്യങ്ങൾ തേടിവന്ന വേറെയും ആളുകളുണ്ട്. അധികവും സന്യാസിമാർ. അവർ അന്വേഷണം തുടരുകയാണ്. മദ്രാസിൽ നിന്നും 187 കിലോമീറ്റർ ദൂരമാണ് തിരുവണ്ണാമലയിലേക്ക്. കാർത്തികപുരത്തുനിന്നാണ് യാത്രയെങ്കിൽ 112 കിലോമീറ്റർ മതി. തിരുവണ്ണാമലയുടെ പകിട്ടുകാണണമെങ്കിൽ കാർത്തിക ദീപം എന്ന ഉത്സവം കാണണം. അന്ന് ഇവിടമാസകലം ദീപങ്ങൾ തെളിയും. ഡിസംബർ മൂന്നാം വാരത്തിലാണ് കാർത്തിക ദീപം ആഘോഷിക്കുന്നത്. അന്ന് ജനലക്ഷങ്ങളാണ് തിരുവണ്ണാമലയിൽ തടിച്ചുകൂടുക.



ശിവശക്തി ചൈതന്യമാണ് തിരുവണ്ണാമലയെ പവിത്രമാക്കുന്നത്. ശിവന്റെ അഗ്നി ചൈതന്യമാണ് ഇവിടെ. വിശാലമായ ക്ഷേത്രമായതിനാൽ ധാരാളം നടന്നുകാണാനുണ്ട്. ശിവശക്തി എങ്ങിനെ മൂർത്തിമത്ഭാവമായി പരിലസിക്കുന്നു എന്നു ചിന്തിക്കുന്നവർ തിരുവണ്ണാമലയെ അറിയുന്നു. സത്യത്തിൽ ഈ പ്രപഞ്ചത്തിലെ ഒരു വസ്തുതയും നമ്മെ ദുഃഖിപ്പിക്കുകയോ സന്തോഷിപ്പിക്കുകയോ ചെയ്യുന്നില്ല. ഏഴും ഏഴും പതിമൂന്ന് എന്ന് ആരെങ്കിലും പറഞ്ഞാൽ നാം



ദുഃഖിക്കുന്നില്ല. എന്നാൽ രണ്ടുതവണയായി ഏഴുരൂപ കടം വാങ്ങിയ ആൾ പതിമൂന്ന് രൂപയേ മടക്കിത്തന്നുള്ളൂ എങ്കിൽ നമുക്ക് ദുഃഖമായി. എട്ടും എട്ടും പതിനഞ്ച് എന്നൊരാൾ പറഞ്ഞാൽ വിഷമത്തോടെ ഈ നിലക്കുപോയാൽ നാം എവിടെയെത്തും എന്ന് ആരും പറയാറില്ല. റെയിൽവേ സ്റ്റേഷനിലേക്കുള്ള ദൂരം 5 കിലോമീറ്റർ എന്നത് സുഖമോ ദുഃഖമോ അല്ല. പക്ഷേ രണ്ടുമിനുട്ടിനുള്ളിൽ സ്റ്റേഷനിലെത്തണമെങ്കിൽ ഈ ദൂരം ദുഃഖമായി. ലോക കാര്യങ്ങൾ നമ്മുടെ സ്വജീവിതവുമായി ബന്ധപ്പെട്ടാൽ മാത്രമേ നമുക്കു ദുഃഖമുള്ളൂ. അതിനാൽ ശിവശക്തിയെ സ്വന്തം അറിയുന്നവനു മാത്രമേ ആ തേജസ്സിനെ ഉദ്ദീപിപ്പിക്കുവാൻ കഴിയൂ.

തേജസ്സ് എന്നാൽ എന്താണ്?

തിരുവണ്ണാമലയിലെ പ്രതിഷ്ഠക്കു മുമ്പിലെ തിരക്കുപിടിച്ച സ്ഥലത്തെത്തിയപ്പോൾ ഞാൻ വാരിയരോട് ചോദിക്കുന്നു. 186250 നാഴികയാണ് പ്രകാശത്തിന്റെ വേഗത. അതിൽ കൂടുതൽ വേഗതയുള്ളതൊന്നും നാം കാണില്ല. ഒരു വസ്തുവിനെ നാം കാണുമ്പോൾ അതിന്റെ ഫ്രീക്വൻസി കുറഞ്ഞു എന്നാണർത്ഥം. നാം കാണുന്ന എല്ലാ ജഡവസ്തുക്കൾക്കും ഫ്രീക്വൻസി കുറവാണ്. നാം കർമ്മനിരതരാകുമ്പോൾ തമോഗുണം മാറി കൂടുതൽ പ്രകാശിക്കും. ആ ഫ്രീക്വൻസി വർദ്ധനവിനെ തേജസ്സ് എന്നു പറയും. ദേവസങ്കൽപങ്ങളെ നാം പ്രകാശമായും തേജസ്സായും പറയുന്നത് അതുകൊണ്ടാണ്. മനുഷ്യന് അങ്ങനെ ജഢവസ്തുവിൽ നിന്ന് മാറി ദൈവമാകാം.

വലിയ തത്വങ്ങളെ നാം പ്രതീകങ്ങളിലേക്ക് ആവാഹിക്കുന്നു. അതുതന്നെയാണ് തിരുവണ്ണാമലയിലെ ശിവരഹസ്യം. എല്ലാ വസ്തുക്കളും ഭൂമിയിലേക്കാകർഷിക്കും. പക്ഷേ, ഉദാഹരണം കാട്ടാൻ പെട്ടെന്ന് വീഴുന്ന ആപ്പിൾ മാത്രമേ പറ്റൂ. അപ്പൂപ്പൻതാടിയെ ഉദാഹരണമായി എടുക്കുന്നത് വിഡ്ഢിത്തമാണ്. അത് പറന്ന് പറന്ന് പതുക്കെ മാത്രമേ താഴെ വീഴൂ എന്നതിനാൽ പെട്ടെന്ന് മറ്റൊരാൾക്ക് മനസ്സിലാക്കികൊടുക്കാൻ പറ്റില്ല. അതുപോലെ സാധാരണക്കാരിൽ ആത്മാവിന്റെ സ്ഫുരണം പ്രകടമല്ലാത്തതിനാൽ വാത്മീകി രാമനെ കഥാപാത്രമാക്കി. ഗാന്ധി, യേശു, നബി എല്ലാ മഹാത്മാക്കളും ഇതുപോലെത്തന്നെ.

കാർത്തിക ദീപത്തിനു മാത്രമല്ല. സാധാരണ ദിവസങ്ങളിൽ പോലും തിരുവണ്ണാമലയിലെ ദീപത്തിന് ചന്തം കൂടുതലാണ്. ക്ഷേത്രം പർവ്വതത്തിന്റെ അടിവാരത്തിലാണെന്നതും ഇവിടത്തെ പ്രത്യേകതയായി തോന്നി. അരുണാചലം സകലതിനും സാക്ഷിയായി നിൽക്കുന്നു.

ഈ പർവ്വതം ഒരിക്കലെങ്കിലും പ്രദക്ഷിണം ചെയ്യുന്നത് മോക്ഷദായകമാണെന്ന് വിശ്വാസികൾ കരുതുന്നു. അരുണാചലം ചുറ്റിവരുക എന്നത് എളുപ്പമല്ല. എന്നാൽ അതിനും ആധുനിക മനുഷ്യൻ എളുപ്പമാർഗ്ഗം കണ്ടുപിടിച്ചിരിക്കുന്നു. പർവ്വതം ചുറ്റിവരുവാൻ കുതിരവണ്ടികൾ കിട്ടും. ഞാൻ വിചാരിച്ചു. കുതിരവണ്ടിയിൽ അരുണാചലം ചുറ്റുന്നവരായിരിക്കുമോ ആ പാപം തീരാനായി പിന്നീട് കുതിരയായി ജനിക്കുക. അതേസമയം മിണ്ടാപ്രാണികളെ കഷ്ടപ്പെടുത്തി കുതിരവണ്ടിയിൽ അരുണാചലം ചുറ്റുന്നതിനോട് എനിക്ക് യോജിപ്പ് തോന്നിയില്ല.

വൈരാഗ്യഭാവത്തെ വർദ്ധിപ്പിക്കുവാൻ കുറുക്കുവഴികൾ ഇല്ലെന്നാണ് വാരിയരും പറ

ഞ്ഞത്. ആ ഭാവം നമ്മിൽ അങ്കുരിക്കുമ്പോൾ ശരീരത്തിന് ചുറ്റുമുള്ള പ്രകാശവലയം ശക്തമാകുമത്രേ. ഇതറിയാവുന്ന ഒരാൾ കബീർദാസിനെ കാണാൻ ചെന്നു. കബീർ ഒരു ശവസംസ്ക്കാര ചടങ്ങിൽ പങ്കെടുക്കുവാൻ പോയിരിക്കുകയായിരുന്നു. കബീറിനെ നേരിട്ട് കണ്ടിട്ടില്ലാത്ത അയാൾ പ്രകാശവലയം നോക്കി കബീറിനെ കണ്ടുപിടിക്കുവാൻ നിശ്ചയിച്ചു. എന്നാൽ അയാൾ അക്കാര്യത്തിൽ പരാജയപ്പെട്ടു എന്നുമാത്രമല്ല കൂട്ടത്തിൽ കബീർ ഏതാണെന്ന് തിരിച്ചറിയാനും കഴിഞ്ഞില്ല. ശ്മശാനത്തിലേക്ക് ശവം കൊണ്ടുപോകവെ വൈരാഗ്യഭാവം തോന്നിയ എല്ലാവരുടെ പ്രകാശവലയവും ശക്തമായിരുന്നു. പക്ഷേ, അതെല്ലാം ക്ഷണിക വൈരാഗ്യമായിരുന്നു. അയാൾ സ്വസ്ഥാനത്ത് മറ്റുള്ളവർ ശ്മശാനത്തിൽ നിന്നും മടങ്ങുവോളം കാത്തുനിന്നു. ശവസംസ്ക്കാരം കഴിഞ്ഞു മടങ്ങുമ്പോൾ കബീറിന്റെ മുഖം മാത്രം ശാശ്വത വൈരാഗ്യത്താൽ തിളങ്ങുന്നതായി കണ്ടുപിടിച്ചു.




അരുണാചലത്തിന്റെ മുകളിൽ തപസ്സിരിക്കുന്ന ധാരാളം മഹാത്മാക്കളുണ്ട്. ഇവരുടെ മഹത്വം മനസ്സിലാക്കി ആളുകളെ തിരിച്ചറിയുന്ന കാര്യത്തിൽ ഞാൻ പരാജയപ്പെടുകതന്നെ ചെയ്തു. ബൗദ്ധിക ശരീരത്തെ നോക്കി എന്തെങ്കിലും പ്രവചിക്കാനുള്ള പൂർണ്ണത നമുക്കില്ല. അതേ സമയം അരുണാചലം ഒരു വലിയ ജ്യോതിർലിംഗമായി മുന്നിൽ നിൽക്കുന്നു.

വൃത്തിഹീനമെങ്കിലും തിരുവണ്ണാമലയിൽ ചുറ്റിനടക്കാൻ രസമുണ്ട്. അരുണാചലത്തിൽ തപസ്സിരിക്കുന്ന പലരുമായും സംസാരിച്ചെങ്കിലും ആരും ഹൃദയത്തെ സ്പർശിച്ചില്ല. എന്നാൽ മേലാസകലം ഭസ്മം പൂശി പ്രതികൂല



കാലാവസ്ഥകളെപ്പോലും അവഗണിച്ച് പ്രാർത്ഥിക്കുന്ന അവർ എന്റെ അറിവുകൾക്കപ്പുറത്തായിരിക്കണം. വാരിയർ പറഞ്ഞു. ഒരാൾ ഒരിക്കൽ ഒരു നല്ല ഗുരുനാഥനെ അന്വേഷിച്ച് നടന്നുകൊണ്ടിരുന്നു. നാട്ടുകാരായ ചില കുസൃതികളുടെ വാക്കുകൾകേട്ട് അയാൾ ഒരു സന്യാസിയെ കാണാൻ ചെന്നു. ഗുരുവാകട്ടെ ശിവലിംഗത്തിൽ പാദങ്ങളൂന്നിയാണ് ഇരിക്കുന്നത്. ഒറ്റനോട്ടത്തിൽതന്നെ ഗുരുവിനെ വെറുത്ത അയാൾ തിരിഞ്ഞു നടക്കവേ ഗുരു മടക്കിവിളിച്ചു. ക്ഷുഭിതനായ ജിജ്ഞാസു തന്റെ ക്ഷോഭകാര്യം പറഞ്ഞപ്പോൾ ഗുരുപറയുന്നു. എന്റെ കാലുകൾ ദയവായി എടുത്തുമാറ്റി എന്നെ സഹായിക്കുക. അയാൾ ഗുരുവിന്റെ കാലുപൊക്കി നിലത്തിടാൻ ശ്രമിക്കവെ അദ്ദേഹം പറയുന്നു. എന്റെ കാലുകൾ ശിവക്തിയില്ലാത്ത സ്ഥാനത്ത് വെയ്ക്കണം.

എവിടെയാണ് ശിവശക്തി ഇല്ലാത്തത്. എല്ലായിടത്തും നിറഞ്ഞ ശിവശക്തിയെ അറിയാൻ തിരുവണ്ണാമലയിൽ പോകുന്നത് നല്ലതാണ്. അരുണഗിരിനാഥൻ നമുക്ക് ധാരാളം അറിവുകൾ തരുന്നുണ്ട്. അറിവ് ഒരിക്കലും വ്യാകരണങ്ങളല്ല. ചിലതൊക്കെ അറിയുന്നവൻ എന്ന വാശിപോലും നാം ഉപേക്ഷിച്ചേ പറ്റൂ. പാണിനി മഹർഷി മരത്തണലിൽ ഇരുന്ന് ശിഷ്യന്മാരോട് വ്യാകരണതത്വം പറയുകയായിരുന്നു. പിറകിൽ ഒരു പുലി വന്നുനിന്നു. ആ വിവരം ശിഷ്യന്മാർ വിളിച്ചു പറഞ്ഞപ്പോൾ ഭാഷാവ്യാകരണം തെറ്റിയതിൽ പാണിനി ഷുഭിതനായി. അതിനിടയിൽ പാണിനിയെ പുലി തിന്നുകയും ചെയ്തു.

തിരുവണ്ണാമലയിൽ ഞാനെന്റെ വ്യാകരണങ്ങൾ ഉപേക്ഷിക്കുന്നു. അർത്ഥങ്ങളന്യമായ യുക്തിചിന്തയ്ക്കൊന്നും ഇവിടെ സ്ഥാനമില്ല. അരുണഗിരിയിൽ പ്രകാശം തെളിയുന്നു. അരുണാചലം ദർശിക്കാൻ പറ്റിയ സമയം ഇതുതന്നെ. വെറ്റിലക്കൂട്ടി മുറുക്കിക്കൊണ്ട് നടക്കാൻ എന്ത് രസം. പൂർവ്വജന്മത്തിൽ എപ്പോഴെങ്കിലും അരുണാചലം ചുറ്റിക്കാണുമോ? എങ്കിൽ പ്രദക്ഷിണം ചെയതവന് പുനർജന്മ സാധ്യത ഉണ്ടാകുമോ?

തിരുവണ്ണാമലയെക്കുറിച്ചുള്ള ഐതിഹ്യത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ കൈതപ്പൂവിനെ അനുസ്മരിച്ചുപോകുന്നു. സുഗന്ധിയായ കൈതപ്പൂവിനെ ആരും പൂജയ്ക്കെടുക്കാറില്ലല്ലോ. ശിവന്റെ ശിരസ്സിലണിഞ്ഞിരുന്ന ഒരു പുഷ്പമാണ് കേതകി.

മഹാവിഷ്ണു നിത്യാനന്ദ പ്രാപ്തിക്കുവേണ്ടി ശ്വേത ദ്വീപിൽ ചെന്നു ബ്രഹ്മവിദ്യാസക്തനായി തപസ്സുതുടങ്ങി. സത്യയുഗത്തിലെ അതിഘോരമായ ഒരു തപസ്സായിരുന്നു അത്. ദേവീ ഭാഗവതത്തിലെ പഞ്ചമസ്കന്ധത്തിൽ ആ തപസ്സിനെക്കുറിച്ചു പറയുന്നുണ്ട്.

ഇതേ സമയം ബ്രഹ്മാവ് അതിമനോഹരമായ മറ്റൊരു സ്ഥലത്ത് ചെന്ന് മോഹശമനത്തിനായി തപസ്സാരംഭിച്ചു. വളരെക്കാലം ഇങ്ങനെ തപസ്സു ചെയ്ത ശേഷം അവർ ഇരുവരും വിശ്രമിക്കുന്നതിനായി എഴുന്നേറ്റു നടന്നുതുടങ്ങി. യാദൃശ്ചികമായി ബ്രഹ്മാവും വിഷ്ണുവും പരസ്പരം കണ്ടുമുട്ടുകയും ഇരുവരും സ്വന്തം മോഹത്തെക്കുറിച്ച് സംസാരിച്ച് തർക്കിക്കുകയും ചെയ്തു. ഈ ഘട്ടത്തിൽ രണ്ടുപേരുടെയും മദ്ധ്യേ ശിവൻ ലിംഗ രൂപത്തിൽ പ്രത്യക്ഷനായി. എന്റെ പാദമോ ശിരസ്സോ ആദ്യം കണ്ടെത്തുന്നവൻ കൂടുതൽ ശ്രേഷ്ഠനായി പ്രഖ്യാപിക്കുമെന്ന് ശിവൻ പറഞ്ഞു. അതനുസരിച്ച് വിഷ്ണു ശിവപാദം തേടി കീഴ്പ്പോട്ടും ബ്രഹ്മാവ് ശിവശിരസ്സുതേടി ഉയരങ്ങളിലേക്കും പുറപ്പെട്ടു.

വിഷ്ണു വളരെക്കാലം കീഴ്പ്പോട്ട് സഞ്ചരിച്ചിട്ടും ശിവപാദം കണ്ടെത്താനാകാതെ വിഷണ്ണനായി തിരിച്ചുവന്ന് പുറപ്പെട്ട സ്ഥാനത്ത് തന്നെ ഇരുന്നു. ബ്രഹ്മാവും അതിദൂരം മേൽപ്പോട്ടുപോയി. അപ്പോൾ ആകാശത്തുനിന്ന് ഒരു കൈതപ്പൂ കീഴോട്ട് വരുന്നതായി ബ്രഹ്മാവ് കണ്ടു. അദ്ദേഹം ആ പുഷ്പം കയ്യിലെടുത്തു. താൻ ശിരസ്സുകണ്ടുപിടിച്ചെന്നും അതിന് സാക്ഷിയായി ശിവന്റെ ശിരസ്സിൽ നിന്നു ഒരു കൈതപ്പൂ അടർത്തിയെടുത്തിട്ടുണ്ടെന്നുള്ള ഭാവത്തിൽ ബ്രഹ്മാവ് മഹാവിഷ്ണുവിന്റെ അരുകിലെത്തി. പക്ഷേ, വിഷ്ണു ആ പറഞ്ഞത് വിശ്വസിച്ചില്ല. വിഷ്ണു കൈതപ്പൂവിനോട് സാക്ഷി പറയുവാൻ ആവശ്യപ്പെട്ടു. കൈതപ്പൂവാകട്ടെ ബ്രഹ്മാവിന്റെ ഭാഗം ചേർന്ന് കള്ളസാക്ഷി പറയുകയും ചെയ്തു. കൈതപ്പൂവിന്റെ പൊളിവചനം കേട്ട് ശിവൻ കോപിഷ്ഠനായി ആ പുഷ്പത്തെ ശപിച്ചു. അന്നുമുതൽക്കാണത്രെ കേതകിക്ക് ഉത്തമ പുഷ്പങ്ങളുടെ കൂട്ടത്തിൽ സ്ഥാനമില്ലാത്തത്.

കാമോദ്ദീപക വസ്തുവാണ് കൈതപ്പൂ. അവൻ സൃഷ്ടികാരണനായ ബ്രഹ്മാവുമായിച്ചേർന്ന് കള്ളസാക്ഷി പറയുന്നതാണ് സഹസ്രാരപത്മത്തിലെ ആത്മാനുഭൂതി താൻ തന്നെയാണെന്ന് അവൻ കള്ളം പറയുന്നു. ശിവകോപത്തിന് കൈതപ്പൂ പാത്രീഭൂതനായതിൽ അത്ഭുതമില്ല. ആ കൈതപ്പൂവിനെക്കുറിച്ച് മാത്രമാണ് ഞാൻ തിരുവണ്ണാമലയിലൂടെ നടക്കുമ്പോൾ ആലോചിച്ചുകൊണ്ടിരുന്നത്. ●





കെ. ഗോപാലൻ മാസ്റ്റർ,
ആഴ്ചവട്ടം

# രാമായണ മാസം.

**നിത്യവും ശുദ്ധ ബുദ്ധ്യാഗുരുഭക്തി പൂ-**
**ണ്ടദ്ധ്യയനം ചെയ്കിലും മുദാകേൾക്കിലും**
**സിദ്ധിക്കുമെല്ലാമഭീഷ്ട മെന്നിങ്ങനെ**
**ബദ്ധമോദം പരമാർത്ഥമിതൊക്കവേ.**
**(അ: രാ: കിളിപ്പാട്ട്)**

ഭാരത സംസ്ക്കാരം രൂപംകൊണ്ടത് വേദാദി പുരാണേതിഹാസങ്ങളിൽ നിന്നാണ്. ലോകത്ത് മറ്റൊരിടത്തും ഇത്ര ബൃഹത്തായ സുഭാഷിതങ്ങൾ ഇല്ലതന്നെ. ലോകോത്തരമായ ഹൈന്ദവ സംസ്ക്കാരത്തിന്റെ പ്രതീകങ്ങളാണിവ. ഈശ്വരാവതാര സ്വരൂപന്മാരായ വാല്മീകി, വേദവ്യാസൻ തുടങ്ങിയ ഋഷിവര്യത്വത്താൽ അനുഗ്രഹീതമായ ഈ പുണ്യഭൂമി ലോകത്തിനു



വീണ്ടും രാമായണമാസം വരവായി. ക.ർക്കടകമാസത്തിൽ ഈ ആചാരത്തിന്റെ ലക്ഷ്യമെന്ത്? “രാമായണം” എന്ന പേരിൽത്തന്നെ ലക്ഷ്യവുമുണ്ട്.

**1. രാമ - അയനം**

ഓരോഘട്ടത്തിലും മനുഷ്യൻ ജീവിതത്തിൽ എങ്ങനെയാകണമെന്ന് ശ്രീരാമൻ പ്രവർത്തിച്ചുകാണിയ്ക്കുന്നു.

**2. രാ-മായണം**

മനുഷ്യ മനസ്സിലെ അന്ധകാരം (അജ്ഞത) നീങ്ങി അിറവുണ്ടാകണം.

**3. രാഗങ്ങൾ മായണം.**

നമ്മുടെ മനസ്സിനെ മലീമസമാക്കുന്ന കാമ ക്രോധാദിദോഷങ്ങളെ അകറ്റി പരിശുദ്ധമാക്കുന്നു.

ഈ വിധം ഉൽകൃഷ്ടങ്ങളായ ലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്നതാണ് ആദികാവ്യമായ വാല്മീകീ രാമായണമെന്ന ഈ ഇതിഹാസം. ഈ രാമായണപാരായണവും പ്രവചനവും കർക്കടകത്തിൽ മാത്രമായതെന്തേ? ശരിക്കും ദൈനംദിനം പാരായണം ചെയ്യേണ്ടതും പഠിക്കേണ്ടതുമാണ്.



മാതൃക തന്നെയാണ്. ഈ ഋഷിമാരാൽ ആചരിക്കപ്പെട്ടതും നിർദ്ദേശിക്കപ്പെട്ടതുമായ ഒന്നാണ് ചാതുർമ്മാസ്യവ്രതം . ഇന്നും പുരിശങ്കരാചാര്യന്മാർ ഈ വ്രതം അനുഷ്ഠിച്ചുവരുന്നു.


സുഗ്രീവനോട് അദ്ധ്യാത്മരാമായണത്തിൽ രാമൻ പറയുന്നു.

**അദ്രിശിഖരേ വസിക്കുന്നതുണ്ടു ഞാൻ**
**അദ്യ പ്രഭൃതി ചാതുർമ്മാസ്യമാകുലാൽ**

വരാഹ പുരാണത്തിലും ചാതുർമ്മാസ്യത്തെ പറയുന്നു. മിഥുനമാസം മദ്ധ്യം മുതൽ ചാതുർമ്മാസ്യം തുടങ്ങുന്നു. കന്നി മാസം മദ്ധ്യം വരെ ഈ നാലുമാസക്കാലമാണ് ഈ പുണ്യവ്രതം ആചരിക്കുന്നത്. ഇക്കാലയളവിലാണ് പകർച്ചവ്യാധികളും ദുരിതങ്ങളും അനുഭവപ്പെടുന്നത്. ഇവയ്ക്കു കാരണമായ രോഗാണുക്കളെ ഉച്ചാടനം ചെയ്യാൻ നാമജപത്തിനുകഴിയുമെന്നാണ് അഭിജ്ഞമതം. അതനുസരിച്ച് കർക്കടകം മുതൽ രാമനാമം, കൃഷ്ണനാമം, ദേവീ ചരിതം ഇവയാൽ ഭജനം ചെയ്യേണ്ടതാണ്. പുരാണേതിഹാസപാരായണം ഒരു മാർഗ്ഗമാകുന്നു. ഇവയിൽ പരമമുഖ്യം രാമായണം തന്നെ. അത് സർവ്വധർമ്മ ശാസ്ത്രവുമാണ്. ധർമ്മാധർമ്മങ്ങളെ സുവ്യക്തമായും അതിൽ പ്രതിപാദിക്കുന്നു.



| | | |
|---|---|---|
| ഗുരു ധർമ്മം | സഹോദര ധർമ്മം | മിത്ര ധർമ്മം |
| ശിഷ്യ ധർമ്മം | ഭർത്തൃ ധർമ്മം | യുദ്ധ ധർമ്മം |
| പിതൃധർമ്മം | ഭാര്യാ ധർമ്മം | നാമജപമഹിമ |
| മാതൃധർമ്മം | രാജ ധർമ്മം | കർമ്മഫലം |
| പുത്രധർമ്മം | പ്രജാധർമ്മം | പാതിവ്രത്യമഹിമ |
| ജ്യേഷ്ഠ ധർമ്മം | ശത്രുധർമ്മം | പിതൃഭക്തി |



ഈ വിധം പറഞ്ഞാൽ ഏറെയുണ്ട്. ഇതെല്ലാം നമുക്ക് ഉൾക്കൊള്ളണമെങ്കിൽ മാതൃഭാഷയിലുള്ള തുഞ്ചത്തെഴുത്തച്ഛന്റെ അദ്ധ്യാത്മ രാമായണം കിളിപ്പാട്ട് കേൾക്കണം, പഠിക്കണം. മലയാള ഭാഷയിൽ ഇതിനുപരി ഒരു ആദ്ധ്യാത്മിക ഗ്രന്ഥമില്ലതന്നെ. സാക്ഷാൽ പരമശിവൻ പാർവ്വതി ദേവിക്കായിട്ട് ഉപദേശിച്ചതായിട്ടാണു തുടക്കമെന്നതിനാൽ ഇതിന്റെ മഹത്വം എത്രയെന്നു പറയേണ്ടല്ലോ. ഈ പുണ്യരാമമായ ധർമ്മശാസ്ത്രം കേൾക്കുകയും പഠിക്കുകയും ചെയ്താൽ പോരാ, അതിലെ സാരാംശങ്ങളും ഉപദേശങ്ങളും കഴിവതും ജീവിതത്തിൽ ആചരിക്കുകയും വേണം. അല്ലെങ്കിൽ കുടം കമഴ്ത്തിവെച്ച് വെള്ളം ഒഴിക്കുന്നതിനു സമമത്രേ.


സാക്ഷാൽ കപാലേശ്വരൻ ദേവിയോടായിട്ട്

**ആദ്ധ്യാത്മ രാമായണമെന്നു പേരിതിന്നിദ-**
**മദ്ധ്യയനം ചെയ്യുന്നോർക്കദ്ധ്യാത്മ ജ്ഞാനമുണ്ടാം**
**ഭക്തിയും വർദ്ധിച്ചീടും മുക്തിയും സിദ്ധിച്ചീടും**
**എത്രയും രഹസ്യമിതെങ്കിലോ കേട്ടാലും നീ-**

●

**ലേഖനം**

# മൃഗരാജാവിനുള്ള കാത്തിരിപ്പ് മദ്ധ്യപ്രദേശിന് പ്രതീക്ഷ



വിനോദ്കുമാർ ദാമോദർ



**താമരശ്ശേരിയിൽ സിംഹസഫാരി തുടങ്ങുവാനുള്ള കേരളത്തിന്റെ അപേക്ഷ കേന്ദ്ര സൂ അതോറിറ്റി തള്ളി.**

വർഷങ്ങളായി വന്യജീവിസ്നേഹികൾ ആഗ്രഹിച്ചുകൊണ്ടിരുന്ന ഒരു കാര്യമാണ് മൃഗരാജാവായ സിംഹത്തിന് മറ്റൊരു താവളം ഒരുക്കുക. എന്നാൽ എല്ലാ കാര്യത്തിലെന്നപോലെ ഈ കാര്യത്തിലും രാഷ്ട്രീയം കടന്നുകയറി. മദ്ധ്യപ്രദേശിലെ കുൻഹോ വന്യജീവി സങ്കേതം മൃഗരാജാവായ സിംഹങ്ങൾ വരുന്നത് കാത്തു വർഷങ്ങളായി ഒരുങ്ങി നിൽക്കുമ്പോൾ ഗുജറാത്ത് സർക്കാറിന്റെ പ്രഖ്യാപനമുണ്ടായി. സിംഹങ്ങൾ തങ്ങളുടെ മാത്രം അവകാശപ്പെട്ട മൃഗമാണെന്നും അത് വനാന്തരീക്ഷത്തിൽ ഗുജറാത്തിലേ ഗീർവനത്തിൽ മാത്രം നിലനിർത്തുമെന്നും.

ഏഷ്യാട്ടിക്ക് സിംഹങ്ങൾ ഇന്നുകാണപ്പെടുന്ന വനാന്തരീക്ഷത്തിലേ ഒരേയൊരു പ്രദേശമായ ഗീർവനത്തിൽ സംഭവിച്ചേക്കാവുന്ന ഏതെങ്കിലും ഒരു പകർച്ചവ്യാധി മതി അവിടത്തേ വംശത്തെ മുഴുവൻ ഇല്ലാതാക്കാൻ. അത് കൊണ്ട് തന്നെ മദ്ധ്യപ്രദേശിലെ പുൽ പ്രദേശവനമായ കുൻഹോ സിംഹങ്ങൾക്ക് യോജിച്ച തരത്തിൽ ഒരുങ്ങിവരുകയായിരുന്നു. ഇത് സംബന്ധമായ കാര്യങ്ങൾ സുപ്രീം കോടതിയുടെ പരിഗണനയ്ക്ക് വിട്ടു കൊട്ടുകൊടുക്കുകയായിരുന്നു പിന്നീടുണ്ടായത്. കഴിഞ്ഞ ദിവസം ഉന്നത കോടതി ഇന്ത്യയുടെ മൃഗരാജാവായ സിംഹത്തിൽ കുറച്ചെണ്ണത്തിനെ മദ്ധ്യപ്രദേശിന് വേണ്ടി കുൻഹോ വനത്തിലേയ്ക്ക് വിട്ടുകൊടുക്കുവാൻ ഉത്തരവായി. ഇതൊരു വഴിതിരിവുള്ള നിർദ്ദേശമായി വന്യജിവിസ്നേഹികൾ പറഞ്ഞു.

ഗുജറാത്തിലെ ഗീർ വനമേഖലയിൽ 1500 ചതുരശ്ര കിലോമീറ്റർ മേഖലയിലെ സിംഹങ്ങളുടെ എണ്ണം ഇന്ന് മുന്നൂറിലധികമായി വർദ്ധിച്ചത് അവ വനമേഖല കഴിഞ്ഞ് നാട്ടിൻപുറങ്ങളിലേക്കും ഇറങ്ങാൻ കാരണമായിരിക്കുകയാണ്. ഇത് വളരെ അപകടകരമായ ഒരു സ്ഥിതിയാണ്. മാത്രവുമല്ല ഗീർവനങ്ങളിലേ സിംഹങ്ങൾ തന്നെ ഇപ്പോൾ വനത്തിനെകത്തേ വർദ്ധിച്ചുവരുന്ന ജനസംഖ്യയും വനവാസികളുടെ എണ്ണവും കാരണം ബുദ്ധിമുട്ടിലാണ്. ഇതിൽ പ്രധാനമായ ഒരുകൂട്ടം വനവാസികളായിരുന്നു നൂറ്റാണ്ടുകൾക്ക് മുമ്പ് ഇവിടെ അന്നത്തേ നവാബ് രാജകുടുംബം അടിമപണിയ്ക്കായി കൊണ്ടുവന്ന ആഫ്രിക്കക്കാർ.

ഇവർ വനത്തിനകത്ത് വേട്ടയും മറ്റുമായി കഴിഞ്ഞിരുന്നവരായിരുന്നു. എന്നാൽ ഗീർവനത്തിനകത്തേ ശക്തമായ സുരക്ഷ നിയമങ്ങൾ വന്നതോടെ ഇവർ അധികവും ജോലിയും മറ്റും തേടി വനത്തിന് പുറത്ത്പോയി. ഇപ്പോൾ കുറച്ച് പേരവശേഷിക്കുന്നു.

എന്നാൽ ഗീർവനത്തിനകത്തേ പശുവളർത്തുകാരായ മൽദാരീസ് സിംഹങ്ങൾക്ക് ഭീഷണിയാണ്. ഇവരുടെ എണ്ണം വർദ്ധിക്കുന്നതോടൊപ്പം ഇവരുടെ പശുക്കളുടെ എണ്ണവും വർദ്ധിക്കുന്നു. ഈ കാരണങ്ങൾ കൊണ്ട് തന്നെ മറ്റൊരു താവളം മൃഗരാജാവിന് അത്യന്താപേക്ഷിതമായി വരുകയാണെന്ന് പ്രസിദ്ധ വന്യജീവിസ്നേഹ സംഘടനകൾ പലവട്ടവും ഗുജറാത്ത് സർക്കാറിനോടാവശ്യപ്പെടുകയുണ്ടായി.

ഗുജറാത്ത് സർക്കാറിന്റെ പ്രധാന ടൂറിസ്റ്റ് ആകർഷണമായ മൃഗരാജാവിനേ മറ്റു സംസ്ഥാനത്തേക്ക് വിട്ട്കൊടുക്കുവാൻ താൽപ്പര്യമില്ലാത്ത സർക്കാറിനി



കുന്ഹോ വനങ്ങളിൽ 15 വർഷമായി സിംഹങ്ങൾക്കുവേണ്ടി വളർത്തിക്കൊണ്ടുവന്ന ഇര

പ്പോൾ നിവർത്തിയില്ലാതെ വന്നിരിക്കുകയാണ്. ഈ വാദം ശരിവെയ്ക്കാൻ പലവിധത്തിലുള്ള ന്യായങ്ങളും ഗുജറാത്ത് നിരത്തിയിരുന്നു.

അതായത് വടക്കേ ഇന്ത്യയിൽ പലവനങ്ങളിലും കണ്ടുവന്നിരുന്ന സിംഹങ്ങൾ എവിടെയും ദേശീയ മൃഗമായ കടുവകളുള്ള വനങ്ങളിൽ കണ്ടിട്ടില്ലായിരുന്നുവെന്നുള്ളതാണ് ആദ്യമായുള്ള വാദം. മദ്ധ്യപ്രദേശിലെ കുന്ഹോ വനത്തിൽ കടുവകളുണ്ടെന്നുള്ളതാണ് ഗുജറാത്ത് സംസ്ഥാനം സിംഹങ്ങളുടെ പുതിയതാവളത്തെ എതിർക്കുവാനുണ്ടാക്കിയ ഒരു വാദം.

കൂടാതെ വനസംസ്ഥാനം എന്നറിയപ്പെടുന്ന മദ്ധ്യപ്രദേശിന് തങ്ങളുടെ പലവനങ്ങളിൽ നിന്നും കടുവകൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണെന്നും ഈ സാഹചര്യത്തിൽ സിംഹങ്ങളേ സംരക്ഷിക്കുവാൻ അവർക്ക് കഴിയില്ലയെന്നുള്ള വാദവും അവർ ഉയർത്തിയിരുന്നു.

ഇതും കൂടാതെ ഗീർമേഖലയിലെ സംരക്ഷണ പ്രദേശങ്ങളുടെ വിസ്തീർണ്ണം വർദ്ധിപ്പിയ്ക്കുവാൻ ശ്രമങ്ങൾ വേഗത്തിൽ നടക്കുന്നുണ്ടെന്നും അതിനാൽ മറ്റൊരു സിംഹവനം ആവശ്യമില്ലെന്നും ഗുജറാത്ത് വാദിച്ചിരുന്നു.

എന്നാൽ വടക്കേ ഇന്ത്യയിലെ പല വനങ്ങളിലും ഒരുകാലത്ത് കണ്ടിരുന്ന സിംഹങ്ങൾ ഗുജറാത്തിന്റേത് മാത്രമാണെന്ന വാദം അംഗീകരിക്കാനാവില്ലയെന്ന് പ്രമുഖ വന്യജീവി സ്നേഹ സംഘടനകൾ വാദിക്കുന്നത്.



അവയുടെ സുരക്ഷ കണക്കിലെടുത്ത് കുറച്ചെണ്ണത്തിനേ മറ്റൊരു സംസ്ഥാനത്തേയ്ക്ക് മാറ്റാൻ അനുവദിക്കില്ലയെന്ന ഗുജറാത്ത് സംസ്ഥാനത്തിന്റെ വാദം അംഗീകരിയ്ക്കാൻ പറ്റില്ലയെന്ന് വന്യജീവി സംഘടനകളും പ്രതികരിച്ചു. വന്യജീവികൾ രാജ്യത്തിന്റെ സ്വത്താണ്. ഒരു സംസ്ഥാനത്തിന്റെയും സ്വത്തല്ലയെന്നും വന്യജീവി സംഘടനകൾ വ്യക്തമാക്കി. എന്നാൽ ഗുജറാത്ത് ഇവയൊന്നും ചെവികൊണ്ടില്ല. മദ്ധ്യപ്രദേശിലേ കുന്ഹോ വന്യജീവിസങ്കേതം സംസ്ഥാനത്തേ മറ്റു വന്യജീവിസങ്കേതങ്ങളിൽ നിന്നും വളരെ വ്യത്യാസമായി പുൽപ്രദേശങ്ങൾ നിറഞ്ഞ് സിംഹങ്ങളുടെ വാസത്തിനും സ്വഭാവത്തിനും യോജിച്ച്, ഓടിച്ച് ഇരകളേ പിടിയ്ക്കുവാൻ പറ്റിയ വനമേഖലകളാണ്. അത് മാത്രവുമല്ല. ചെറു ഇരകൾ കുറഞ്ഞ മേഖലയായതിനാൽ അതിനെ വളർത്തി വലുതാക്കാൻ വർഷങ്ങളുടെ ശ്രമങ്ങൾ നടന്നുവരികയുമായിരുന്നു. സിംഹവനമാക്കുവാൻ അധികാരികൾ കുന്ഹോ വനമേഖലയിലേ വളരെയധികം ഗ്രാമങ്ങൾ അവിടെനിന്നും പുനരധിവാസിപ്പിച്ചു. വർഷങ്ങളായി സിംഹങ്ങളെ കാത്തുകിടക്കുന്ന കുന്ഹോയുടെ ഒരു ഭാഗത്ത് കടുവകളും ധാരാളമുണ്ട്.

എന്നാൽ വർഷങ്ങൾക്ക് മുമ്പ് ഇവിടെ സിംഹങ്ങളുണ്ടായിരുന്നുവെന്നതാണ് നിഗമനം.

1950കളിൽ കുറച്ച് സിംഹങ്ങളെ ഉത്തർപ്രദേശിലെ ഒരു സംരക്ഷിതമേഖലയിലേക്ക് ഗീർവനത്തിൽ നിന്നും മാറ്റിയെങ്കിലും ഗ്രാമീണരുമായുള്ള ഏറ്റുമുട്ടലിൽ ഒന്നും തന്നെ ബാക്കിയായിട്ടില്ല.

ഗീർവനം കഴിഞ്ഞാൽ പിന്നെ സിംഹങ്ങൾ ഇന്ന് കണ്ടുവരുന്നത് വനം കണക്കേ നിർമ്മിക്കപ്പെട്ട സഫാരിയെന്നറിയപ്പെടുന്ന കാഴ്ച ബംഗ്ലാവുകളിലാണ്. ഇത്തരത്തിലുള്ള സഫാരികൾ ഇന്ന് ഇന്ത്യയുടെ പലഭാഗത്തും ഉണ്ട്. തിരുവനന്തപുരത്തിനടുത്ത് നെയ്യാറിലും ഇത്തരത്തിലൊരു സഫാരിയുണ്ട്. ഇവയൊക്കെ തന്നെ ഭക്ഷണം നൽകി വളർത്തപെടുന്നവയാകയാൽ വനമേഖലയിൽ ജീവിക്കുവാൻ കഴിവുള്ളവയല്ല.

കോഴിക്കോട് ജില്ലയിലെ താമരശ്ശേരിയിൽ ഒരു സിംഹസഫാരി തുടങ്ങുവാൻ സംസ്ഥാന വനംവകുപ്പ് കാഴ്ച ബംഗ്ലാവുകളെ നിയന്ത്രിക്കുന്ന കേന്ദ്ര സൂ അതോറിറ്റി (CZA) യെ സമീപിച്ചെങ്കിലും സമ്മതപത്രം ലഭിക്കാതെ അപേക്ഷ തള്ളുകയാണുണ്ടായത്. സഫാരി തുടങ്ങുവാനുള്ള സ്ഥലകുറവാണ് അപേക്ഷ തള്ളുവാനുള്ള കാരണമായി ചൂണ്ടികാണിക്കപ്പെട്ടത്.

(CZA) കേന്ദ്ര സൂ അതോറിറ്റി ശക്തമായ നിയമങ്ങൾ വെച്ചതോടെ സഫാരികൾക്കും കാഴ്ച ബംഗ്ലാവുകൾക്കും സിംഹങ്ങളെ വളർത്തുന്നതിനും നിയന്ത്രണങ്ങൾ പലതാണ്.

ഗുജറാത്ത് സർക്കാർ സിംഹങ്ങളെ കൈവിട്ട്തരില്ലയെന്ന് ഉറപ്പായതോടെ ഒരു ഘട്ടത്തിൽ ആഫ്രിക്കയിൽ നിന്നും സിംഹങ്ങളെ കൊണ്ട്വരാമെന്ന് കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയം ആലോചിച്ചിരുന്നു. ഗുജറാത്തിൽ കടുവകളില്ലാത്തതിനാൽ അവർക്ക് കടുവകളെ നൽകാമെന്ന വാഗ്ദാനവും അവർ നിരസിച്ചപ്പോഴാണ് ഈ തീരുമാനത്തിലെത്തിയത്.


ഒരു കാലത്ത് 5000 ചതുരശ്ര കിലോമീറ്റർ ഉണ്ടായിരുന്ന ജാനഖഡ് ജില്ലയിലേ ഗീർവനത്തിൽ വെറും ഇരുപത്തിയഞ്ചു സിംഹങ്ങളായിരുന്ന കാലത്ത് അന്നത്തേ നവാബ് രാജാക്കന്മാരാണ് ഈ വനങ്ങൾ സൂ രക്ഷാമേഖലയായി പ്രഖ്യാപിച്ചതെങ്കിലും വനത്തിന് ചുറ്റുമുള്ള ജനസംഖ്യ വർദ്ധിച്ചതോടെ ഗീർവനത്തിന്റെ വിസ്തൃതി 1500 ചതു. കിലോമീറ്ററിന്റെ അടുത്തായികുറഞ്ഞു. കൂടാതെ പുൽപ്രദേശങ്ങൾ നിറഞ്ഞു വരണ്ടുകിടക്കുന്ന വനമായതിനാൽ പലപ്പോഴും കാട്ടുതീയും മറ്റും കാരണം കിലോമീറ്ററുകളോളം വനം നശിയ്ക്കാൻ ഇടയായി. ഇതെല്ലാം തന്നെ ഇവിടെ വൻ ഭീഷണിയായി സിംഹങ്ങളുടെ നിലമാറി.

അതുകൊണ്ടുതന്നെ ഇപ്പോഴത്തെ ഉത്തരവ് എന്ത് കൊണ്ടും മൃഗരാജാവിന് ഗുണംതന്നെ.

●

കഥ

# നുണകഥയിലെ മാരൻ



യു.എ. ഖാദർ



കറുത്ത് കനത്ത കർക്കിടക മഴ ഇങ്ങനെ കാറ്റും പിശറുമായി കോരിപ്പാറ്റുന്ന ഒരു ദിവസം, അതും മൂടിക്കെട്ടിയ അന്തിക്കുജക്കുരുപ്പു നേരത്ത്, തൊട്ടാൽ തൊട്ടേടം ഇളം ചൂടാലെയൊട്ടുന്ന തരം തണ്ടും തടിയും മിനുപ്പും കൊഴുപ്പുമൊത്ത സകലതും തെകഞ്ഞ പെണ്ണൊരുത്തി, വെച്ചുണ്ടുറങ്ങിപ്പാർക്കുന്ന ഓലാചാളയിലേക്ക് കണ്ണും ചിപ്രയുമില്ലാത്ത ഒരു അന്തംകെട്ടവനെപ്പോലെ താമു നമ്പിടിയായ ഉണ്ണിക്കോരു മൂപ്പർ കയറിച്ചെന്ന് വേണ്ടാതീനം കാണിയ്ക്കുമോ? പറശ്ശിനികടവ് മുത്തപ്പനാണേ സത്യം അങ്ങനെയൊരു അത്യാഹിതം ഉണ്ടായിരിക്കയില്ല. പെണ്ണും പിള്ള തൊള്ളയിൽ തോന്നിയത് വിളിച്ചു കൂവുകയാവും. അവൾക്കെന്ത് ചേരും. നാട്ടിൽ വേണ്ടപ്പെട്ടവരെക്കുറിച്ച് പുക്കാറത്തുകൾ പറഞ്ഞുണ്ടാക്കിപ്പെരുപ്പിച്ചാൽ പെണ്ണിന്റെ കോന്തല അഴിഞ്ഞുവീഴുകയില്ലല്ലോ. ചെത്തി കാക്കകൾക്കും പരുന്തിനും എറിഞ്ഞുകൊടുക്കാൻ ഇത് പണ്ടത്തെ കാലവും മല്ലല്ലോ. ഇമ്മാതിരി വല്ലാവചനങ്ങൾക്ക് കാതോർക്കാൻ നിന്നാൽ കേൾക്കുന്നവരുടെ മേലുടിമ്പിക്കുമായിരിക്കാം. മുക്കുവത്തിക്ക് അവളുടെ ചന്തിയും കുലുക്കി മാറും മുലയും ഒന്നുകൂടി തുളുമ്പിച്ച്! കൺമുമ്പിൽ ഇരമ്പി മറിയുന്ന തിരച്ചാർത്തിലേക്ക് കാർക്കിച്ചു തുപ്പി ഞാനൊന്നും പറഞ്ഞില്ലേയെന്ന് മിണ്ടിമൊഴിഞ്ഞ് മാമാതം കാണിച്ച് കടന്നുപോകാം. ബാക്കിനുള്ള് നുറുക്ക് നുരുമ്പിരിയായിരങ്ങൾ താനേപുകഞ്ഞ് പുകഞ്ഞ് പടർന്നാളിക്കൊള്ളും. അതാണല്ലോ നാട്ടുനടപ്പ്. നാട്ടുനടപ്പുകൾക്ക് നമ്പിടിയാണന്നോ, നമ്പോലനാണന്നോ ഒന്നും നോക്കേണ്ടതുമില്ല.

മുക്കുവത്തി പറഞ്ഞുണ്ടാ ക്കിയ പെരുമഴയത്തെ പൊരുത്തക്കേടിന്റെ കഥ പിന്നീട് പടർന്നാളിയത് മറ്റൊരു രൂപത്തിലാണ്. ചെറ്റവാതിൽ ഉന്തി തുറന്ന് ആരോരുമില്ലാത്ത നേരത്ത് അകത്തേക്ക് കയറിവന്നത്, നാഴികക്ക് നൂറുവട്ടം അകത്തേക്ക് സേവിപ്പാനുള്ളതും പുറമേക്ക് പുരട്ടാനുള്ളതുമായ കഷായത്തിന്റേയും ലേഹ്യാദികളുടെയും എണ്ണയുടെയും കുഴമ്പിന്റേയും പട്ടിക നീട്ടിപ്പറഞ്ഞ് കാസാലാസം വലിക്കുന്ന താമു നമ്പിടി ഉണ്ണിക്കോരു മൂപ്പരായിരുന്നില്ലത്രേ. തറവാട്ടിലെ ചൂരൽ കസേരയിൽ ചാഞ്ഞിരുന്നു കാൽമുട്ടിൽ കൊട്ടൻ ചുക്കാദി തൈലം തിരുമ്മിപ്പിടിപ്പിക്കുന്ന നേരത്ത് പാർവ്വതിയമ്മയോടു പറയുന്നു ഈ വക പായ്യാരങ്ങൾ കേൾക്കാൻ ചൊട്ടിയാൽ ചോരചീറ്റുന്ന ചൂരും ചുണയും ചുരത്ത് ഉറയുന്ന മുക്കുവത്തി ദമയന്തിപ്പെണ്ണിനെവിടെ നേരവും കാലവും. ചെറ്റവാതിൽ തള്ളിത്തുറന്നതും കുത്തുചിമ്മിനിവിളക്കിന്റെ നാളത്തിലേക്ക് കണ്ണും നട്ട് ചാഞ്ഞു കിടക്കുന്നവളെ അപ്പാടെയണച്ചുപൂട്ടി അവളുടെ ചുണ്ടത്തും മാറത്തും തുരുതുരാ ഉമ്മവെച്ചതും ചന്ദനവും വിസ്ക്കിയും മണക്കുന്ന ഒരാളായിരുന്നു. പെണ്ണിനെ കാണാത്തവന്റെ ആക്രാന്തം കാട്ടിക്കൂട്ടുന്നവന്റെ മുഖത്തേക്കൊന്ന് നോക്കാനോ, ആളാരാണെന്ന് മനസ്സിലാക്കാനോ ഒട്ടും ഇടനൽകാത്തവന്റെ കടിച്ചുതിന്നു കുടഞ്ഞെറിയുന്ന സ്വഭാവവും അവന്റെ എടീ പോടീയെന്ന മുരൾച്ചകളും അന്നേരം നന്നായി തോന്നുകയും ചെയ്തു. പുറത്ത് മഴ തിമർത്തു പെയ്യുന്നുണ്ട്. തൊട്ടപ്പുറത്തെ മണൽപ്പരപ്പിനെ കാർന്ന്മാന്തി അമറുകയാണ് കടൽതിരകൾ. തൊട്ടരിലെ ജ്വലിച്ചിരുന്ന മുട്ടവിളക്കിലെ തിരിനാളങ്ങൾ അവളുടെ എല്ലാം അഴിഞ്ഞുലഞ്ഞു ഉടലിലാകെ പൊൻതരികൾ വിതറി. അതവൻ നക്കിമിനുക്കുകയോ കോരിക്കുടിയ്ക്കുകയോ തേമ്പി തെറിപ്പിക്കുകയോ ഒക്കെ ചെയ്യുന്നതിനിടയിൽ അവൾക്ക് ആൾ ആരാണെന്നതോ ഏതാണെന്നോ തിട്ടപ്പെടുത്താനായില്ല. അതാരുടെ കുറ്റം? ചെല്ലും ചെലവും കൊടുത്ത് അവളെ പെണ്ണായ പൊന്നായി പരിപാലിച്ചുപോറ്റുന്ന ഉടമസ്ഥൻ കാനായിക്കാട്ടെ കുഞ്ഞിക്കണ്ണൻ കാറ്റും പിശറും ഒന്നടങ്ങിയ ശേഷം, മഴയൊന്ന് തോർന്നനേരം, കടപ്പുറം ഭാഗത്തേക്ക് ആൾസഞ്ചാരമൊക്കെയൊന്നടങ്ങിയ സമാധാനത്തിൽ, പെണ്ണിനേയും കെട്ടിപ്പിടിച്ച് കർക്കിടകത്തിലെ ഒരു രാത്രി മുഴുവനും കുശാലാടാമെന്ന മോഹത്തോടെ, ചെറ്റയ്ക്കകത്ത് അവൾ വിരിച്ചൊരുക്കിയ മെത്തപ്പായയിൽ പെണ്ണിനേയും പൊത്തിപ്പിടിച്ച് ഉടലോടെ സ്വാർഗ്ഗാരോഹണം ചെയ്യാമെന്ന ആർത്തിയോടെ, കുളി

ചൊരുങ്ങി മേലാസകലം വാസന തൈലം വാരിപൂശി പുറപ്പെട്ടതായിരുന്നു കാനായിക്കാട്ടേ കുഞ്ഞിക്കണ്ണൻ. എന്നും ഇതു പതിവില്ല. എന്നെങ്കിലും തോന്നുന്ന ഒരു രാത്രിയിൽ മാത്രമേ രാത്രി സവാരിയ്ക്കിറങ്ങാറുള്ളൂ. അന്നുതന്നേയും പെണ്ണ് വല്ലാതെ മനസ്സിൽക്കിടന്ന് അവളുടെ മര്യാട്ട കൊയേലുകൾ കാണിയ്ക്കുന്ന അവസരങ്ങളിൽ ഉടലാകെയുരഞ്ഞിട്ട് പെണ്ണ് മാമാതം കാട്ടി ചിരിച്ചു കുഴയുന്ന രൂപം ഉണ്ണുന്ന നേരത്തും ഉറങ്ങുന്ന നേരത്തും ഉറച്ചിലാരംഭിച്ചാൽ കുഞ്ഞിക്കണ്ണന് പിന്നെയൊരു രാത്രി മതികെട്ടുറങ്ങണമെങ്കിൽ പെണ്ണിനേ കണ്ടേ തീരു എന്നു ആവുമ്പോഴാണ് പുറപ്പെടാറുള്ളു. അവളെ കടപ്പുറം ഭാഗത്തെ ചാളയിൽ ഒറ്റയ്ക്കിങ്ങനെ പാർപ്പിക്കുന്നത് തന്നെ എപ്പോൾ ചെന്നു തട്ടിവിളിച്ചാലും ആ ചെറ്റവാതിൽ തുറന്നുതരുമെന്നുറപ്പുള്ളതുകൊണ്ടാണ്. പള്ളൂരിലെ മുക്കുവന്റെയൊപ്പം കഴിഞ്ഞുകൂടിയ പെണ്ണിനെ ചാട്ടക്കുട്ടിച്ചാത്തൻ തെറക്കെട്ടിയെഴുന്നള്ളത്ത് കാണാൻ ചെന്ന അന്നാണാദ്യം കാണുന്നത്. പന്തപൊലിമയിൽ നിറഞ്ഞുതുളുമ്പി പെണ്ണിങ്ങനെ വിലസുന്നത് കണ്ടപ്പോൾ സഹിച്ചില്ല. ആൾക്കൂട്ടത്തിനിടയിലൂടെ നുഴഞ്ഞുകയറി പെണ്ണിന്റെയടുത്തെത്തി അവളുടെ കൈയ്ക്കു കയറി പിടിച്ചു. അത്രതന്നെ. അതൊക്കെ പണ്ടത്തെ ഉശിരിന്റെ ഉന്മാദം തുളുമ്പിയ കഥകൾ. കൈതണ്ടയിൽ പിടിച്ച പിടി പിന്നെ വിട്ടില്ല. അവൾ എല്ലാം ഇട്ടെറിഞ്ഞാണ് കൂടെ പോന്നത്. എന്ന് പിന്നീടവൾ എത്രയോവട്ടം പറയുന്നത് കേട്ടിട്ടുണ്ട്. എന്തൊരു മുറുക്കായിരുന്നു ആ പിടുത്തത്തിന് എന്നവൾ അത്ഭുതപ്പെട്ടു. എന്തൊരു ഊക്കായിരുന്നു ആ പിടിവലിയ്ക്ക് എന്നും അവൾ പറഞ്ഞിട്ടുണ്ട്. പള്ളൂരിലെ വർത്തമാനങ്ങളൊന്നും പിന്നീടറിഞ്ഞതേയില്ല. ചാട്ടക്കുട്ടിച്ചാത്തൻ തെറകെട്ടിയാടുന്ന മുന്നൂറാൻ താണുട്ടിയുടെ വീരശൂര പരാക്രമങ്ങളൊന്നും കേൾക്കാനോ കാണാനോ പിന്നീടാ ഭാഗത്തേക്ക് ചെന്നതുമില്ല. കാനായിക്കോട്ടെ കുഞ്ഞിക്കണ്ണന്റെ കടപ്പുറം ഭാഗത്തെ പറമ്പിൽ അവൾക്ക് പാർക്കാൻ നല്ലൊരു ചെറ്റപ്പുര വെച്ചുകെട്ടിക്കൊടുത്തു. അങ്ങാടിയിൽ അവൾക്കാവശ്യമുള്ളതൊക്കെ



പറ്റുകണക്കിൽ വാങ്ങികൊൾവാൻ മമ്മദ് മാപ്പിളയുടെ മസാലപ്പീടികയിൽ ഏർപ്പാടാക്കുകയും ചെയ്തു. ഇളം ഉച്ച നേരത്ത് വായക്ക് രുചിയുള്ള ഇറച്ചിയും പത്തിരിയും വയറുനിറയെ തിന്നാനായി ചാത്തുക്കുട്ടിയുടെ ചായക്കടയിലും പറ്റുപതിവുണ്ടാക്കി. കൊല്ലം ഒന്നും രണ്ടുമല്ല. കഴിഞ്ഞിരുന്നു പോയത്. കാനായിക്കോട്ടെ കുഞ്ഞിക്കണ്ണന്റെ മനസ്സിൽ തീക്കോരിയിടുന്ന പെണ്ണിന്റെ മട്ടിന്നും മാതിരിയ്ക്കും ഇന്നേ തിയ്യതി വരെ വാട്ടാമൊന്നും തട്ടുന്നുമില്ല. പെണ്ണപ്പോഴും മനസ്സിൽ നിറഞ്ഞാടിയെത്തുന്ന പൂപ്പാലപ്പോതിക്കലെ പെണ്ണമ്മയെപ്പോലെ. അതല്ല പൂമാതപ്പെണ്ണമ്മ പൂക്കതിരും ചൂടി നറുനിലാവത്ത് ഉടുതുണിയില്ലാതെയെഴുന്നള്ളി പുറപ്പെട്ടിറങ്ങുന്നപോലെ. പാട്ടിലെ വരികൾ മുഴുക്കേയും കനായിക്കോട്ടെ കുഞ്ഞിക്കണ്ണന് കാണാപാഠമായിരിക്കുന്നു. എല്ലാവരിലും എല്ലാ മൂളക്കത്തിലും എല്ലായാട്ടത്തിലും പെണ്ണ് നിറയുന്ന പാട്ട്. അതും മൂളിപ്പാടിയാണ് അന്ന് മഴയസാരം ചോർന്നനേരത്ത് കയ്യിൽ വടിവിളക്കും മിന്നിച്ച് പടിഞ്ഞാറെ ഭാഗത്തെ പറമ്പതിരിലുള്ള സ്വന്തം കൈവശഭൂമിയിലെ കൈവശക്കാരിയെയൊന്നണച്ചു പൂട്ടാനുള്ള കൊതിയും മതിയുമായി ചെറ്റവാതിൽക്കലെത്തിയത്. വാതിൽ ചാരിയിട്ടേയുള്ളു. അകത്ത് നിന്ന് കുറ്റിയിട്ടിട്ടില്ല. നാട്ടുമര്യാദയോർത്ത് കൂറ്റനക്കി. ഏറെനാൾ കേട്ടുശീലിച്ച കൂറ്റിന്റെ ഉറവിടം ഏതാണെന്ന് സുപരിചിതയായ പെണ്ണിന് പിടികിട്ടി. പെട്ടന്നവൾ കുതറിമാറി. അത്വരേയും കൂടെയിഴഞ്ഞ് പുറത്ത് പത്തിവിടർത്തി ചീറ്റിയപ്പെണ്ണ് ആകപ്പാടെ മാറി ഹൂയ് എന്നവൾ മൊഴിയുന്നതും ചീറ്റുന്നതും ഉടുതുണി വാരിചുറ്റി എഴുന്നേൽക്കുന്നതും അന്നേരം വാതിൽ തുറന്ന് അകത്തേക്ക് കയറിയ ആളെ വാരിപൊത്തി അത്വരേയും കാണാത്ത ഊർജ്ജസ്വലതയോടെ വരിഞ്ഞുമുറുക്കുന്നതും പിടികിട്ടാത്ത ദുരൂഹതയിൽ നിന്ന് മുക്തനാക്കാൻ ചെറുപ്പക്കാരനെ ശക്തിയോടെ ഉന്തിമാറ്റുന്നതും ശ്രദ്ധിക്കാൻ സുഗന്ധം വമിക്കുന്ന ആ നിമിഷത്തിൽ കുഞ്ഞിക്കണ്ണനെന്ന ഉടമക്കാരന് സാധിച്ചുവോ? അവയവമുഴുപ്പുകളാസകലം നക്കിതുടച്ച് കിതച്ചു തളർന്ന് വിയർത്തവന് പുറത്തെ മഴപ്പാറലുകൾ ആസ്വാസം നൽകിയോ? മഴയുടെ തണുപ്പാർന്ന നാരുകൾ വിയർപ്പുചാലുകളിൽ അലിഞ്ഞൊഴുകിവന്നദിശയേതെന്ന് നന്നായി അറിയുന്ന ചെറുപ്പക്കാരന്ന് നാട്ടിടവഴികളും, നുറുക്ക്‌വഴികളും ആരാന്റെ പറമ്പതിരുകൾ മുറിച്ചു കടന്നുപോവുന്ന മുക്കും മൂലയും ഏത് കൂരാകൂരിരുട്ടിലും കാണത്തക്ക നല്ല കാഴ്ചശക്തിയുണ്ടായിരുന്നു. കൂടുവിട്ടുകൂടുമാറുവാനുള്ള ഒളിവിദ്യയും ഏത് ഒളിസങ്കേതവും നിശ്ചയമുണ്ടായിരുന്നു. ആമപൂട്ടിട്ടുപൂട്ടി ബന്താക്കിയ പാതാളപൊത്തിലും പാഞ്ഞുകയറി തലപൂഴ്ത്തി പത്തി താഴ്ത്തി ചുരുണ്ടുകൂടാനുള്ള വിരുതും ഉണ്ടായിരിക്കണം. അതുകൊണ്ടുതന്നെയാണ് അന്ന് രാത്രി ചാളനൂണ്ട് കയറി വന്നവന്റെ കണ്ണിൽപ്പെടാതെ അഥവാ പെട്ടിട്ടും അവന്റെ കൈപിടിയിൽപ്പെടാതെ വഴുതിയൊഴിഞ്ഞുമാറുവാൻ സാധിച്ചത്. പത്തുകട്ട ബാറ്ററിയും നിറച്ചു വടിവാളുപോലെ സദാ അരയിൽ തിരുകികൊണ്ടുനടക്കുന്ന വടിവിളക്കിന്റെ ചോരക്കണ്ണുകൾ ചെറുപ്പക്കാരനെ പിന്തുടരുവാനോ അവൻ പാഞ്ഞൊളിച്ച മാളം ഏതെന്ന് കണ്ടുപിടിക്കാനോ പറ്റാഞ്ഞത്. പെണ്ണിന്റെ പനങ്കുലമുടിച്ചുരുളുകൾ വിതറിയ പൂംകൈതപ്പൂവിന്റെ വശീകരണ ഗന്ധത്തിൽപ്പെട്ടും, മാറടക്കി മുറുകിയ ആലിംഗനത്തിന്റെ പൂച്ചുരിൽപ്പെട്ടും, ചുണ്ടുകൾ തുളുമ്പിയൊലിപ്പിക്കുന്ന തേൻതുപ്പലിന്റെ നുരചിന്തും ലഹരിയിൽപ്പെട്ടും, കനായിക്കാട്ടെ കുഞ്ഞിക്കണ്ണന് അന്നേരം മേലും കീഴും നോക്കാനായില്ല. ഒന്നും നേരെ ചൊവ്വേ കാണാനുമായില്ല. കൊല്ലം ഒന്നും രണ്ടുമല്ല പെണ്ണിനെപ്പോറ്റി പരിപാലിച്ചും കൊണ്ടുനടന്നു പൂരായിരങ്ങൾ കാണിച്ചതും, പൂതികിനിയുമ്പോഴൊക്കെ പുഴനീന്തികടന്നു ചെല്ലുന്ന പൂമാട തമ്പിച്ചേകവനെപ്പോലെ അവളെ ഉടലോടെയെടുത്ത് അമ്മാനമാടി രസിച്ചും കഴിഞ്ഞുകൂടിയത്. എന്നിട്ടും മനസ്സിലവളും അവൾ വിരിയ്ക്കുന്ന പൂക്കൈതയോലപ്പായയും വല്ലാത്തൊരു പനിയായി വിട്ടുമാറാതെയുണ്ടല്ലേ! അവളെ കാണുമ്പോൾ കണ്ണുകാണാതാവുന്ന അവസ്ഥ. ഒന്നും തിരിയാത്തമട്ട് അതിന്റെ ഉന്മത്ത ലഹരിയിൽ കൺമുന്നിൽ, ഏത് ഒടിതിരിമരം മറിഞ്ഞാലും എന്താണ് ഏതാണ് എന്നറിയാനാവുന്നില്ലല്ലോ. അവളുടെ കെട്ടിപിടുത്തങ്ങളും പായയിൽ കിടത്തിയുരുട്ടി കളിക്കാനുള്ള കമ്പങ്ങളും ഏതാണ്ട് ഒന്നടങ്ങിയപ്പോൾ കാനായിക്കാട്ടെ കുഞ്ഞിക്കണ്ണൻ വെറുതെ ചോദിച്ചു.

ഞാനീടെ കാറിവരുമ്പോ നിന്റെ കോന്തലയ്ക്കൽ തൂങ്ങിക്കിടന്നാടിയവനേതാടീ. നിന്നേയും മണത്ത് നിന്റെ അരാചരടിന്റെ ചോട്ടിൽ ഒരുത്തനെ കണ്ടല്ലോ. ഓനേതാ– ഓനും ഈൗട്ത്തെ ഒളിസേവകരനാ?

അവൾ മറുപടി പറയുന്നതിനുപകരം തുരുതുരാ ചിരിയ്ക്കുന്നു. പുറത്തേ മഴ ഒന്നു ഉന്മാദശക്തയായി ചെയ്യുകയാണ്. തണുപ്പിന്റെ പിശറും കാറ്റും ചാളയ്ക്കകത്തേക്ക് ഓലചീന്തുകളെ ചീന്തിനൂണ്ടുകയറാൻ ആർത്തികാണിക്കുകയാണ്. അവൾ പതുക്കെ വിളിയ്ക്കുന്നു.

ന്റെ കുഞ്ഞിക്കണ്ണേട്ടാ തണുക്കുന്നല്ലോ. മേലാസകലം എന്നെയൊന്നു പൂട്ടി ചൂടാക്കി തന്നൂടെ..... ആളെ കളിയാക്കുന്ന പെണ്ണിന്റെ പളുങ്കുതിരുന്നതരം ചിരിയൊച്ചകൾ കേട്ട് നനഞ്ഞ ഓലചീന്തുകൾ വെറതുള്ളി ചൂളുന്നുണ്ടായിരുന്നു. പല്ലിറുമ്മും നേരത്തെ ചുണ്ടുകളുടെ താളംപിടിക്കൽ കാനായിക്കാട്ടെ കുഞ്ഞിക്കണ്ണന്റെ വർത്തമാനങ്ങളെ നനച്ചുകുതിർത്തു. പെണ്ണാണെങ്കിൽ ഒന്നും ചോദിക്കാനോ പറയാനോ ഒട്ടും സമ്മതിക്കുന്നുമില്ലല്ലോ. അതിനിടയിൽ അവൾ പറയാനുള്ളതൊക്കെ പറഞ്ഞുകൊണ്ടിരുന്നു. പറയുന്നതിനിടയിൽ, കുഞ്ഞിക്കണ്ണന്റെ കവിളത്ത് നുള്ളുകയും മാന്തുകയും കൈവീശിയടിയ്ക്കുകയും, വേദനിപ്പിക്കുകയും ചെയ്തു. കുഞ്ഞിക്കണ്ണന്റെ കഴുത്തിലും കൈത്തണ്ടയിലും കടിച്ചു പല്ലുകളുടെ മൂർച്ചകൂട്ടി. അവൾ പറയുന്നു. മനിശൻ പെരുമഴയിൽ ഒറ്റയ്ക്ക് എങ്ങനെയാ ഈട കഴിഞ്ഞുകൂട്വാ? അതെന്നാ മനസ്സിലാക്കാത്തത് - പേടിച്ച് വെറച്ച് ഒറ്റയ്ക്ക് വെറുങ്ങനെ ആരേയും കാത്താ വാതിലും ചാരി ഇരിക്യാ? ഞാൻ മഴേത്ത് ഒറ്റയ്ക്ക് പൊറത്തിറങ്ങിഓടും. ഓടി കടലിൽ ചെന്നുമുങ്ങും. വെളിയാങ്കല്ലിൽ നീന്തിച്ചെന്ന് അവടെ തലത്തല്ലി ചാകും. എനക്ക് ഒറ്റയ്ക്ക് എന്തൊക്ക്യോ തോന്ന്വാണ്. കാറി വന്ന് ഇപ്പം ചോദിക്കാ നല്ല ചോദ്യം ഈട ആരാപ്പം കാറിവര്വാ? നെങ്ങളല്ലാതെ-വർത്തമാനത്തിനിടയിൽ കുഞ്ഞിക്കണ്ണനെ അവൾ എവിടെയെല്ലാം കൊണ്ടുനടന്നു. അയാൾക്ക് ഏതെല്ലാം കാണാ കാഴ്ചകൾ കാണിച്ചുകൊടുത്തു. പന്തക്കലെ വിളക്കിന്റെയന്ന് ദീപപ്രഭയിൽ കുളിച്ചുനിന്ന പെണ്ണിന്റെ അന്നത്തെ കണ്ണിന്റെ കാന്തകൂറും, അന്നത്തെ ചിരിമലരും എല്ലാം വീണ്ടും വീണ്ടും കുഞ്ഞിക്കണ്ണൻ കാണുകയാണ്. കുപ്പിവളകൾ പൊട്ടിക്കാതെയുള്ള



മുറുക്കിപിടുത്തം കൈത്തണ്ടയിൽ അന്നത്തെപ്പോലെ ആവർത്തിക്കാൻ അവൾ പ്രേരിപ്പിക്കുന്നു. തലയിൽ ചൂടിയ മുല്ലപൂക്കളുടെ ഇതളുകൾ വാടാതേയും, പൂവിതളുകൾ താഴത്തേക്ക് ഉതിർന്നു വീഴാതേയും അവളുടെ മുടികെട്ടഴിയാതെയും അവളെ മടിയിൽ കിടത്താൻ പറയുന്നു. പറഞ്ഞ് പറഞ്ഞ് കുഞ്ഞിക്കണ്ണൻ ഉണർവ്വിന്റെ ആഴത്തെ പടവിലാണെന്നും തളർച്ചയുടെ മൂർച്ചയിലേക്ക് വഴുതിവീഴുകയാണെന്നും അറിഞ്ഞവൾ പതുക്കെ പറയുന്നു.

ഞാനൊരു കാര്യം പറഞ്ഞാ ദേഷ്യപ്പെട്വോ? കുഞ്ഞിക്കണ്ണൻ കണ്ണുമിഴിച്ചു. അവൾ വീണ്ടും ചോദിയ്ക്കുന്നു. ഞാനൊരു കാര്യം പറഞ്ഞാ ഇളിച്ചം പിടിക്ക്വാ? ഞ്ഞിപറ

പെണങ്ങ്വാ, ഇളിച്ചംപിടിക്ക്വാ?

മാഞ്ഞാലം കിണുങ്ങാണ്ട് ഞ്ഞി പറപെണ്ണേ കുഞ്ഞിക്കണ്ണൻ എഴുന്നേറ്റിരുന്നു. പെണ്ണ് പറയുന്നത് മുഴുവൻ വിഴുങ്ങാനുള്ള അത്യാർത്തി കുഞ്ഞിക്കണ്ണനുണ്ടായി. അവൻ പോറ്റി പരിപാലിയ്ക്കുന്നവൾ പറയുന്നതെന്താണ്?

അവൾ പറയുന്നു ദേഷ്യപ്പെടർത് പൊന്നേ. ഇന്ന് ഈട ഒരാൾ വന്നീനും ഈട വന്ന് കേറി എന്നോട് ഓനെന്തെക്കോചോദിച്ച്

ആര്?

പറഞ്ഞാനമ്പൂലാ - ആളെ പറഞ്ഞാ ആരും നമ്പൂലാ. വന്നുകാറിയേത് മോന്തികുരുകുരുപ്പു നേരത്താ. ചെറ്റയുന്തിത്തുറന്ന് ആള് കാറി അകത്തുനിന്നപ്പം ആളെകണ്ട് ഞാൻ ഷാര്യാവിലമ്മയെ ഉറക്കെ വിളിച്ചുപോയ്.

അവൾ ചിരിയ്ക്കുന്നു. തുരുതുരാ ചിരിയ്ക്കുന്ന പെണ്ണിന്റെ വായ പൊത്താൻ കുഞ്ഞിക്കണ്ണൻ കയ്യുയർത്തി. അവൾ പറയുന്നു.

കേക്കുമ്പളത്തേക്കും ദേഷ്യപ്പെട്ടോ ആളെപറഞ്ഞാ ഞെട്ടരുത്. അവൾ ചിരിക്കുകയാണ്. നീ ഒന്നും പറയണ്ട കേൾക്കാനുള്ള ക്ഷമയറ്റിരുന്നു. കുഞ്ഞിക്കണ്ണൻ മഴതോർന്നുവെന്ന സങ്കൽപ്പത്തിൽ ആ രാത്രിയുടെ അന്ത്യയാമത്തിൽ പുറത്തേക്കിറങ്ങി. ഇരുട്ടിൽ തകർത്ത് പെയ്യുന്ന മഴതുള്ളികളുടെ കനം കുഞ്ഞിക്കണ്ണനെ പിന്തിരിപ്പിച്ചില്ല. അകത്തെ ഇരുട്ടിൽ നിൽക്കുന്ന പെണ്ണ് വിളിച്ചു പറയുന്നു. ഞാൻ മുഴുവനും പറഞ്ഞീലാലോ. പറയുന്നത് പൊത്ത നയും കേട്ടാട്ടു പൊയ്ക്കോ. നേരം കോഴി കൂവാൻ ഇനി കൊറച്ചേയുള്ളു. ആളാരായിരുന്നു എന്ന് ഞാൻ പറയട്ടെ.

അവൾ പറഞ്ഞതോർത്തു. പുലരാൻ കോഴിയ്ക്ക് ഉറക്കെ കൂവി നേരം വെളുപ്പിക്കാൻ മഴയും കാറ്റും പിശറുമൊന്നും തടസ്സല്ലല്ലോ. ഇരുട്ടിലെ ഇറങ്ങിപ്പോക്കിനെ കൂട്ടാക്കാതെ അയൽപുരകളിലെവിടെയോ കൂട്ടിൽ ഇണയെ അരികെ ചേർത്തു കിടക്കുകയായിരുന്ന പൂവ്വൻകോഴി ഉറക്കെ കൂവി. ആ കൂവലിന്റെ ശബ്ദപെരുക്കങ്ങളിൽ കുഴഞ്ഞു കഥയിലെ മാരനാരാണെന്ന് അവളുടെ വിളിച്ചുകൂവ്വൽ കനായിക്കാട്ടെ കുഞ്ഞിക്കണ്ണന്റെ കർണ്ണപുടങ്ങൾക്ക് പിടിച്ചെടുക്കാനായോ എന്തോ?

മഴ തകർത്ത് പെയ്ത നനഞ്ഞ മരച്ചില്ലകളിലെ വാർന്നൊലിയ്ക്കുന്ന ഇലകളിൽ പെയ്യുന്ന ഇലകണങ്ങളിൽ കഥയിലെ മാരന്റെ രൂപം പ്രതിബിംബിച്ചു. പറശ്ശിനിക്കടവ് മുത്തപ്പനാണേ പെണ്ണ് പറഞ്ഞ പെരും പൊളികഥയിലെ മാരൻ ഉണ്ണിക്കോരു മൂപ്പനാണെന്നത് നുണ. മുഴുത്ത നുണ. കഷായക്കുടുക്ക എന്നേരവും അടുപ്പത്ത് വെന്ത് പാകമാവുന്നതിന് അടുക്കളക്കോലായിൽ നേരവും കാലവും മൊടുക്കുന്ന ഉണ്ണിക്കോരു മൂപ്പനെ പെണ്ണ് സ്വന്തം കഥയിൽ വലിച്ചിഴച്ചത് എന്തിന്! കുഞ്ഞിക്കണ്ണന്റെ മനസ്സിൽ തീയാളിക്കത്തിച്ച് രസിക്കാനാണെങ്കിൽ, ഇരുട്ടിൽ വന്നു കയറി പെരും മഴയത്തെ തണുപ്പകറ്റാനുള്ള തീയടുപ്പിന് തീ പിടിച്ചവനെ, തീയൂതിയൂതിക്കത്തിച്ചവനെ കഥയിൽ ഒരിടത്തും എടുത്തു പറയാതെ ചൂണ്ടി കാണിച്ചുകൊടുക്കാതെ വിട്ടുകളഞ്ഞതെന്തിന്? കഥയിൽ ചോദ്യമില്ല. പെൺമനസ്സിൽ നുരചിന്തിപ്പതയ്ക്കും കേളീവിലാസങ്ങൾക്കും, അവയുടെ ഇംഗിതചുഴിമലരുകൾക്കും അതിൽ വിളയുന്ന പാത്രസൃഷ്ടി സങ്കൽപ്പങ്ങൾക്കും അറുതിയുമില്ല.

നേരം പുലരുമ്പോൾ, പ്രകാശത്തിൽ, രാത്രികഥക്ക് പലപല പൊരുളുകളായി പ്രകാശിച്ചു വ്യാപിയ്ക്കും. ആളുകൾ കേൾക്കേ കേൾക്കേ പറയും തട്ടകം വാഴും ഭഗവതി പെരുത്ത പെരുനുണപറയും നാവു പുഴുത്തളിയണേ..... എന്നാലും സംശയാലുകൾ, എവിടേയും എന്നപ്പോലെ ആവർത്തിയ്ക്കും എന്തിനാണപ്പാ നാട്ടിൽ പെരിയ മൂപ്പൻമാർ ഓരോരോ.... ഓരോരോ....

നാട്ടു നുരുമ്പിരായിരങ്ങൾ നൂറുനാവാലേ ചിന്തിപ്പടരുന്നത് ആവ്വിധത്തിലാണല്ലോ. പാട്ടും അങ്ങിനെതന്നെ. ഓരോരോ മൂപ്പന്മാരോരോരു പെണ്ണിന്റെ കോന്തലച്ചോട്ടിലെ കോമപ്പന്മാരോരോരു മൂപ്പന്മാരോരോരു പെണ്ണിന്റെ കോന്തലച്ചോട്ടിലെ....... നാഭിയ്ക്കിടയിലെ..... ചെറുനാവിൻ തുച്ചിലെ.....

●

**കഥ**



# ഭാഗ്യക്കുറി

നിധിൻ സോമൻ



ഇതും കാലിയാണോ ഗോപ്യേട്ടാ ?

റിസൾട്ട് നോക്കാൻ കൊടുത്ത പ്രതീക്ഷ ഭാഗ്യക്കുറി തിരികെ മേടിക്കുമ്പോൾ സഹദേവൻ ചോദിച്ചു.

ഇന്നല്ലെങ്കിൽ നാളെ; ഒരു ദിവസം നിനക്കായിരിക്കും ദേവാ ഒന്നാം സമ്മാനം. അതോടെ നിന്റെ കഷ്ടകാലം തീരും.

അപ്പോഴേക്കും എന്റെ കഥ കഴിഞ്ഞിട്ടുണ്ടാവും ഗോപ്യേട്ടാ

അയാൾ നാളത്തെ ഒരു ഭാഗ്യക്കുറിയും മേടിച്ച് നിസ്സംഗഭാവത്തിൽ നടന്നുതുടങ്ങി. പ്രാരാബ്ദങ്ങളുടെ ഒരു കടലാണ് തനിക്ക് മുന്നിൽ ശാന്തമായി കിടക്കുന്നത്. ഇതെപ്പോഴാണ് സുനാമിത്തിരകളായി നാശം വിതയ്ക്കാൻ എത്തുന്നത് പറയാൻ വയ്യ. സഹദേവൻ എന്ന ഞാൻ എന്താണ്?

മുപ്പത്തി നാല് വയസ്സുള്ള അവിവാഹിതൻ. ഒരു സാധാരണ ഇടത്തരം കുടുംബത്തിൽ ഉണ്ടാകുന്ന എല്ലാ ബുദ്ധിമുട്ടുകളും ഇയാൾക്കുണ്ട്. മരിക്കുന്നതിന് മുൻപ് അച്ഛന്റെ ആഗ്രഹമായിരുന്നു പെങ്ങളുടെ കല്യാണം. അച്ഛന്റെ ചികിത്സയ്ക്ക് വാങ്ങിയ ഒരു പാട് പണം കടം തീർക്കാനുണ്ട്. കൂടാതെ കല്യാണത്തിന് ബാങ്കിൽ നിന്ന് ലോൺ എടുത്തു. വീടിന്റെ ആധാരം ബാങ്കിൽ ഭദ്രമായി ഇരിക്കുന്നു. ഇപ്പോൾ അടവ് മുടങ്ങിയിട്ട് മൂന്ന് മാസം കഴിഞ്ഞിരിക്കുന്നു. നോട്ടീസ് ഉടനെ പ്രതീക്ഷിക്കാം. ഇതെല്ലാം തീർന്നിട്ടുവേണം സ്വന്തം ജീവിതം ആരംഭിക്കാൻ. വീടൊന്ന് നന്നാക്കണം. മഴക്കാലമായാൽ വെള്ളമെടുക്കാൻ പുറത്ത് പോകണ്ട. പാത്രങ്ങൾ നിരത്തിവെച്ചാൽ ശുദ്ധമായ മഴവെള്ളം വീട്ടിനകത്ത് കിട്ടും. മുഴുവൻ ചോർച്ചയാണ്.

കലങ്ങി കറുത്ത മനസ്സുമായി വീട്ടിൽ ചെന്നുകയറിയപ്പോൾ അളിയനും പെങ്ങളും; വന്നിട്ട് കുറേ നേരമായി, തന്നെ കാണാത്തതിലുള്ള പിണക്കം അളിയന്. അളിയന്റെ പെട്ടെന്നുള്ള സ്നേഹപ്രകടനം കണ്ടപ്പോഴേ ഒരപകടം മണത്തു.

തൽക്കാലം ആരോടും ഒന്നും ചോദിച്ചില്ല. ആരും ഒന്നും പറഞ്ഞതുമില്ല. ഊണുകഴിഞ്ഞ് കിടക്കാൻ നേരം അളിയൻ സ്വകാര്യമായി പുറത്തേക്കുവിളിച്ചു. ആവശ്യം അറിയിച്ചു. കച്ചവടം തുടങ്ങാൻ രണ്ട് ലക്ഷം രൂപ വേണം!

സഹദേവന് വയറ് കാളുന്നത് പോലെ തോന്നി. അല്ല തല കറങ്ങുന്നതാണോ? അറിയില്ല പറഞ്ഞറിയിക്കാൻ പറ്റാത്ത എന്തോ അപകടം നിറഞ്ഞ ഒരു വികാരം തോന്നി. സഹദേവൻ ഒന്നും മിണ്ടാതെ തിരിഞ്ഞ് വീട്ടിൽ കയറി.

അളിയനൊന്നും പറഞ്ഞില്ലാ? സഹദേവൻ പതുക്കെ തിരിഞ്ഞ് നിന്നു - നാളെ ഉച്ചയ്ക്കു രണ്ട് മുപ്പത് കഴിഞ്ഞിട്ട് വിവരം

തരാം; റിസൾട്ട് വരട്ടെ.

ഭാഗ്യക്കുറികൾ സഹദേവന് ഉറക്കം കിട്ടുവാനുള്ള ഒരു മരുന്നും കൂടിയാണ്. ജീവിതം പ്രാരാബ്ദക്കടലിൽ ആടിയുലയുമ്പോൾ ഭാഗ്യത്തിന്റെ സ്വർണ്ണച്ചിറകിലേറി സ്വപ്നങ്ങൾകണ്ട് അങ്ങനെ ഉറങ്ങാം.


പണികഴിഞ്ഞ് ചന്തയിലെ ഗോപിയേട്ടന്റെ ലോട്ടറിക്കടയിൽ നിന്നും ടിക്കറ്റുമെടുത്ത്, വീട്ടിലേക്കുള്ള അരിയും പലചരക്ക് സാധനങ്ങളും സൈക്കിളിന്റെ പിന്നിൽ വെച്ച് സഹദേവൻ പതിവ് ദിവാ സ്വപ്നവും കണ്ട് പതുക്കെ സൈക്കിൾ ചവിട്ടിക്കൊണ്ടിരുന്നു. റോഡിൽ നിന്ന് പുഴക്കടവ് വഴിയിലേക്ക് ഇറങ്ങിവന്നപ്പോൾ തന്നെ കണ്ടു. ദൂരെ ഇളം റോസ് നിറമുള്ള സാരിയും അതിന് ഇണങ്ങുന്ന ബ്ലൗസും അണിഞ്ഞ് രുഗ്മിണി നിൽക്കുന്നു പുഴയിലേക്ക് ചാഞ്ഞ് നിന്ന് സ്വന്തം സൗന്ദര്യം വീക്ഷിക്കുന്ന ഒരു കൽപവൃക്ഷം. അതിൽ ചാരിയാണ് നിൽപ്പ്.

ആ നിൽപ്പും മുഖവും കണ്ടപ്പോഴെ തോന്നി പരാതിപ്പെട്ടിയുമായാണ് വന്നിരിക്കുന്നത്. സഹദേവൻ ഒരു തുറന്ന ചിരി മുഖത്ത് വരുത്തി. അത് ചിരിയാണോ? സങ്കടത്തിന്റെ വേറൊരു ഭാവമാണോ? എന്ന് തിരിച്ചറിയാൻ രുഗ്മിണിയോട് തന്നെ ചോദിക്കേണ്ടിവരും.

കാണാൻ സുഖമുള്ള അവളുടെ പതിവ് നാണമായിരുന്നു. പ്രതീക്ഷിച്ചതെങ്കിലും അതുണ്ടായില്ല. സഹദേവൻ അവളുടെ അരികിലായി സൈക്കിൾ ചേർത്ത് നിർത്തി.

എന്താരുക്കു നിന്റെ ചിരി കള്ളൻ കൊണ്ടുപോയോ?

ദേവേട്ടന് എന്റെ ചിരി മാത്രം കണ്ടാൽ മതിയല്ലോ, എന്റെ സങ്കടം വകവെയ്ക്കാറില്ലല്ലോ. കഴിഞ്ഞ മാസം വന്ന ആലോചന മുറുകിയ മട്ടാണ് – സഹദേവന് മനസ്സിലായില്ല ഇവൾ ഏതാലോചനയാണ് പറയുന്നത്. അത് തിരിച്ചറിഞ്ഞിട്ടാവണം രുഗ്മിണി കാര്യങ്ങൾ ഒന്നുകൂടി വിശദീകരിച്ചത്. ആ ബാങ്കിലെ പ്യൂണിന്റെ ആലോചന. വീട്ടുകാർ ഇതു തന്നെ നടത്തണമെന്ന വാശിയിലാണ്. സഹദേവൻ നിസംഗനായി പുഴയിലേക്ക് നോക്കിനിന്നു.



അസ്തമന സൂര്യന്റെ സ്വർണ്ണ പ്രഭയിൽ പുഴയും പരിസരവും സുഖമുള്ള ഒരു കാഴ്ചയായിമാറി. ഞാൻ പറയുന്നത് ദേവേട്ടൻ കേൾക്കുന്നുണ്ടോ? ഉടനെ എന്തെങ്കിലും ചെയ്യണം ദേവേട്ടാ. രുഗ്മിണി ഒരു കരച്ചിലിന്റെ മുനമ്പോളം എത്തി നിൽക്കുന്നു. അവളുടെ സങ്കടങ്ങൾക്ക് മറുപടി ഒന്നും തന്നെ തന്റെ കൈയ്യിലില്ല. എന്റെ അവസ്ഥ നിനക്കറിയാല്ലോ രുക്കു; ഒരു പാട് പ്രശ്നങ്ങൾക്ക് ഞാനുത്തരം പറയണം. അതിന് പണം വേണം എന്റെ കൈയ്യിൽ ഇപ്പോ ഇത് മാത്രമേ ഉള്ളൂ. ഇതിലാണ് എന്റെ പ്രതീക്ഷ .

സഹദേവൻ പോക്കറ്റിൽ നിന്നും ഇരുപത്തിഅഞ്ച് ലക്ഷം രൂപയുടെ ഭാഗ്യക്കുറി എടുത്ത് കാണിച്ചു. രുഗ്മിണിയിൽ തളം കെട്ടിയിരുന്ന കണ്ണുനീർ, മഴയായി പുറത്തേക്കൊഴുകി. അവർക്കിടയിൽ മൗനം ഇരുണ്ട കാർമേഘം പോലെ നിന്നു. മുനമ്പോളം എത്തിയ രുഗ്മിണിയുടെ കണ്ണുനീർ കവിളിലൂടെ നിർബാധം പ്രവഹിക്കുന്നു. കണ്ണുനീർ അവളുടെ ഇളം റോസ് നിറമുള്ള ബ്ലൗസിൽ വീണ് നനയുന്നു. രുഗ്മിണിയാണ് മൗനത്തിന്റെ കാർമേഘത്തിൽ ആദ്യത്തെ വെള്ളിടി പൊട്ടിച്ചത്. നിങ്ങൾക്ക് എന്നേക്കാളും വലുത് പണമാണോ ദേവേട്ടാ? പ്രശ്നങ്ങൾ എല്ലാ കുടുംബത്തിലുമുണ്ട്, പ്രശ്നങ്ങൾ മുഴുവൻ തീർത്തിട്ട് ജീവിതം തുടങ്ങാമെന്ന് വെച്ചാൽ......? എനിക്ക് പറ്റില്ല ദേവേട്ട, എന്റെ വീട്ടിൽ പിടിച്ച് നിൽക്കുന്നതിന് എനിക്ക് പരിധികൾ ഉണ്ട്. കാരണം ഞാനൊരു പെണ്ണായിപ്പോയി. അച്ഛന്റേയും ചേട്ടമ്മാരുടെയും ചിലവിൽ കഴിയുന്ന ഒരു പെണ്ണ് .

സഹദേവൻ വീണ്ടും ഭാഗ്യക്കുറി എടുത്ത് രുഗ്മിണിയെ കാണിച്ചു.

അവൾക്ക് കൂടുതൽ ദേഷ്യമാണ് അയാളോട് തോന്നിയത്. നിങ്ങൾക്ക് ഭ്രാന്താണ് ദേവേട്ടാ, ലോട്ടറി അടിച്ചിട്ട് പ്രശ്നങ്ങൾ തീർക്കാമെന്ന് കരുതുന്നു. വിഢി. നിങ്ങളീ ഭാഗ്യക്കുറീം കെട്ടിപ്പിടിച്ചിരുന്നോളൂ. എന്നെക്കാളും വലുത് നിങ്ങൾക്കീ നശിച്ച ഭാഗ്യക്കുറിയാണ്. ഞാൻ പോവ്വ്യാണ്. ദേവേട്ടാ ഇനി എന്നെ അന്വേഷിച്ച് വരരുത്.

സഹദേവൻ ഒന്നും സംസാരിച്ചില്ല. അയാൾ ഒന്നും കേട്ടില്ല. സത്യത്തിൽ തനിക്ക് ഭ്രാന്താണോ, ലോട്ടറിയടിക്കും, പ്രശ്നങ്ങൾ തീരും എന്ന് കരുതുന്ന താൻ വിഢിയാണോ?

അതെ! ഞാനൊരു വിഢിയാണ്. രുഗ്മിണി ദേഷ്യവും സങ്കടവും അടക്കാനാവാതെ വേശത്തിൽ നടക്കുകയോ, ഓടുകയോ ആയിരുന്നിരിക്കണം. കണ്ണുനിറഞ്ഞിരുന്നതിനാൽ ദേവന് ഒന്നും വ്യക്തമായില്ല. അവളുടെ വിലകുറഞ്ഞ പോളിസ്റ്റർ സാരിയുടെ ഉലച്ചിൽ മാത്രം കേട്ടു. കഷ്ടകാലം തീർന്നിട്ട് ജീവിതം തുടങ്ങാം എന്ന് കരുതുന്നത് തിരയൊഴിഞ്ഞിട്ട് കടലിൽ തോണിയിറക്കാം എന്ന് ചിന്തിക്കുന്നത് പോലെയാണെന്ന് ദേവന് അറിയാം. അയാൾക്ക് ജീവിതത്തിൽ ഒന്നൊന്നായി നഷ്ടങ്ങൾ മാത്രം സംഭവിച്ച്കൊണ്ടിരുന്നു. സ്നേഹിച്ച പെണ്ണിന് ഒരു ജീവിതം കൊടുക്കാൻ തനിക്കായില്ല. അല്ലെങ്കിൽ സ്നേഹിച്ച പെണ്ണിനെ ഒരു ജീവിതം കൊണ്ട് കൂടെ നിർത്താൻ കഴിയാത്തവൻ ജീവിക്കുന്നത് എന്തിന്? അവൾ പറഞ്ഞതാണ് ശരി. ഞാനൊരു വിഢിയാണ്.

അളിയന്റെ ആവശ്യങ്ങൾക്ക് ഇപ്പോൾ ഒരു ഭീഷണിയുടെ സ്വരം വന്നുതുടങ്ങിയിരിക്കുന്നു. പെങ്ങളെ വീട്ടിൽ കൊണ്ടുവന്നാക്കി. ഇനി തിരിച്ച് പോകുമ്പോൾ അവളുടെ കയ്യിൽ പണം കൊടുക്കണം ഇല്ലെങ്കിൽ.....?

ഒരുപാട് ഭീഷണിയുടെ മദ്ധ്യത്തിലാണ് താൻ ജീവിക്കുന്നത് എന്ന് ദേവന് തോന്നി.

ബാങ്കിന്റെ ഭീഷണി

അളിയന്റെ ഭീഷണി

രുഗ്മിണിയുടെ ഭീഷണി

ഭാഗ്യക്കുറി വിൽപ്പനക്കാരൻ ഗോപി സൈക്കിൾ ചവിട്ടി സഹദേവന്റെ വീടിനു മുന്നിൽ കിതച്ച് നിന്നു. സൈക്കിൾ സ്റ്റാന്റിൽ ഇട്ടത് ശരിയായില്ല. അത് ഒരു വശത്തേക്ക് മറിഞ്ഞ് വീണു. അത് ശ്രദ്ധിക്കാതെ ഗോപി സഹദേവന്റെ വീട്ടിൽ എത്തിവിളിച്ചു. സഹദേവന്റെ പെങ്ങളാണ് വാതിൽ തുറന്നത്.

സഹദേവൻ ഇല്ലേ മോളെ? –

ഗോപി അൽപ്പം കിതപ്പോടെ ചോദിച്ചു.

ഇല്ല. അവൾ ഒറ്റവാക്കിൽ മറുപടിപറഞ്ഞു. കരഞ്ഞ് കലങ്ങിയ കണ്ണുകളും കണ്ണീരുണങ്ങിയ മുഖവുമായി അവൾ അകത്തേക്ക് പോകാനൊരുങ്ങി.

പിന്ന ദേവൻ ഇന്നലെ എന്റെ കൈയ്യീന്ന് എടുത്ത ടിക്കറ്റിനാണ് ഒന്നാം സമ്മാനം ഇരുപത്തി അഞ്ച് ലക്ഷം രൂപ! പിന്നിൽ നിന്ന് കേട്ടത് അശരീരി പോലെയാണ് അവൾക്ക് തോന്നിയത്. അവൾ തിരിഞ്ഞ് വാതിൽക്കൽ എത്തിയപ്പോഴേക്കും ഗോപി റോഡിൽ വീണുകിടന്ന സൈക്കിളുമെടുത്ത്

(ശേഷം പേജ് 32 ൽ)




# സ്വാതന്ത്ര്യത്തിന്റെ സംശുദ്ധി



ദീപക്ജോൺ

എത്രയേറെ മതങ്ങൾ ഈ മതങ്ങൾക്ക് അപ്പുറം ഒരു പുതിയ മതത്തേക്കുറിച്ച് നാം ചിന്തിച്ചിട്ടുണ്ടോ ജനാധിപത്യം, രാജഭരണം, കമ്മ്യൂണിസം, സോഷ്യലിസം, ഏകാധിപത്യം എന്നിവക്കപ്പുറം ഒരു പുതിയ രാഷ്ട്രീയ പ്രത്യയ ശാസ്ത്രത്തെക്കുറിച്ച് നാം ചിന്തിച്ചിട്ടുണ്ടോ?

നൂറ്റാണ്ടുകളായി പലതരം പ്രക്ഷോഭങ്ങളിലൂടെ, ബോധവൽക്കരണങ്ങളിലൂടെ, നവോത്ഥാന സന്ദേശങ്ങളിലൂടെ എണ്ണമറ്റ മഹാന്മാരിലൂടെ ആവർത്തിച്ച് പ്രവർത്തിച്ചിട്ടും എന്തുകൊണ്ടാണ് ലോകത്ത് എല്ലായിടത്തും സ്വാതന്ത്ര്യം സാക്ഷാത്ക്കരിക്കപ്പെടാത്തത്? സ്വാതന്ത്ര്യത്തിനെതിരെ അടിച്ചമർത്തലുകൾ തുടർന്നുകൊണ്ടിരിക്കുന്നത്. മനുഷ്യൻ സ്വാതന്ത്ര്യനായി ജനിക്കുന്നു എന്നൊക്കെ വെറുതെ പറയുന്നതാണ്. കരയാൻ മാത്രമറിയാവുന്ന, സ്വയം ശേഷിയില്ലാത്ത കുഞ്ഞിന് എന്തു സ്വാതന്ത്ര്യമാണ് ഉള്ളത്. സ്വാതന്ത്ര്യം പോലെ ഇത്രമാത്രം അർത്ഥലോലം സംഭവിച്ച ഒരു പദം വേറെയുണ്ടോ എന്ന് തന്നെ സംശയമാണ്. സ്വാതന്ത്രരാണ് എന്ന് സ്വയം കരുതുമ്പോഴും അവകാശപ്പെടുമ്പോഴും നമ്മുടെ ഇച്ഛകൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം നമുക്കോരോരുത്തർക്കുമുണ്ടോ? എവിടെയാണ് നമ്മുടെ സ്വാതന്ത്ര്യത്തിന്റെ അതിരുകൾ? ആരാണത് നിശ്ചയിച്ചത്? ആദൃശ്യവും എന്നാൽ ദൃഢവുമായ ഈ അതിർത്തികൾക്കുള്ളിൽ സ്വാതന്ത്ര്യം യഥാർത്ഥത്തിൽ എത്രമാത്രം സ്വതന്ത്രമാണ്.


മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നുവെന്നും. പക്ഷെ എവിടേയും അവന് ചങ്ങലകളാണെന്നും പറഞ്ഞത് റൂസ്സോയാണ്. പരമമായ സ്വാതന്ത്ര്യം ഒരു ഉട്ടോപ്യൻ സങ്കൽപമാണെന്നും സ്വാതന്ത്ര്യത്തിന്റെ ലാവണ്യം നിശിതമായ വ്യാമോഹങ്ങളിലേക്കും, അധികാരകേന്ദ്രീകണത്തിലേക്കും ഏകാതിപത്യത്തേലേക്കും വീണുപോകാതെ മനുഷ്യരാശി അതിനെ സൂക്ഷിക്കുന്നതിലാണന്ന ചിന്ത റൂസ്സോയിക്കും ഉണ്ടായിരുന്നു. ഒട്ടും സത്യന്ധമല്ലാത്ത കാട്ടിക്കൂട്ടലുകളായി നമ്മുടെ ജീവിതം മാറിക്കഴിഞ്ഞു. മറ്റുള്ളവർക്ക് മുൻപിൽ കാട്ടിക്കൂട്ടലുകളായി നമ്മുടെ ജീവിതം മാറി കഴിഞ്ഞിരിക്കുന്നു എന്നത് ഒരു നഗ്ന സത്യമാണ്. നഗ്നമായ ഒരു സ്ത്രീശരീരമുണ്ടെങ്കിൽ ഏതു സാധനവും വിൽക്കാം എന്ന ചിന്ത വിഡിയേറ്റഡ് സെക്സ് എന്ന പുസ്തകം പങ്കുവയ്ക്കുന്നു. ജീവിതത്തെക്കുറിച്ചുള്ള സ്വാതന്ത്ര്യ ബോധവും, സ്വാതന്ത്ര്യ സങ്കൽപങ്ങളും നഷ്ടപ്പെടുന്നത് പുതിയ കാലത്ത് അറിയാതെ പോകുന്നു. പരമ്പരാഗത മൂല്യങ്ങൾ നഷ്ടപ്പെടുകയും, അരാഷ്ട്രീയവും അശ്ലീലവുമായ പുതിയ മൂല്യങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. പ്രാദേശിക സംസ്ക്കാരത്തിന്റെ നന്മകൾ വേണ്ടെന്നുവയ്ക്കുകയും, ആ സംസ്ഥാനത്ത് വൈദേശികമായ പുതിയ ചിന്തകളും ജീവിത രീതികളും പ്രതിഷ്ഠിക്കപ്പെടുന്നു. ഇതൊക്കെ ഇങ്ങനെയാണ് ഇപ്പോൾ സംഭവിക്കുന്നത് എന്ന് ചിന്തിക്കാനുള്ള സ്വാതന്ത്ര്യം ക്രമേണ പൗരന് നഷ്ടപ്പെടുന്നു. എന്നാൽ നഷ്ടപ്പെടുന്നതൊന്നും നാം അറിയുന്നതേ ഇല്ല.

രാജാധികാരവും ഏകാധിപത്യവും സ്വാതന്ത്ര്യമല്ല എന്ന് ജനപക്ഷത്ത് നിന്ന് ചിന്തിക്കുന്നവർ പറയുന്നു. എന്നാൽ ജനാധിപത്യം മുന്നോട്ട് വയ്ക്കുന്ന സ്വാതന്ത്ര്യം സങ്കൽപം എല്ലാവർക്കും ലഭിക്കുന്നുണ്ടോ എന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. ലോകത്തിൽ ഏറ്റവും അധികം ജയിലുകൾ ഉള്ളത് ജനാധിപത്യ രാഷ്ട്രങ്ങളിലാണ്. അത് ഇപ്പോഴും നിറഞ്ഞുതന്നെയിരിക്കുന്നു. നമ്മുടെ സ്വാതന്ത്ര്യ സങ്കൽപ്പം പൊളിച്ചെഴുതണം. സ്വാതന്ത്ര്യം സമഗ്രമായിത്തീരണം എന്നുണ്ടെങ്കിൽ ആ സ്വാതന്ത്ര്യത്തിന്റെ ഭൂമികയിലെ സൂക്ഷ്മ സ്ഥൂല ഭാവങ്ങളിൽ പ്രതിഭാസിക്കുന്ന സമസ്ഥ ജീവജാലങ്ങൾക്കും, അജീവജാലങ്ങൾക്കും അവരുടേതായ രീതിയിൽ പ്രവർത്തിക്കാനുള്ള അന്തരീക്ഷം ഉണ്ടാകണം. ഭൂമിയിലെ വൃക്ഷലതാതികളും മൃഗങ്ങൾക്കും, പക്ഷികൾക്കും ശുദ്ധവായുവും ശുദ്ധജലവും അനിവാര്യതയാണ്. എന്നാൽ പ്രകൃതിക്കുമേൽ മനുഷ്യരുടെ കടന്നുകയറ്റം. അവരുടെ സ്വാതന്ത്ര്യത്തിന്റെ സംശുദ്ധിയെ ചോദ്യം ചെയ്യപ്പെടുന്ന തരത്തിലാണ്.

സ്വാതന്ത്ര്യത്തേക്കുറിച്ചോർക്കുമ്പോൾ ഏറ്റവും എളിയവരുടെ സ്വാതന്ത്ര്യമാണ് നാം ആദ്യം കാണേണ്ടത്. സ്വാതന്ത്ര്യത്തിനു വേണ്ടി നാം അനുഷ്ടിക്കുന്നതെന്തും ഏറ്റവും എളിയതിന്റെ സംരക്ഷണത്തിനുവേണ്ടി ചെയ്യുന്നതായിരിക്കണം. ഇന്ന് ജനാധിപത്യ വ്യവസ്ഥ വന്നു എന്നു പറയുമ്പോഴും ശരിയായ സ്വാതന്ത്ര്യം ലഭിക്കാതെ നീറുന്ന ഹൃദയവുമായി കഴിഞ്ഞു കൂടുന്ന ആലംബഹീനരേയും ദുർബലരേയും സഹായിക്കേണ്ടത് നമ്മുടെ കടമതന്നെയല്ലേ എന്ന് ഓർക്കേണ്ടതുണ്ട്. നമുക്ക് നമ്മോടുതന്നെ സ്വാതന്ത്ര്യം കാണിക്കാൻ ശ്രമിക്കേണ്ടതുണ്ട് എന്ന വസ്തുതയും വളരെ പ്രാധാന്യം അർഹിക്കുന്ന വസ്തുതയാണന്ന് പറയാതെ വയ്യ. മറ്റുള്ളവരുടെ ആശയങ്ങളോടും, നിലപാടുകളോടും, കാഴ്ച്ചപ്പാടുകളോടും വിടപറഞ്ഞ് സ്വയമായൊരു ആശയവും മറ്റുള്ളവർ ചെയ്യുന്ന ശരിയെമാത്രം സ്വീകരിക്കുന്ന നിലപാടും, കാഴ്ചപ്പാടുകളും നൻമയുള്ള രീതിയിൽ ഊതിക്കാച്ചി പൊന്നാക്കിയാൽ നാമും നമ്മിലൂടെ ലോകവും നന്നാവും. ●

കഥ

# ഫീനിക്സ് പക്ഷി



എം.എസ്. കുമാർ

പച്ചപ്പരമാർത്ഥിക്ക് പനങ്കഴുവെന്നുപറയും. പരശുരാമയ്യർ പലപ്പോഴും പറയുമായിരുന്നു. തന്നെ അകാരണമായി ശിക്ഷിച്ചപ്പോൾ മാലതിടീച്ചർ ഒടുവിലിങ്ങനെ പറഞ്ഞു.

പരശുരാമയ്യരേ, നിങ്ങളെന്റെ ഗുരുനാഥനാണ്. പച്ചപരമാർത്ഥിക്കു പനങ്കഴുവാണെന്ന വാസ്തവം ഞാൻ മനസ്സിലാക്കി.

പ്രൊഫസർ ചെറുകാടിന്റെ പനങ്കഴു എന്ന കഥ കുട്ടിക്കാലത്ത് ശ്യാമളടീച്ചർ വായിച്ചിട്ടുണ്ട്. അമ്മയും അച്ഛനും നല്ലവായനക്കാരായിരുന്നു. അമ്മാവൻ കിഴക്കീട്ടിൽ രാമുണ്ണിമേനോൻ സ്വാതന്ത്ര്യ സമരസേനാനിയും സംസ്കൃത പണ്ഡിതനുമായിരുന്നു. ആദ്യം കോൺഗ്രസ്സും, പിന്നെ കോൺഗ്രസ്സ് സോഷ്യലിസ്റ്റും പിന്നീട് കമ്മ്യൂണിസ്റ്റുമായ അദ്ദേഹം ഇപ്പോൾ വായനയും എഴുത്തുമായി വിശ്രമത്തിലാണ്. നാട്ടിലെ എളമ്പുളാശ്ശേരി പ്രൈമറി സ്കൂളിലെ അദ്ധ്യാപകനായാണ് മേനോൻ പൊതുജീവിതം ആരംഭിക്കുന്നത്.

അമ്മാവന്റെ പാരമ്പര്യമുള്ള നാട്ടിലെ അപ്പർ പ്രൈമറി സ്കൂളിൽ അമ്മാവന്റെ ശുപാർശപ്രകാരം ജോലികിട്ടുമ്പോൾ ശ്യാമളയ്ക്ക് അഭിമാനമായിരുന്നു. പെരുമ്പിളിശ്ശേരി എ.യു.പി. സ്കൂൾ പ്രമുഖരായ അദ്ധ്യാപക നേതാക്കളുടെ വിദ്യാലയമായിരുന്നു. ഇ.എം.എസ്സും, എ.കെ.ജി, കേളപ്പജി, പനമ്പിള്ളി ഗോവിനന്ദമേനോൻ എന്നീ പ്രമുഖ നേതാക്കളെല്ലാം പെരുമ്പിള്ളിശ്ശേരി സ്കൂളിൽ വന്നിട്ടുണ്ട്. അവരെല്ലാം രാമുണ്ണിമേനോന്റെ പരിചയക്കാരായിരുന്നു. ശ്യാമള ടീച്ചർ നന്നായി വായിച്ചു. ഗോഡ് ഓഫ് സ്മാൾ തിങ്ങ്സും അരുന്ധതീറോയിയുടെ മറ്റു കൃതികളും അവർ സഹപ്രവർത്തകർക്കു പരിചയപ്പെടുത്തി. അവ മലയാളത്തിലേക്കു തർജ്ജമചെയ്തു. പാവങ്ങളും നല്ലഭൂമിയും വിദ്യാർത്ഥികളേക്കൊണ്ടും സഹപ്രവർത്തകരെക്കൊണ്ടും വായിപ്പിച്ചു.

സ്കൂൾ മാനേജുമെന്റ് ഒരു അഞ്ചംഗകമ്മിറ്റിയുടെ കീഴിലായി. ലാഭേച്ഛകൂടാതെ അവർ സ്കൂളിന്റെ അഭിവൃദ്ധിക്കായി സഹകരിച്ചുപ്രവർത്തിച്ചു. അസൂയാലുക്കൾ പറഞ്ഞു. ഇതൊരു യൂനിവേഴ്സിറ്റിയോ പ്രൈമറി സ്കൂളോ. ചിലർ മറുപടി കൊടുത്തു. ആ സ്കൂളിന്റെ ഹെഡ്മിസ്ട്രസ്സ് കിഴക്കീട്ടിലെ രാവുണ്ണിമേനോന്റെ പേരമകളാ. എം.ബി.ബി.എസ്സും, എം.ഫില്ലും കഴിച്ച് അവർ ഈ പ്രൈമറി സ്കൂളിൽ ജോലിചെയ്യുന്നത് പാരമ്പര്യത്തിന്റെ കമ്മിറ്റുമെന്റാണ്. നാടിന്നഭിമാനവുമാണ്.

എന്തും അധികകാലം നീണ്ടുനിൽക്കില്ല. മാനേജുമെന്റ് കമ്മിറ്റിയിൽ അഴിച്ചുപണി നടന്നു. പുതിയ മാനേജർമാർ ബിസിനസ്സുകാരായി. നിയമനങ്ങൾ പണംവാങ്ങിയായി. ഓരോ കമ്മിറ്റിയംഗത്തിനും ഓരോ പേരെ പറയുന്ന



കോഴയ്ക്കുവെയ്ക്കാമെന്നായി. ഹെഡ്മിസ്ട്രസ്സിനോടു വളണ്ടറി റിട്ടർമെന്റെടുത്താൽ ഭീമമായ സംഖ്യ നൽകാമെന്നവാഗ്ദാനമുണ്ടായി.


പഴയവരും പുതിയവരുമായ സ്റ്റാഫിന്ന് ഹെഡ്മിസ്ട്രസ്സിന്റെ നിയമമാർഗവും സേവനമാർഗവും ഉൾക്കൊള്ളാനായില്ല. പ്രൊഫഷൻ എന്നതിലപ്പുറം അവർക്ക് അധ്യാപകജോലി ചിന്തിക്കാനായില്ല.

കൃത്യമായി ക്ലാസിൽ പോണം വരവും പോക്കും കൃത്യസമയത്തായിരിക്കണം. ടീച്ചിങ്ങ് നോട്ട്സുവേണം. ലീവെടുക്കുന്നത് ക്യാഷ്വാലിറ്റിയുണ്ടെങ്കിൽ മാത്രം.

ശ്യാമളടീച്ചറുടെ നിബന്ധനകൾ അദ്ധ്യാപികാദ്ധ്യാപകർക്ക് രസിച്ചില്ല. അത്യാവശ്യം സൈഡു ബിസിനസ്സുള്ളവർക്ക്, ചിലഗൾഫ്പത്നിമാർക്ക്, പൊതു കാര്യവും രാഷ്ട്രീയ സംഘടനാപ്രവർത്തനവുമുള്ള പുരുഷന്മാർക്ക് ഒരു പെണ്ണിന്റെ മേൽക്കോയ്മ അംഗീകരിക്കാവുന്നതല്ല.

പലപ്പോഴും വൈകിവരുന്ന സംസ്കൃതാദ്ധ്യാപിക ഉഷാനങ്ങ്യാരോട് ശ്യാമള ടീച്ചർ പറയാറുണ്ട്. ''ടീച്ചറേ, വീട്ടുപ്രാരാബ്ധവും യാത്രാബുദ്ധിമുട്ടുമൊക്കെ എല്ലാവർക്കുമുണ്ട്. ബട്ട് സ്കൂൾ ടൈം ഈസ് ടൻടു ഫോർ! ആവർത്തിക്കരുത്.'' ക്ലാസ് ടൈമിൽ പലപ്പോഴും മൊബൈൽഫോണുമായി പുറത്തിറങ്ങുന്ന സുനിൽ കുമാറിനോടും ടീച്ചർക്കങ്ങനെ പറയേണ്ടിവന്നു. സുനിൽ ഒരു ഫിനാൻസ് കമ്പനിയുടെ ഷെയർ ഹോൾഡറായിരുന്നു. ബ്ലേഡ് സുനിൽ എന്ന് അപരനാമവുമുണ്ട്. അർദ്ധവാർഷിക പരീക്ഷ നടക്കുന്ന സമയം. സബ്ബ് ജില്ലാ അടിസ്ഥാനത്തിൽ രൂപീകരിച്ച പൊതു ടൈംടേബിളിന്റെ അടിസ്ഥാനത്തിലാണ് പരീക്ഷ. വെള്ളിയാഴ്ചയിൽ അറബിക്കും സംസ്കൃതവും പരീക്ഷവന്നു. ടീച്ചർ രണ്ടും രാവിലെ നടത്തുന്നത് അപ്രയോഗികമാണെന്നു കണ്ടു. രാവിലെ സംസ്കൃതവും ഉച്ചക്ക് മൂന്നുമുതൽ നാലുവരെ അറബിക്കുമായി പരീക്ഷ ക്രമപ്പെടുത്തി.

അറബിക്ക് അദ്ധ്യാപിക സൈഫുന്നീസ ക്രുദ്ധയായി. മനപ്പൂർവ്വം അറബിയെ അപമാനിക്കുകയാണ്, തന്നെ അവഹേളിക്കുകയാണ് എന്നായി. മൊബൈലിൽ പി.ടി. യെ പ്രസിഡണ്ടിനെ വിളിച്ചു. പരിചയമുള്ള നാട്ടുകാരെവിളിച്ചു. ഹിന്ദുപ്രമാണിത്തമാണ് ഹെഡ്ടീച്ചർ കാണിച്ചത്. അറബിയെ ഉച്ചയ്ക്കുമാറ്റി. അറബി പരീക്ഷ നടത്താൻ സമ്മതിക്കുന്നില്ല.



പ്രചരണം കൊടുങ്കാറ്റായി. ഒരു വർഗ്ഗീയ ലഹളയ്ക്കു കളമൊരുങ്ങി. പി.ടി.എ. പ്രസിഡണ്ട് അൻവർ അലി എ.ഇ.ഓ. വിനെവിളിച്ചു. പോലീസെത്തി. പരീക്ഷ ഒരു പ്രത്യേക ദിവസം രാവിലെതന്നെ നടത്താമെന്ന് ഒത്തുതീർപ്പായി. ടീച്ചർക്കുമേൽ നടപടി വേണമെന്ന് സ്റ്റാഫ് കമ്മിറ്റി ആവശ്യപ്പെട്ടു. അൻവർ അലി അവരോടു യോജിച്ചു. സ്വകാര്യമായി ശ്യാമളടീച്ചറുടെ അടുത്തുചെന്ന് ആയാൾപറഞ്ഞു.

ടീച്ചറെ ഒന്നും പേടിയ്ക്കണ്ട. നിങ്ങൾക്കുഞാനില്ലേ.

സ്റ്റാഫ് സെക്രട്ടറി ബേബി ഗിരിജയോടും അയാൾ പറഞ്ഞു. ധൈര്യമായി നിന്നോ. ഞാനുണ്ട് ഒപ്പം.

നടപടിക്കായാവശ്യപ്പെട്ടവരോട് അസിസ്റ്റന്റ് എജ്യുക്കേഷണൽ ഓഫീസർ പറഞ്ഞു. സ്കൂൾ അഡ്മിനിസ്ട്രേഷൻ പവർ ഹെഡ്മാസ്റ്റർക്കുണ്ട്. ഒരു പരീക്ഷ നീക്കുപോക്കുവരുത്തിയത് തെറ്റല്ല. അതിന്റെ പേരിൽ ഒരു പണിഷ്മെന്റ് ആവശ്യമില്ല.

സുനിൽകുമാർ സ്റ്റാഫംഗങ്ങളോടും അൻവർ അലിയോടുമായി പറഞ്ഞു. ഒരു കുടുക്കുകുടുക്കണം.......

ഹിന്ദി അദ്ധ്യാപിക ഉഷാദേവി പ്രൊവിഡണ്ടു ഫണ്ടിൽനിന്ന് ഒന്നരലക്ഷം രൂപ ലോൺ എടുക്കാൻ അപേക്ഷിച്ചു. പ്രധാനാദ്ധ്യാപികയാണ് ട്രഷറിയിൽ നിന്ന് പണം ഡ്രോ ചെയ്യേണ്ടത്. ശ്യാമള പണം വാങ്ങി ഉഷയെ വിളിച്ചു. അവൾ ലീവെടുത്ത് മദ്രാസിലേക്കുപോയി. ശ്യാമളവിളിയോടുവിളി. നാളെവരും നാളെവരും എന്നു മറുപടി, ശ്യാമള ടീച്ചർ ഒന്നരലക്ഷം സ്കൂളിനടുത്തുള്ള കോ ഓപ്പറേറ്റീവ് ബാങ്കിൽ നിക്ഷേപിച്ചു. ഉഷയുടെ ഭർത്താ വ് ഗോവിന്ദൻ നമ്പീശൻ ഒരു വക്കീൽ ഗുമസ്തനായിരുന്നു. പിറ്റേന്നു തന്നെ ശ്യാമളടീച്ചർക്ക് സസ്പെൻഷനും പണാപഹരണത്തിന്ന് അറസ്റ്റുവാറണ്ടും വന്നു. ചില പത്രങ്ങളിലും പ്രാദേശിക ചാനലുകളിലും വാർത്തവന്നു. പി.എഫ്. ലോൺ തട്ടിയെടുത്ത പ്രധാനാദ്ധ്യാപികയെ അറസ്റ്റുചെയ്തു.

ശ്യാമളടീച്ചർ കോടതിയിൽ നിന്ന് മുൻകൂർ ജാമ്യമെടുത്തു.

എല്ലാം അറിഞ്ഞെങ്കിലും നിശ്ശബ്ദനായിട്ടൊരു കസേരയിൽ കിടക്കുന്ന ഗോവിന്ദമേനോന്റെ മുന്നിൽ ശ്യാമളയെത്തി. അദ്ദേഹത്തിന്റെ കാൽക്കലിരുന്നു. അദ്ദേഹം തലയുയർത്തി ചോദിച്ചു. എന്തേ കുട്ട്യേ....? നീ വല്ലാതായിരിക്കുന്നല്ലോ! തളർന്നോ? തളരരുത്. എന്റെ പേരമോൾ തളരുന്നതെനിക്കിഷ്ടമല്ല.

അവൾ എഴുന്നേറ്റു. അമ്മാമേ, ഞാൻ വഴിവിട്ടൊന്നും –

മതി. അദ്ദേഹം കൈയുയർത്തി പറഞ്ഞു. എല്ലാം ഞാനറിയുന്നുണ്ടായിരുന്നു. വിദ്യാഭ്യാസരംഗം അഴിമതിരഹിതമാകണമെന്ന് എനിയ്ക്കു നിർബന്ധമുണ്ട്. നീചെയ്തത് തെറ്റല്ല. നിന്നെ കുടുക്കാനാണാ നമ്പീശൻ പി.എഫ്. എടുപ്പിച്ചത്. എന്റെ ഒരു ശിഷ്യൻ ഹൈക്കോർട്ട് ജഡ്ജിയാണ്. ഞാൻവിളിച്ചിട്ടുണ്ട്. നീ കേട്ടിട്ടില്ലേ യഥോധർമ്മതതോജയ.... എവിടെയാണ് ധർമ്മം അത് ജയം. അന്വേഷണവിധേയമായ സസ്പെൻഷൻ രണ്ടാഴ്ചയിലധികം നിന്നുകൂട. നീ ഒരു ഫീനിക്സ് പക്ഷിയെ പോലെ തിരിച്ചുവരും......

ശ്യാമളടീച്ചർ ധൈര്യം സംഭരിച്ചു. അദ്ദേഹം ചോദിച്ചു. നിങ്ങളുടെ പിടിയെയിൽ വിദ്യാഭ്യാസമുള്ളവരാരുമില്ലേ.. ഏതോ ഒരു അൻവറോ. ടീച്ചർ ശബ്ദിച്ചു. ഹും. അയാളാണീ പ്രശ്നം വലുതാക്കിയത്. സ്റ്റാഫിനെ എനിയ്ക്കെതിരാക്കിയത്.

ഉം. ആകോട്ടയിൽ അബ്ദുള്ള ഹാജിയുടെ മകളുടെ മകനല്ലെ. പണ്ട് ഇ.എം.എസ്സിനെതിരായി മത്സരിച്ചാൽ ഒരു ലക്ഷം രൂപ വാഗ്ദാനം ചെയ്തവനാ. രാഷ്ട്രീയം മരക്കച്ചവടാന്നാ ഓന്റെവിചാരം. മരിച്ചുപോയി. നീ നമ്മുടെ പരമേശ്വരൻ നമ്പൂതിരിയോടു പറയൂ. മുൻ പഞ്ചായത്തു പ്രസിഡണ്ടും നമ്മുടെ സ്കൂളിലെ ഹെഡ്മാഷുമായിരുന്നുവല്ലൊ. സ്റ്റാഫും നാട്ടുകാരുമായി ഒരു ടഗ്ഗ് തുടർന്നുകൂട.

എൻക്വയറി പെട്ടെന്നു തീർന്നു. പി.എഫ് ലോൺ ആവശ്യപ്പെട്ടയാൾ വാങ്ങിയില്ലെങ്കിൽ ഹെഡ്മാസ്റ്റർ അത് ട്രഷറിയിലടയ്ക്കാമായിരുന്നു. പിന്നീടാ തുക കിട്ടാൻ ബുദ്ധിമുട്ടാണ്. ബാങ്കിൽ നിക്ഷേപിച്ചത് സദുദ്ദേശപരമാണ്. ഡി.ഇ.ഒ.യും ഡി.പി.ഐയും കോടതിയുത്തരവംഗീകരിച്ചു.

ശ്യാമളടീച്ചർ അക്ഷോഭ്യയായി സ്കൂളിലേക്കുവന്നു. അടുത്ത ഹെഡ്മിസ്ട്രസ്സാകേണ്ട ലക്ഷ്മീദേവീ ചാർജ്ജു കൊടുക്കാൻ വിസമ്മതിച്ചു. അൻവർ

അവർക്കുറപ്പുകൊടുത്തിരുന്നു. ഇനി അതിനെ ഇങ്ങോട്ടുകയറ്റാതിരിയ്ക്കാൻ ഞാനെന്റെ മാക്സിമം ശ്രമിക്കാം. ലക്ഷ്മിദേവി അൻവറിന്നുകൈകൊടുത്തു പിരിഞ്ഞതാണ്.

അദ്ധ്യാപകർ മുഖം വീർപ്പിയ്ക്കുന്നതവർ കണ്ടു. ശ്യാമളടീച്ചർ അവരോട് അസുഖം ഭാവിച്ചില്ല.

വൈകുന്നേരം നാലുപേർ സ്കൂളിൽവന്നു. മൂന്നര മണിയായതിനാൽ ടീച്ചർ ഓഫീസിന്നു പുറത്തു പൊതു അവലോകനം ചെയ്തുകൊണ്ടിരിക്കുന്നു. ആഗതരെ അവർ സ്വീകരിച്ചു. മുൻ ഹെഡ് മാസ്റ്ററും പഞ്ചായത്തു പ്രസിഡണ്ടുമായിരുന്ന പരമേശ്വരനമ്പൂതിരി, പഞ്ചായത്ത് പ്രസിഡണ്ട് രണ്ടു വാർഡ് മെമ്പർമാർ, പ്രസിഡണ്ടു പറഞ്ഞു.

ടീച്ചറെ, നമുക്കിവിടത്തെ പ്രശ്നങ്ങളൊന്നു പറഞ്ഞു തീർക്കണം. ഇനി ആരെയൊക്കെ വിളിക്കണം? ടീച്ചറൊന്നു പറയു.

എനിക്ക് പ്രശ്നങ്ങളൊന്നുമില്ല. സ്റ്റാഫിലാർക്കെങ്കിലും ഞാൻ പ്രയാസമുണ്ടാക്കിയെന്നാണെങ്കിൽ പറഞ്ഞുതീർക്കാം.

പരമേശ്വരൻ നമ്പൂതിരി എഴുന്നേറ്റു പറഞ്ഞു. ടീച്ചറേ ഇത് പാരമ്പര്യമുള്ളൊരു സരസ്വതീ ക്ഷേത്രമാണ്. നിങ്ങൾക്കറിയാമല്ലൊ. നിങ്ങളുടെ പാരമ്പര്യവും എനിക്കറിയാം. ഈ സ്കൂളിലെ ഒരദ്ധ്യാപകനോ അദ്ധ്യാപികയോ നിങ്ങളുടെ സൈഡില്ല. അദ്ധ്യാപകരക്ഷാകർത്തൃ സമിതിയും നിങ്ങൾക്കെതിര്. ഇതിനെന്താകാരണം. ഞാനാണുചോദിക്കുന്നത്. ശ്യാമളയുടെ വലിയമ്മാവന്റെ രാഷ്ട്രീയ ശിഷ്യൻ.

നാലുപേരുടെ എട്ടുകണ്ണുകൾക്കു മുന്നിൽ അവരൊന്നു വിവർണ്ണയായി. അവരെഴുന്നേറ്റ് പതറാതെ പറഞ്ഞു. മാഷോടു ഞാൻ പറയാം. അവർ മറ്റുള്ളവരെ നോക്കി. മൂന്നുപേർ കാര്യം മനസ്സിലാക്കി മാറിനിന്നു. ശ്യാമള ടീച്ചർ പതുക്കെയെങ്കിലും വ്യക്തമായി പറഞ്ഞു.

സർ, ഒരു ശനിയാഴ്ച ഉച്ചയ്ക്കു മൂന്നുമണിയ്ക്ക് ഞാൻ ഓഫീസിൽ തനിച്ചായിരുന്നു. അൻവർ ഓഫീസിൽ വന്നു. എന്റെ എതിർ കസേരയിലിരുന്ന് ഹൃദ്യമായിചിരിപ്പൂ. ഫോറിൻ സ്പ്രേയുടെ രൂക്ഷമായ മണം. അയാൾ പറഞ്ഞു.

ടീച്ചറെ, നിങ്ങളൊന്നു കൊണ്ടും പേടിയ്ക്കണ്ട. നിനക്കു ഞാനുണ്ട്. എന്നെ ഇഷ്ടമല്ലെന്നുണ്ടോ?

ഞാൻ ഭാവഭേദമില്ലാതെ ഒന്നു ചിരിച്ചുചോദിച്ചു. പ്രസിഡണ്ടിനിപ്പോ എന്താവേണ്ടത്?

അയാളുടെ മേശപ്പുറത്തുവെച്ച കൈ എന്റെ കൈയ്യിനോടടുത്തു. ആദ്യത്തെ സ്പർശനം ഞാനറിഞ്ഞില്ലെന്നു നടിച്ചു.

പറയൂ എന്നോടിഷ്ടക്കേടുണ്ടോ?

കൈ എന്റെ കയ്ത്തലത്തിൽ ശക്തിയായമർന്നു. ഞാൻ പെട്ടെന്നെഴുന്നേറ്റു.

മിസ്റ്റർ അൻവർ, താൻ പി.ടി.യെ പ്രസിഡണ്ടായിരിക്കാം. സ്കൂളിൽ ആവശ്യമുണ്ടെങ്കിൽ ഞാൻ പ്യൂണിന്റടുത്ത് കത്തുകൊടുത്തു വിളിപ്പിക്കും. അല്ലാതിവിടെ വരരുത്. ഇനിവരരുത്.

ഉം എഴുന്നേൽക്ക്. ടീച്ചർ അയാൾ എന്തോ പറയാനാഞ്ഞു. നിങ്ങൾക്കുപോകാം. ഐ സെ യു ഗറ്റ് ഔട്ട്. ●

# മിനിക്കഥകൾ



ശ്യാംജിത്ത്

## കലയെ കൊല്ലുന്നവർ


കുയിൽ പറഞ്ഞു. എനിക്ക് നന്നായി പാടാനറിയാം. ഇതുകേട്ട് മയിൽ പറഞ്ഞു. എനിക്ക് നന്നായി നൃത്തമാടുവാനും അറിയാം. കുയിൽ ഒരു മരക്കൊമ്പിലിരുന്ന് മനോഹരമായി ഈണത്തിൽ പാടുവാൻ തുടങ്ങി. സുന്ദരിയായ മയിൽ അതിമനോഹരമായി ലാസ്യഭാവത്തിൽ പതിയെ പീലിവിടർത്തി നൃത്തമാടുവാനും തുടങ്ങി. പെട്ടെന്ന്, വിശന്നു വലഞ്ഞ രണ്ട് പുള്ളിപ്പുലികൾ അവർക്കിടയിൽ ചാടിവീണ് അവരെ ഭക്ഷിച്ചു നോക്കൂ.... കലാസാദകരേക്കാൾ കൂടുതലായി കലയെന്തെന്ന് സ്വയം മനസ്സിലാക്കാതെ കലയെ ഇതുപോലെ കൊന്നു തിന്നുന്നവർ ചുറ്റിലും ഒളിച്ചിരിപ്പുണ്ട്. അവരെ എല്ലായ്പ്പോഴും നാം സൂക്ഷിക്കേണ്ടതുണ്ട്.

## ഭ്രാന്തൻ

അവൻ ധാരാളം പുസ്തകങ്ങൾ വായിച്ചുകൂട്ടി. രാവും പകലുമെന്നില്ലാതെ അവൻ പുസ്തകങ്ങളുമായി സല്ലപിച്ചു. അവയെ മാത്രം പ്രണയിച്ചു..... ചുറ്റുപാടുകളെ അവൻ പാടെ വിസ്മരിച്ചു. അവന്റെ ബന്ധുക്കളും സുഹൃത്തുക്കളും നാട്ടുകാരെല്ലാം അവനെ ഭ്രാന്തനെന്നു മുദ്രകുത്തി. അവൻ കടുപ്പിച്ചു പറഞ്ഞു കൊണ്ടിരുന്നു. എനിക്ക് ഭ്രാന്തില്ല.... എന്ന്. അവന്റെ പുസ്തകക്കെട്ടുകളെല്ലാം ഒരിക്കൽ ഒരു സന്ദർഭത്തിൽ ചുട്ടുകരിക്കപ്പെട്ടു. അപ്പോഴാണ് അവൻ ശരിക്കും ഒരു മുഴുഭ്രാന്തനായി മാറിയത്. ●



കോഴിക്കോട് ജില്ലാ പവർലിഫ്റ്റിംങ്ങ്
ചാമ്പ്യൻഷിപ്പിൽ മാസ്റ്റേഴ്സ് വിഭാഗം ചാമ്പ്യൻമാരായ കാലിക്കറ്റ് ബാർബെൽ ക്ലബ് ടീം



കോഴിക്കോട് ജില്ലാ പവർലിഫ്റ്റിംങ്ങ്
ചാമ്പ്യൻഷിപ്പിൽ മാസ്റ്റേഴ്സ് സ്ട്രോങ്ങ്മാൻ
ഓഫ് കോഴിക്കോട് 2013 ആയി
തിരഞ്ഞെടുക്കപ്പെട്ട
എ. ഗണേശൻ കാലിക്കറ്റ് ബാർബെൽ ക്ലബ്


*With best Compliments from*

ESTD : 1972

Calicut barbell Club


# MULTY GYM

P.O. Kuthiravattam
Calicut - 16
Ph: 9847010735,
9847941277



കഥ

# കടുങ്ങോൻ



പ്രശാന്ത് നടുവട്ടം



ഇടവഴിയിൽ നിന്നും ഇറങ്ങി ചെറിയ വെള്ളക്കെട്ടിലൂടെ നടന്നാൽ നീണ്ടുകിടക്കുന്ന വയലേലകൾ. നീണ്ടുനിവർന്ന് കാറ്റിൽ നൃത്തം വെക്കുന്ന നെൽച്ചെടികൾ. അതിൽ നിന്നും മധുരം കവർന്ന് പാറി പ്പറക്കുന്ന മൂളി വണ്ടുകൾ. കതിരു കൊത്തിത്തിന്നാൻ എങ്ങു നിന്നോ കൂട്ടമായി തത്തകൂട്ടങ്ങൾ ഇങ്ങനെയുള്ള വ്യത്യസ്തമായ കാഴ്ചകളാണ് ആ പ്രദേശത്ത് മുഴുവനും.

പാടത്തിന്റെ അരികിലായി മണ്ണ് വെട്ടി കൂട്ടിയുണ്ടാക്കിയ ചെറിയ ചാളകൾ. അതിലൊന്നിലാണ് കടുങ്ങോന്റെ താമസം. ഒരിടത്ത് ഒറ്റക്കിരുന്ന് പിറുപിറുക്കുന്ന അയാളെ പേടിയായിരുന്നു ഞങ്ങൾക്കൊക്കെ. മുടി നീണ്ട് ശരീരം മുഴുവൻ അടുക്കുപുരണ്ട് മുഷിഞ്ഞ് മുറിഞ്ഞ വസ്ത്രമായിരുന്നു അയാൾക്കെന്നും. കുടുംബങ്ങൾ എന്നുപറയാൻ ആരുമില്ലായിരുന്നു. മാത്രമല്ല ഞങ്ങളുടെ ഓർമ്മ ശരിയാണെങ്കിൽ പത്ത് പതിനെട്ട് വർഷത്തോളമായി കടുങ്ങോന് കാഴ്ചയുണ്ടായിരുന്നില്ല. എന്നാൽ ഒറ്റനോട്ടത്തിൽ ആർക്കും അറിയാത്ത കണ്ണുകളായിരുന്നു അയാളുടേത്. അത്കൊണ്ട് തന്നെ അയാൾക്ക് കണ്ണ് കാണാൻ കഴിയില്ലായെന്നത് ഞങ്ങൾക്കറിയുമായിരുന്നില്ല. കാഴ്ച ഉള്ളത്പോലെ, പാടത്തേക്ക് നോക്കി എന്തെല്ലാമോ പുലമ്പികൊണ്ടിരിക്കും. അത് കേട്ട് ഞങ്ങൾ ചെകിടോർക്കും. അന്ന് പറയുന്നത് ഇങ്ങിനെയാണെന്ന് ഞങ്ങൾക്ക് പിന്നീടാണ് മനസ്സിലാകുന്നത്. പാടത്ത് അധ്വാനത്തിന്റെ വിയർപ്പൊഴുക്കിയത് ഇന്നും ഒരു പുത്തനുണർവായി അയാൾ സൂക്ഷിയ്ക്കുന്നു. ചെറുപ്പക്കാലത്ത് ഓടിക്കളിച്ച പാടത്തെപ്പറ്റി, അതിന്റെ ഒരു ഭാഗത്ത് ഓടി ഒഴുകി പോകുന്ന വെള്ളത്തിന്റെ നേർത്ത പാദസരത്തിന്റെ ശബ്ദം എല്ലാമെല്ലാം അയാളുടെ ഓർമ്മയിലുണ്ട്. കണ്ണിന്റെ വെളിച്ചം മങ്ങി തുടങ്ങിയതിന്റെ കാരണം കടുപറഞ്ഞുതുടങ്ങി. അതൊരു രോഗത്തിന്റെ ലക്ഷണമാണെന്ന് ഞങ്ങൾ മനസ്സിലാക്കി.

അങ്ങനെയിരിക്കുമ്പോഴാണ് സൗജന്യ കണ്ണുപരിശോധനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടത്. അത് അയാളെ അറിയിച്ചപ്പോൾ ആദ്യം അതിന് തയ്യാറായില്ലെങ്കിലും ഒടുവിൽ ഞങ്ങളുടെ നിർബന്ധത്തിന് വഴങ്ങി. കാരണം ഇനി ഒരിക്കലും ലോകത്തെ കാണാൻ തന്റെ കണ്ണുകൾക്കാവില്ലെന്ന് അയാൾ ഉറപ്പിച്ചിരുന്നു. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ ചികിത്സയ്ക്ക് ഞങ്ങൾ അയാളെ കൊണ്ടുപോയി. ഡോക്ടർമാരുടെ വിശദമായ പരിശോധനയിൽ പാണ്ടിനാട്ടിലുള്ള കണ്ണാസ്പത്രിയിൽ കൊണ്ടുപോകാൻ തീരുമാനമായി. അത് കടുങ്ങാനോട് പറഞ്ഞപ്പോൾ അയാൾക്ക് സമ്മതമായി. കണ്ണ് കാണാൻ താൽപര്യമല്ലായിരുന്നു അയാൾക്ക്. തന്റെ പ്രദേശത്ത് നിന്നും വിട്ടുനിൽക്കുന്നതിനൊപ്പം നല്ല ഭക്ഷണം കഴിക്കാമല്ലോ എന്നും അയാൾ സമാധാനിച്ചു. അങ്ങനെഅയാളെ ഞങ്ങൾ യാത്രയാക്കി.

ഒരു മാസത്തിനുശേഷം കണ്ണുകൾക്ക് കാഴ്ച തിരിച്ചുകിട്ടുക മാത്രമല്ല. ഡോക്ടർമാരെപ്പോലും അത്ഭുതപ്പെടുത്തിക്കൊണ്ട് കടുങ്ങോൻ പതിനെട്ടുവർഷത്തെ അന്ധകാരത്തിൽ നിന്നും മോചിതനായി. നാട്ടിൽ തിരിച്ചെത്താനുള്ള കാര്യങ്ങൾ മുഴുവനും ആശുപത്രി അധികൃതർ ചെയ്തിരുന്നു. അങ്ങനെതന്റെ നാട്ടിലേക്ക് അയാളെ അവർ യാത്രയാക്കി. തന്റെ പ്രദേശത്തെ ബസ്റ്റോപ്പിൽ അയാൾ ബസ്സിറങ്ങി. വീട്ടിലേക്ക് പോകാനുള്ള വഴി അയാളുടെ ഓർമ്മയിലുണ്ടായിരുന്നില്ല. ഒടുവിൽ നായാടിച്ചന്റെ പീടികയിൽ നിന്ന് വഴി ചോദിച്ചപ്പോൾ കടുവിന് കണ്ണുകാണുന്ന വിവരം നായാടിച്ചനും അവിടെ കൂടിയവർക്കും അറിയുമായിരുന്നില്ല. കടുങ്ങോൻ അവരോട് വിളിച്ചുപറഞ്ഞു. എന്റെ കണ്ണുകളുടെ കാഴ്ചതിരിച്ച് കിട്ടി. എന്നാൽ അതവർക്ക് വിശ്വസിക്കാൻ കഴിയുമായിരുന്നില്ല. കാഴ്ചശക്തി പരിശോധിക്കാൻ നായാടിച്ചൻ കൈയ്യുയർത്തി വിരൽ കടുവിന്റെ കണ്ണിലേക്ക് ചൂണ്ടാൻ നോക്കി. കടു കൈയ്യ് മെല്ലെ തട്ടിമാറ്റിയിട്ട് പറഞ്ഞു. എന്റെ വീട്ടിലേക്ക് പോകാനുള്ള വഴി കാണിച്ചു തന്നാൽ മതി. അപ്പോഴാണ് അവിടെ കൂട്ടംകൂടി നിന്നവർക്ക് കടുവിന് കാഴ്ചയുണ്ടെന്ന് മനസ്സിലായത്.

വീട്ടിലേക്കെത്താൻ ഞങ്ങൾ എല്ലാവരും ഹർഷാരവത്തോടെ കടുവിനെഅനുഗമിച്ചു. അന്ധതയിൽ നിന്നും പൂർണ്ണമായും മുക്തിനേടിയ ചാരിതാർത്ഥ്യത്തോടെ കടു താൻ നടന്നുപോയ വഴികളിലൂടെ കണ്ണുകൾ പായിച്ചു.

അങ്ങനെയിരിക്കെ ഒരിയ്ക്കൽ അവിടെയൊക്കെ ചുറ്റിപ്പറ്റി നടന്നിരുന്ന സ്ഥലത്തെ ദിവ്യന്മാർ മോഹനനും പ്രകാശനും കൂടി കടുവിന്റെ കൈയ്യിൽ 200 രൂപ കൊടുത്ത് മദ്യം വാങ്ങിക്കൊണ്ടുവരാൻ പറഞ്ഞു. മദ്യം വാങ്ങി വന്നാൽ ചെറിയൊരളവ് മദ്യം അയാൾക്കും കൊടുക്കുമായിരുന്നു. ഒരു ഉത്സവസമയത്ത് മദ്യം കൂടുതൽ വാങ്ങാൻ അവർ കടുവിന് പണം കൊടുത്തു. അന്ന് അയാൾക്ക് കൊടുത്ത മദ്യത്തിന്റെ വ്യാപ്തിയും അവർ കൂട്ടി. നിയന്ത്രിക്കുവാനോ ഉപദേശിക്കുവാനോ ആരും ഇല്ലാത്തത്കൊണ്ടോ എന്തോ നല്ലവണ്ണം മദ്യം അന്ന് അയാൾ അകത്താക്കി. ഒടുവിൽ നടക്കാൻപോലും കഴിയാതെ ഇഴഞ്ഞുനീങ്ങിയതുപോലെ തന്റെ ചാളയുടെ തെക്കെ മൂലയിലുള്ള തെങ്ങിൻ തൈയ്യുടെ ചുവട്ടിൽ തളർന്നു വീണു കൈ കാലുകൾ വിറങ്ങലിച്ചു. ശബ്ദം പുറത്തേക്ക് വരാതായി. കണ്ണ് കാട്ടിതന്ന ലോകത്തിന് നന്ദി പോലും പറയാനാകാതെ കടു മരണത്തിലേക്ക് വഴുതിവീണു.

ലേഖനം

# വർഗ്ഗ സഹകരണ സിദ്ധാന്തം ഇതാ ഇവിടെ



ഇയ്യങ്കോട് ശ്രീധരൻ

അവിഭക്ത പാലക്കാട് ജില്ലയിൽ മലപ്പുറവും ഉണ്ടായിരുന്നുവല്ലോ. കുതിരാൻ മുതൽ പറമ്പികുളംവരേയും ചാവക്കാടു മുതൽ നിലമ്പൂർ വരെയുമായിരുന്നു അതിന്റെ ഭൂവിസ്തൃതി. ഇന്ത്യയിലെ നാടോടി പഠനഗവേഷണ കേന്ദ്രങ്ങൾ അംഗീകരിച്ച പ്രകാരം കേരളത്തിലെ ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് ഗ്രാമീണ കലാരൂപങ്ങളുടെ ആവാസ ഭൂപ്രദേശമാണ് ഇതെന്നു കാണാം.

അവയിൽ പലതും ഇന്നു നാമാവശേഷമായെങ്കിലും ജനപ്രീതിയാർജ്ജിച്ച പലകലാരൂപങ്ങളും പുതിയ കാലത്തും പരിപൂർണ്ണ ശോഭയോടെ പരിലസിക്കുന്നു.

പാലക്കാട്ടും നഗരപരിസരങ്ങളിലുമെല്ലാം കർണ്ണാടക സംഗീതരംഗത്തെ പ്രതിഭകളെ പോറ്റി വളർത്തിയിരിക്കുന്നു. വള്ളുവനാട് ശരിക്കുപറഞ്ഞാൽ വെള്ളിനേഴിയും പരിസരവും ആണ് കഥകളിയെ രക്ഷിച്ചത്.

മലമക്കാവ്, തിരുവേഗപ്പുറ, പല്ലശ്ശന, പല്ലാവൂർ പ്രദേശങ്ങൾ മേള പാരമ്പര്യത്തെ കാത്തുപോരുന്നു. പട്ടാമ്പി, മണ്ണാർക്കാട് പ്രദേശങ്ങളാണ് കളമെഴുത്തിന്റെ കലാപ്രതിഭകളെ രക്ഷിച്ചത്. ഒറ്റപ്പാലം താലൂക്കിലാണ് ഏറെയും പൂതനും തിറകലാകാരന്മാരുമുള്ളത്. കണ്ണ്യാർ കളിയും പൊറാട്ടുകളിയുമെല്ലാം ആലത്തൂർ, ചിറ്റൂർ താലൂക്കുകളിലെ സമ്പാദ്യമാണ്.

കേരള സാഹിത്യ അക്കാദമിയും സംഗീത നാടക അക്കാദമിയും ഇപ്പോൾ പുതുതായി പ്രവർത്തനം ആരംഭിച്ച ഫോക്ക്ലോർ അക്കാദമിയും കലാമേഖലകളെ പ്രോത്സാഹിപ്പിക്കുന്നുണ്ടെങ്കിലും ഇവയുടെയെല്ലാം ശാസ്ത്രീയമായ സംരക്ഷണത്തിന് വേണ്ടത്ര പദ്ധതികൾ ആവിഷ്ക്കരിക്കുന്നില്ല എന്നു പറയാതെ വയ്യ.

ഏതാണ്ട് ഒരു പതിറ്റാണ്ട് മുമ്പ് വരെ സാഹിത്യ-കലാ ചർച്ചകൾ നിരന്തരം നടന്നുവന്ന ഒരു നഗരമായിരുന്നു പാലക്കാട്. നിരവധി കലാ സംഘടനകളും സാഹിത്യ കലാരംഗത്തെ പ്രതിഭകളും പ്രവർത്തകരും ഇക്കാര്യത്തിൽ മത്സരിക്കുകയായിരുന്നു. പുതിയ നാടക പ്രദർശനങ്ങളും സാഹിത്യ ചർച്ചകളുംകൊണ്ട് സജീവമായ പാലക്കാട് നഗരം ഇന്ന് ഓർമ്മയിൽ മാത്രം. ഒരുപാട് സഹൃദയർ അന്ന് ഇതിനെയെല്ലാം പ്രോത്സാഹിപ്പിച്ചിരുന്നു.

ദേശാഭിമാനി സ്റ്റഡിസർക്കിളും പുരോഗമനകലാസാഹിത്യ സംഘവും ശിവദാസ് ആർട്സ്, തൃപ്തി തുടങ്ങിയ സംഘടനകളുമെല്ലാം അന്ന് ആസ്വാദകബോധം ഉയർത്തിയെടുക്കുവാൻ ഉത്സാഹിക്കുകയുണ്ടായി.

1970- മുതൽ മൂന്നുപതിറ്റാണ്ടുകാലം ഇതെഴുതുന്ന ആൾതന്നെ സംഘടിപ്പിച്ച പലപരിപാടികളുടേയും പഴയ അറിയിപ്പുകൾ ഇപ്പോൾ ഗൃഹാതുരത്വമുണ്ടാക്കുന്നില്ല. പുതിയ നൂറ്റാണ്ടിന്റെ പിറവിയോടെ കാര്യങ്ങൾ അവതാളത്തിലാകുന്നതു നാം കാണുന്നു.

കലാരംഗത്തെ കൂട്ടായ്മ അസ്തമിക്കുകയും ഔദ്യോഗിക പ്രൗഢി അഭിനയിച്ച ഉദ്യോഗസ്ഥ മേധാവിത്വം, സമൂഹത്തിലെ കസവു വേഷ്ടി മോഹിച്ച് പുത്തൻ കലാസാഹിത്യ സംഘടനകൾ രൂപീകരിക്കുകയും ചെയ്യുന്ന ആനമയിലൊട്ടകം കളി, എനിക്ക് തോന്നുന്നു. ആദ്യം അരങ്ങേറിയ നഗരം പാലക്കാടാണ്.

പ്രമുഖ പത്രപ്രവർത്തകരേയും ദൃശ്യമാധ്യമ പ്രവർത്തകരേയും അവർ വരുതിയിലാക്കി. അവരെ മാത്രമല്ല ജില്ലാതലത്തിൽ അധികാരം മാറിമാറി കൈകാര്യം ചെയ്യുന്ന പൊതു പ്രവർത്തകരും അവരുടെ പെരുമാറ്റ - പരിസര സൗന്ദര്യങ്ങളിൽ മുഴുകി.

ഇടതു വലതു ചേരി എന്ന വ്യത്യാസമൊന്നും ഇവിടെ ഉണ്ടായില്ല എന്നത് രസകരമായ വിഷയമാണ്. ആഗോളവൽക്കരണം എങ്ങനെസാഹിത്യ കലാരംഗത്തെ പിടികൂടും എന്നറിയാൻ ഗവേഷകർ പാലക്കാട്ടു വന്നാൽമതി. ഉന്നതകുല ലജാതരേയും ഉയർന്ന ഇടത്തരക്കാരേയും ആദ്യഘട്ടത്തിൽ വരുതിയിലാക്കി, നഗരപരിസരങ്ങളിൽ കേന്ദ്രീകരിച്ച് ജീവിച്ച, ഉയർന്ന ലാവണങ്ങളിൽ നിന്ന് വിരമിച്ച വിഭാഗങ്ങളെയെല്ലാം സമീപിച്ച് അവർക്കെല്ലാം ഒത്തൊരുമിക്കാനും ചിരിച്ചു കളിക്കാനുമുള്ള വേദിയുണ്ടാക്കലായിരുന്നു, ഇത്തരം അഭിജാത (അനഭിലഷണീയ) കലാ സംഘടനകളുടെ മുഖ്യദൗത്യം.

ഇത് തീർത്തും സാഹിത്യ കലാരംഗങ്ങളിൽ നടക്കേണ്ടുന്ന വർഗസമരത്തിന് കടക വിരുദ്ധമായിരുന്നുവെങ്കിലും നാലാം ലോകക്കാരൻ പറയുന്ന വർഗസഹകരണ സിദ്ധാന്തം ആദ്യം നടപ്പിലാക്കിയ നഗരം പാലക്കാടാണെന്നു വന്നു.

കുറേക്കാലം സാഹിത്യ രംഗങ്ങളിൽ ഗൂഢാലോചനയായിരുന്നു. അറിയപ്പെട്ട പല എഴുത്തുകാരേയും പുകച്ചു പുറത്തുചാടിച്ച് ഇറക്കുമതി എഴുത്തുകാർക്ക് താവളമൊരുക്കാനായിരുന്നു, ഇത്തരം ഗൂഢാലോചനാ യോഗങ്ങൾ.

അതിൽ ക്രമത്തിൽ ആളു കുറവായപ്പോൾ സംഗീത നൃത്ത മേളകളായി. അതിനായി മാത്രം പുതിയ അഖിലേന്ത്യാ സംഘടനകളുടെ തണലിൽ ഒരു യൂണിറ്റുണ്ടാക്കി.

നോക്കൂ, ഇതിനെയെല്ലാം പ്രോത്സാഹിപ്പിക്കാനും നയിക്കാനും ബഹുജനാഗീകാരമുള്ള പ്രസ്ഥാനങ്ങളുടെ നായകരുമുണ്ടായി സത്യത്തിൽ ഇതിനെയൊക്കെയാണല്ലോ ആധുനിക മാനേജ്മെന്റ് എന്നു പറയുന്നത്.

ആധുനിക മാനേജ്മെന്റ് കൗശലങ്ങളുടെ ആപ്തവാക്യം സ്പോൺസർഷിപ്പ് എന്നാണ്. മെഗാ കലാമേളകളുടെ പുറകിൽ കാണുന്ന കണ്ണഞ്ചിപ്പിക്കുന്ന ബാനറുകളിലെ പരസ്യവാചകങ്ങൾ പരിപാടികണ്ടിരിക്കുന്ന അനുവാചകന്റെ ബോധങ്ങളിൽ ലഹരിയായിമാറുന്നു.

കാര്യം എത്ര ലളിതം. കാശ് താനേവരുന്നു. ലോകം മാറുന്നതിനനുസരിച്ച് പാലക്കാടും മാറുന്നു. പാലക്കാടിനെലോസ് ഏഞ്ചൽസാക്കി മാറ്റാൻ എത്ര അവതാര രൂപങ്ങളാണ് അനവരതം പാടുപെടുന്നത്! അവർക്ക് ശുഭം നേരാതെ അപഹസിക്കുവാൻ പുറപ്പെടുന്നവർ അൽപന്മാരാണ്.

പഴയ പുരോഗമനമല്ല ഇപ്പോഴത്തെ പുരോഗമനം എന്ന് ഇക്കൂട്ടർ സിദ്ധാന്തിക്കുന്നു. ഇതൊക്കെ പത്രസമ്മേളനത്തിലും വിളിച്ചുകൂവുന്നു.

വിമർശനം അസഹ്യമാവുന്നവരുടെ മനോനില ഫാസിസത്തിന്റേതാണെന്ന് അറിയാത്തവരോട് തർക്കിച്ചിട്ട് കാര്യമില്ല.

ഞാൻ ചുരുക്കുന്നു.

പാലക്കാട് ജില്ലയും നഗര പരിസരങ്ങളും തീർത്തും ജനകീയമായ ഒത്തുചേരലുകൾക്ക് എക്കാലവും സാക്ഷ്യം വഹിച്ച പ്രദേശങ്ങളാണ്.

അത് ഏതാനും പ്രമാണിമാരുടെ താവളമാക്കാനുള്ള ആസൂത്രിത ശ്രമങ്ങൾക്ക്, ആഗോളവൽക്കരണ വിദ്യകൾ പശ്ചാത്തലമാകുന്നു. അതിന് പറ്റിയ മെഗാ-കലാമേളകളും മത്സരങ്ങളും അരങ്ങേറുന്നു.

രണ്ടോ മൂന്നോ പേർ മുറിയിലിരുന്ന് ആസൂത്രണം ചെയ്യുന്ന ഇത്തരം ഗൂഢാലോചനയ്ക്കെതിരെ, എന്തേ മാധ്യമങ്ങൾ പ്രതികരിക്കാത്തത്? എന്തേ, സഹൃദയർ നിശബ്ദമാവുന്നത്?

ജോലിയിൽനിന്നും വിരമിച്ചവരുടെ താവളമാണോ, സാഹിത്യകലാരംഗം? ജനശ്രദ്ധയിൽ നിന്നും തങ്ങൾ ഒഴിവാക്കപ്പെടുമോ എന്ന ആശങ്ക പരിഹരിക്കാനുള്ള മാർഗ്ഗമാണോ, കലാമേളകൾ?

നാളെ വല്ല രാഷ്ട്രീയ കക്ഷിയും പരിഗണിച്ചാൽ ഭരണസാരഥിയാവാനുള്ള ചവിട്ടുപടിയാണോ സാഹിത്യ സംവാദം. ഉത്തരം പറയേണ്ടത് ഞാനും നിങ്ങളുമാണ്.

## GLAMOUR



**GENTS WEAR MANKAVE Whole Sale & Retail**
*Mob: 9847756569, Naluparambil Complex, Calicut - 7*

**Pants, Geans, Shirt, T-Shirts etc....**

India's No - 1
## AKSHAYA WATER PROOFING

29/851, Kottoli, Mavoor Road,Kozhikode - 673016
*Mob : P.P. Pradeep - 9447312616, 9037940457*
*Email: aakshayawaterproof@gmail.com*

ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം
ഗ്യാരണ്ടിയോടുകൂടി ചെയ്തുകൊടുക്കുന്നു.

ZamZam JEWELLERY

Kulangarapeedika, Kozhikode.
Ph: 2332505, 9946309013

## ന്യൂകാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ്

മൂരിയാട് റോഡ്
പുതിയപാലം, കോഴിക്കോട്

കാർ സ്പ്രേപെയിന്റിങ്ങ്, ബോഡി വർക്സ്,
എഞ്ചിനീയറിംഗ് വർക്ക്സ്
ഫോൺ : മണി 9846386998

രുചികരമായ ഭക്ഷണ പദാർത്ഥങ്ങൾക്ക്

## ടി.പി. ടീ സ്റ്റാൾ

കുറ്റിയിൽതാഴം,
കോഴിക്കോട്
മനോജ് 9847915793

## P.V. ENTERPRISES

**DEALERS IN ELECTRICAL & PLUMBING MATERIALS**
17/1894/A6, Abba Arcade Building,
East Kottaparamba,
G.H. Road, Kozhikdoe-1.
Ph:0495 4025101, 3042762 Mob: 9387338100

## MANAMKULAM TIMBERS

Chalappuram P.O., Calicut-673 002, Kerala
Whole Sale and Retail Dealer of all types of Timber logs & Sizes, Nilotika Sizes Available
Ph: Abdul Nazar - 9847010745
Mohemed Faizel - 9847133878

## MANAMKULAM ENTERPRISES

Chalappuram P.O., Calicut-673 002, Kerala
Ph: Off: 2302884, Res: 2301916 Mohammed Ashraf: 9847755130
**WHOLE SALE DEALER ANCHOR PLYWOOD**
Dealers: Plywoods, Laminated Sheets, Black Boards, Aluminium Items, Hardware, Timbers etc.

## SREELAKSHMI ENTERPRISES

MANKAVE, CALICUT
Ph: 9847005566, 9847140046
Dealers of: Jhonson & Jhonson

## AIWA TAILORING

(GENTS)

***Sreevalayanad, Kozhikode - 673007***
***Ph: Baiju : 9037164023***

## Highness Cool Refrigeration & Air Conditions

NEAR POST OFFICE, MANKAVE, CALICUT - 7
*(Service for Airconditioner, Refrigerator, Washing Machine, Spray Painting,etc.)*
***Mob: 9349810003***

## Universal College

**MANKAVE, CALICUT - 7**
*Classer for: Spoken English, Computer & Accountancy*
**Contact No: 9387524341, 9895647906**


14- ബാറുകൾക്കൂടി നമ്മുടെ സർക്കാർ അനുമതി നൽകിയിരിക്കുന്നത്
ഹു..... ഇങ്ങോട്ട് വാ. സ്ത്രീപീഡനക്കേസുകൾക്ക് ഹൈക്കോടതിയിൽ പ്രത്യേക ബെഞ്ചും നിലവിൽ വന്നിട്ടുണ്ട്


കുട്ടിയെ പീഡിപ്പിച്ചവരിൽ ഒരാൾ സിനിമ സംവിധായകനാണെന്ന് എങ്ങനെ മനസിലായി?
താൻ എതിർക്കുമ്പോഴെല്ലാം അയാൾ 'കട്ട്...കട്ട്...' എന്ന് പറയുന്നുണ്ടായിരുന്നു സാർ


സൗദിയിൽ നിന്ന് മടക്കം തുടരുന്നു.
ബംഗാളികൾ കേരളം വിടുക.


ഇത്തരക്കാർക്ക് നൽകുന്നതാണോ? ഈ ഓസ്കാർ
രാജി വെക്കണം VS...

ലേഖനം

# കേരളം അിറയാതെപോയ സഹൃദയ പ്രഥമാന പദസ്ഥിത പ്രഥിതമുഖ്യജനാഗ്രണി പോൾ കൊള്ളന്നൂരിന്റെ (കവിയുടെ) ഹൃദയ നൊമ്പരം



**നക്ഷത്രരാജ്യം ഇ രാധാകൃഷ്ണൻ**

**സംഭവാമി യുഗേയുഗേ**

കലിയുഗത്തിൽ കാണാത്തതു കാണുമെന്നും കേൾക്കാത്തതു കേൾക്കുമെന്നും ഒരു വിധമൊക്കെ മനസ്സിലാക്കി വരികയാണ്. ഞാനെന്നു പറഞ്ഞാൽ മറ്റു ജീവജാലങ്ങളെപ്പോലെ ജീവിച്ചുപോരുന്ന കേവലമേതോ പരമാണുവാണുതാനും. ഇത്രയ്ക്കേ എന്നെക്കുറിച്ച് എനിക്കറിയുകയുള്ളു. ലോകമെമ്പാടും പെരുകി പെരുകിവരുന്ന മനുഷ്യമഹാസമുദ്രത്തിൽ ഞാനൊരു ജീവി. ഞാനാരുമല്ല. എങ്കിലും എന്റെ ജന്മവാസനയിലെ ഉറവയിൽ നിന്നും ഞാനറിയാതെ ഒഴുകിവന്ന എന്തോ, അതാണെന്റെ കവിതകൾ. ഇങ്ങനെ കവിത എഴുതാൻ തോന്നാതിരിക്കണമെന്നാണ് എന്റെ പക്ഷം കാരണം ഈ യുഗത്തിന് ചേർന്നവനല്ല ഞാൻ. ഈ കാലഘട്ടത്തിനു യോജിച്ച ചിന്തകളല്ല എന്റേത്.

**"കപടവൃത്തി തുടരും ജനങ്ങളിൽ**
**കപടമെന്നിയേ ശുദ്ധത കാണുമോ?"**

മറ്റുള്ള ചില മനുഷ്യരെപ്പോലെ സ്വരാഷ്ട്രത്തെ മറന്ന് കള്ളക്കടത്തും കള്ളക്കണക്കും, കള്ളപ്പണവും സമ്പാദിക്കുവാൻ വശമില്ല. ഇതു വശമാകാത്തതിൽ ദുഃഖവുമില്ല. പരിമിതമായ കഴിവുകളിൽ ഒതുങ്ങിക്കൂടി ഒരു വിധത്തിൽ ദിവസം തള്ളിനീക്കിപ്പോരുന്നു, ജീവിയ്ക്കുന്നു. ഏക നേത്രനായും ഏകനായും ജീവിയ്ക്കുന്ന എന്നോടാരും അസൂയപ്പെടാതിരുന്നാൽ കൊള്ളാം.

ഹൃദയനൊമ്പരത്തോടെയുള്ള കവിയുടെ തന്നെക്കുറിച്ചുള്ള കണ്ടെത്തൽ ഏതൊരു കഠിനഹൃദയന്റേയും മനസ്സലിഞ്ഞുപോകുന്നതായി ഭവിക്കണമായിരുന്നുവെന്നാശിച്ചുപോകയാണ് ലേഖകൻ. കവിയുടെ വിജ്ഞാന ഭാവന കവിയുടെ കവിതകളിൽ എല്ലാം ഉള്ളതുപോലെതന്നെ "ശാസ്ത്രദീപ്തി" എന്ന കവിതയിലെ വിഷയങ്ങളും ഭാവങ്ങളും വൃത്തങ്ങളും എല്ലാം ചിന്തയെ ഉദ്ദീപിക്കുന്നവയായിരുന്നു എന്നു മനസ്സിലാക്കാൻ ഏതൊരു കവി ഹൃദയനും ലവലേശം രണ്ടാമതെന്നു ആലോചിക്കേണ്ടിയിരുന്നില്ല എന്നതു വാസ്തവം തന്നെ.

പ്രശസ്ത കവിയായിരുന്ന പരലോകം പ്രാപിച്ച ശ്രീ. കെ.കെ. രാജ; പോൾ കൊള്ളന്നൂരിനെ ആശംസിച്ചെഴുതിയ വരികൾ തന്നെ കവിയുടെ കവിതകളുടെ കാവ്യ മാധുരി അംഗീകാരത്തിന് ഉദാഹരണമായി കുറിച്ചിടാം.

**കേയെൽപ്പോളിൻ കവിത കളീയെൻ**
**കണ്ണിനു ചെവിക്കുമൊരുപോലെ**
**പായസമാധുരിയരുൾ വൂ**
**ശ്രേയസ്സുണ്ടാകയെന്നു നേരുന്നേൻ.**

കവികളേയും കവിതകളേയും വളരെ ആദരിക്കുന്ന ഒരു സഹൃദയനാണ് പോൾ കൊള്ളന്നൂർ. നല്ല കവികളുടെ ഉള്ളിൽത്തട്ടുന്ന കവിതകൾ വീണ്ടും വീണ്ടും ഉരുക്കഴിക്കുക കവിയുടെ ഒരു സ്വഭാവമാണ്. നിരന്തരമായ കവിതാനുസന്ധാനം ചില സമയത്ത് കൊള്ളന്നൂരിനെ കവിയാക്കി മാറ്റും. ആ നിമിഷങ്ങളിൽ അദ്ദേഹം ചില ചെറുകവിതകൾ മൂളും. ചിലപ്പോൾ അവ കുറിച്ചിടുകയും ചെയ്യും. അങ്ങനെ അതാതു കാലങ്ങളിൽ രൂപം കൊണ്ടിട്ടുള്ള പല കവിതകളിൽ പലവിഷയങ്ങൾ, പല വൃത്തങ്ങൾ, പല ഭാവങ്ങൾ എല്ലാം ചിന്തയെ ഉദ്ദീപിപ്പി

ക്കുന്നവ. ആർക്കും മനസ്സിലാകുന്ന ഭാഷ. ആരും മനസ്സിലാക്കേണ്ട കാര്യങ്ങൾ. പണ്ഡിതരത്നം കെ.പി. നാരായണപ്പിഷാരടിയുടെ വാക്കുകളിൽ പോൾ കൊള്ളന്നൂരിനെകുറിച്ചുള്ള അഭിനന്ദനത്തിന്റെ തേൻതുള്ളികൾ മാരിയായി വാക്കുകളിൽ ഒലിച്ചിറങ്ങി ഓളങ്ങൾ സൃഷ്ടിച്ചു.

**<u>ശാസ്ത്ര ദീപ്തി</u>**

ആദിയിലത്ഭുത സൂര്യഗോളം
ആമുഖ വൈഖരീ ബിംബം
    ആകർഷണം കൊണ്ടു തിങ്ങി - വിങ്ങി
    ആകെക്കുലുങ്ങിക്കുഴങ്ങി
ആറിയഖണ്ഡം, ഗ്രഹങ്ങൾ - നീങ്ങി
ആലസ്യം; ചന്ദ്രനും പൊങ്ങി
    ആയിടക്കുള്ളിൽ കറങ്ങും ഭൂവിൽ
    ആദിമനുഷ്യൻ പിറന്നു
ആരണ്യകനായ്ക്കഴിഞ്ഞ - മർത്ത്യൻ
ആദ്യ പാഠങ്ങൾ കുറിച്ചു,
    ആണ്ടുകൾ പിന്നിട്ടുപോയി - കാലം
    ആരാമ ചന്ദ്രികയായി,
ആരാധ്യരായി മനുഷ്യർ - ലോകം
ആഗോള യുദ്ധങ്ങൾ കണ്ടു,
    ആശകളോരോന്നുകൂടി - വീണ്ടും
    ആകാശ മാർഗ്ഗങ്ങൾ തേടി
ആരാലിറങ്ങിവരുന്ന - ശാസ്ത്രം
ആ ദേശ മാലാഖമാരായ്,
    ആകാശപേടകം തന്നി-ലേറി
    ആംസ്ട്രോങ് ചന്ദ്രനിലെത്തി
ആരും കയറാത്ത ചന്ദ്രഗോളം
ആൽഡ്രിനും കൂട്ടരും ചേർന്നു
    ആവോളം ചുറ്റിക്കറങ്ങി കോളിൻ
    ആസ്വാസ സന്ദേശമേകി
ആകാശ മാർഗ്ഗം പറന്നു - വീണ്ടും
ആയവർ ഭൂമിയിൽ വന്നു.
    ആവർത്തനങ്ങൾ തുടർന്നു -
    പിന്നെ ആഗോള ശാസ്ത്രം തെളിഞ്ഞു.
മാനത്തുകാണും വിചിത്രം - വേദ
മാനസചിത്രങ്ങൾ മാത്രം!
    മാന്ത്രിക മല്ലിതു സത്യം - നവ
    മാനവ ശാസ്ത്രീയ തത്വം
ബിംബ പ്രതിബിംബമല്ലി - ധർമ്മ
ബന്ധുര ബീജകബന്ധം,
    ബിംബം കണക്കേ വളർന്നു - വിശ്വ
    ബന്ധങ്ങൾ വിശ്രുത ദീപം

ജന്മഭൂമി, കലയും ജീവിതവും, വിടയും വൈലോപ്പിള്ളിയും, വിവേകാനന്ദ ശില (ഗദ്യ കവിത), രാഗലീല, ഹൈന്ദവ ഭൂതി, ജീവയാത്ര, ജീവിത രശ്മികൾ, ക്രിസ്തു വീണ്ടും ക്രൂശിൽ, ലോകഗതി, നിരൂപണം, നാളയെപ്പറ്റി, നിയതിയും മനുഷ്യനും, ഡാർവിനും ഗാന്ധിജിയും, അരുതകേരളം, പ്രകൃതി പാഠങ്ങൾ,



അഷ്ടഗ്രഹയോഗം, പ്രളയവും മനുഷ്യനും, സാംസ്ക്കാരിക വിപ്ലവം കുയിൽ, വിശ്വദീപം, കിലുങ്ങുന്ന ചിന്തകൾ, തൃശൂർ പൂരം, നീതി വാക്യം ഇങ്ങനെ പോകുന്നു കവിയുടെ കവിതകൾ.

കവിത്രയത്തിൽ കാവ്യ ഹൃദന്തം
വരച്ച കേരളമേ!
നമുക്കുയരാം തുടർന്നു പോകാ-
മവർതൻ കാലടികൾ

ഉള്ളൂരിന്റെ പ്രേമസംഗീതത്തെ ഓർമ്മിപ്പിക്കുന്നതാണ് ആർക്കുമുയരാം എന്ന കവിത. ഉള്ളൂർ, ആശാൻ, വള്ളത്തോൾ എന്ന കവിത്രയത്തിന്റെ കവിതകളെ അനുസ്മരിച്ചു കൊണ്ടാണ് കവി ആർക്കുമുയരാം എന്ന മേൽ ഉദ്ദരിച്ച കവിത രചിച്ചത്.

ഒരേ ഇരുപ്പിൽ വായിച്ചുതീർക്കാവുന്ന നല്ല കവിതകളെഴുതിയ പോൾ കൊള്ളന്നൂർ ഈ ലേഖകനുമായുള്ള കൂടിക്കാഴ്ചയിൽ 2009ൽ അല്ലെങ്കിൽ 2010ൽ കുടുംബ പ്രാരാബ്ദവും രോഗവും അദ്ദേഹത്തെ തീരെ അവശനാക്കിയിരുന്നു. പ്രശസ്തരായ സാഹിത്യകാരുടെ കഥകൾ നേരിട്ട് ശേഖരിച്ച് "നക്ഷത്ര രാജ്യം" മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ള രാപകലന്യേ തൃശൂർ ജില്ലയിലെ ദിക്കറിയാത്ത പല പ്രദേശങ്ങളിൽ കൂടിയുള്ള അന്നത്തെ അലച്ചിനിടയിൽ പ്രദേശത്തുകാരിൽ നിന്നുലഭിച്ച അറിവിനൊടുവിലാണ് രാത്രി 10.30ന് അദ്ദേഹത്തിന്റെ വീട്ടിൽ എത്തിച്ചേർന്നത്. പിന്നീട് ദിക്കും പ്രദേശവും അദ്ദേഹം തന്ന കവിതകളും കൈമോശം വന്നുപോയി എന്നുകരുതിയിരുന്നെങ്കിലും എന്തിനോ വേണ്ടിയുള്ള തിരച്ചിലിനിടയിൽ അദ്ദേഹത്തെ കുറിച്ച് ഓർമ്മിപ്പിക്കുമാറ് വീണ്ടുകിട്ടിയ കവിതകളിൽ ഒന്നെങ്കിലും നക്ഷത്രരാജ്യം മാസികയിൽ വർഷങ്ങൾക്കു ശേഷമെങ്കിലും പ്രസിദ്ധീകരിക്കുവാൻ സാധിച്ചതിൽ ചാരിതാർത്യമുണ്ട്. ഈ അവശ കവി പോൾ കൊള്ളന്നൂരിനു സർക്കാർ തലത്തിൽ സാമ്പത്തിക അവാർഡും അംഗീകാരവും കൊടുത്ത് സഹായിച്ചിരുന്നെങ്കിൽ എന്നു ഒരു സഹൃദയനെന്ന നിലയിൽ പ്രദേശത്തുകാരെപ്പോലെ ലേഖകനും മനസാ ആലോചിച്ചുപോകുന്നതിൽ തെറ്റില്ലയെന്നു വിശ്വസിക്കുന്നതുകൊണ്ട് പോൾ കൊള്ളന്നൂരിന്റെ ശാസ്ത്ര ദീപ്തി എന്ന കവിത ബഹുജനസമക്ഷം വിനയാദരപുരസ്സരം പ്രസിദ്ധീകരിക്കുന്നു. അർഹതപ്പെട്ടത് സമയം വൈകി എത്തിക്കുന്നത് മഹാമനസ്കതയായി ചിന്തിക്കാതിരിക്കുന്നത് ഏതൊരു മനുഷ്യനേയും നല്ല ഗുണമായാണ് സമൂഹം അംഗീകരിക്കുകയെന്നത് ചിലരുടെ കാര്യത്തിലെങ്കിലും ബോധത്തിലെ സുവിചാരമാവുകയും വേണം. ●

DUST FREE PAINTING BOOTH

# Mech World



FOUR WHEELER WORKSHOH

Manari, P.O. Thiruvannur. Mob: 9447158913

DUST FREE PAINTING BOOTH ACCIDENT REPAIR

DUST FREE PAINTING BOOTH, ACCIDENT REPAIR

**Workshop:**

*DESHAPOSHINI COMMUNITY HALL, P.O. KUTHIRAVATTAM, CALICUT - 16*

# സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണ്ണിച്ചർ





അർപണ സെന്റർ, കോഴിക്കോട്, ഫോൺ: 0495 2353022

സി.എം. സുന്ദരൻ - 9388412430

ഗ്ലാസ്, പ്ലൈവുഡ്, ഫർണിച്ചർ, ഫൈബർഡോർ, ഹാർഡ്‌വേർ, കിച്ചൺ ക്യാബിനറ്റ്, അക്വേറിയം, ഗ്ലാസ്സ് ബെന്റിംഗ്, കളറിംഗ്, ബവലിംഗ്, എച്ചിങ് വർക്സ്





സി.എം.എസ്. ഗ്ലാസ്, പ്ലൈവുഡ് & ഫർണിച്ചർ പൊറ്റമ്മൽ, ഫോൺ: 3299956

# മാതാ ഏജൻസീസ്

മെഷിൻ ഉപയോഗിച്ച് കാട്, പുല്ല് വെട്ടൽ, കോൺക്രീറ്റ് കട്ടിംഗ്, മരം മുറിക്കൽ, ടൂൾസ് വാടകക്ക് കൊടുക്കുന്നു.

പ്ലംബിംങ്ങ് & സാനിറ്ററി വർക്കുകൾ ചെയ്തുകൊടുക്കുന്നു.



*Mob: 9387029919, 9287306802*

Velliparamba, 5th Mile, Calicut - 8

എല്ലാവിധ ഇൻഡസ്ട്രീയൽ ജോലികൾക്കും സമീപിക്കുക



# ശാരദ


ഇൻഡസ്ട്രീയൽസ്

കാളൂർ റോഡ്, മാങ്കാവ്
കോഴിക്കോട് - 673 007
Mob: 9846412070



കഥ

# വഴിയോര കാഴ്ചകൾ



എം.കെ. ഷജീഷ്
ഇരിങ്ങാടൻപള്ളി

ഇടുങ്ങിയ ഈ തെരുവിന്റെ ഏറെയകലെയല്ലാതെ, ആ തെരുവിലൊരു ബഹളം കേട്ടപ്പോൾ ഞാൻ ശ്രദ്ധിച്ചു. തലയിൽ നിറയെ കനകാംബരപ്പൂക്കൾ ചൂടിയ യുവതി ഒരു യുവാവുമായി കശപിശകൂടുകയാണ്. അവളുടെ കയ്യിൽ കൈകോർത്ത് ഒരു കൊച്ചു പെൺകുട്ടിയുമുണ്ട്. അയാൾ അവളിൽ നിന്നും രക്ഷപ്പെടാൻ ശ്രമിയ്ക്കുംപോലെ, പക്ഷേ അവൾ വിടുന്ന മട്ടില്ല. മനസ്സപ്പോൾ ചഞ്ചലവും ആർദ്രവുമായിരുന്നു എന്നിൽ.

ഇന്ന് നേരം വെളുത്തപ്പോൾ ഒരു മനുഷ്യൻ ഓവുചാലിൽ വീണുമരിച്ചു കിടക്കുന്ന കാഴ്ചയാണ് രാവിലെ തന്നെ എന്നെ എതിരേറ്റത്. ഞാനാകെ വിഷണ്ണനായി. മരിച്ചു കിടക്കുന്ന ആ മനുഷ്യൻ ഇന്നലെ വന്ന് എന്നോട് കെഞ്ചിയിരുന്നു. തിന്നാനെന്തേലും തരിൻ.... തിന്നാനെന്തെങ്കിലും തരീന്ന്

എനിയ്ക്കപ്പോൾ അമർഷമാണുണ്ടായത്. മൊതലാളി ഇവിടില്ല. വീണ്ടും വീണ്ടും അയാൾ പഴയ ചോദ്യം ആവർത്തിച്ചപ്പോൾ അമർഷത്തോടെ എന്തെല്ലാമോ പറഞ്ഞ് അയാളെ ഞാനകറ്റുകയായിരുന്നു. ഈ പലഹാര പീടികയിൽ തുച്ഛമായ ദിവസക്കൂലി കാരനാണെങ്കിലും, വിശന്ന് വലഞ്ഞു വന്ന – ആളുകൾ ഭ്രാന്തനെന്ന് വിളിയ്ക്കുന്ന ആ മനുഷ്യന് എന്തെങ്കിലുമൊരു പലഹാരം കൊടുക്കാമായിരുന്നു! കുറ്റബോധത്താൽ ഞാൻ നീറിപുകഞ്ഞു. എങ്കിലും പലപ്പോഴും ഒരു ചോദ്യം എന്റെ ഉള്ളിൽ മുഴങ്ങിയിരുന്നു. കീറി നാറിയ വേഷത്തോടെ എന്തിനയാൾ ഇങ്ങനെ വട്ടുകളിച്ചു നടക്കുന്നു? എല്ലാവരേയും പോലെ...... പിന്നെ കുറെ ചിന്തിച്ചപ്പോൾ എനിയ്ക്കു മനസ്സിലായി. ഭ്രാന്ത് എന്നൊരവസ്ഥ ജീവിതത്തിലുണ്ടെന്ന്. അല്ലെങ്കിൽ.....

കശപിശകൂട്ടുന്ന ആ യുവാവും യുവതിയും അങ്ങനെയങ്ങനെ ഞാൻ ഇരിക്കുന്ന പലഹാര പീടികയുടെ മുന്നിലെത്തിച്ചേർന്നു.

നിങ്ങളെ ഞാൻ അങ്ങിനെ വെറുതെ വിടില്ല . അവൾ പറയുന്നു.

ഞാൻ ആ മുഖത്തേയ്ക്ക് സാകൂതം നോക്കി. അപ്പോൾ ഒരു ദ്യുതി എന്റെ പ്രജ്ഞയിൽ മിന്നി; ഞാൻ തിരിച്ചറിഞ്ഞു. ആശ്ചര്യത്തോടെ ഞാൻ ഉള്ളിലുരുവിട്ടു; ചെന്താമര! വർഷങ്ങളോളം ഒരേ ക്ലാസ്സുകളിൽ ഒരുമിച്ചു പഠിച്ചിരുന്നവർ ഞങ്ങൾ. പഠനത്തിൽ മിടുക്കിയായിരുന്ന അവൾ പാട്ടിലും നൃത്തത്തിലുമെല്ലാം മുൻപന്തിയിലായി



രുന്നു. യുവജനോത്സവവേദികളിൽ മിന്നിതിളങ്ങിയിരുന്ന അവളെ ഞങ്ങളിൽ ചിലർ കളിയായി ചെന്തമിഴത്തിപ്പെണ്ണേ എന്നു വിളിച്ചിരുന്നു. അപ്പോഴെല്ലാം അവൾ വളക്കിലുങ്ങും പോലെ ചിരിക്കുമായിരുന്നു. അന്നൊക്കെ എനിക്കവളോട് ആരാധനയിൽ കവിഞ്ഞെന്തോ ഉണ്ടായിരുന്നു.

വർഷങ്ങൾക്ക് മുൻപ് തഞ്ചാവൂരിൽ നിന്നും

കേരളത്തിലെത്തിയ ഒരു തമിഴ് ബ്രാഹ്മണ കുടുംബത്തിലാണവൾ ജനിച്ചത്.

ഞാനാരാണെന്നാണ് നിങ്ങ ൾ കരുതിയത്. അവളുടെ സ്വരം വീണ്ടും. ഞാൻ അവളെ ശ്രദ്ധിച്ചു. അൽപ്പം വാടിയ ഓടാപ്പൂവിന്റെ നിറമുള്ള ദേഹത്ത് പഴകിയ ചേല ചുറ്റിയ അവൾ ചുവപ്പു മുക്കുത്തിയും, കൈകളിൽ നിറയെ കുപ്പിവളകളും, കാലുകളിൽ കൊലുസുമണിഞ്ഞിട്ടുണ്ട്. പിൻനിലാവിലെ പൂർണേന്ദു പോലെയുള്ള മുഖത്ത്, കരഞ്ഞു കലങ്ങിയ പോലുള്ള കണ്ണുകൾ ജ്വലിച്ചു നിൽക്കുന്നു.

വിദ്യാലയകാലത്ത് അവസാനവർഷത്തിൽ കല്യാണം കഴിഞ്ഞശേഷമാണ് വിധിയുടെ ക്രൂരമായ ആ വിളയാട്ടം അവളുടെ ജീവിതത്തിൽ അരങ്ങേറിയത്. മലയിലെ മണ്ണിടിച്ചിലിൽ അകപ്പെട്ട് അവൾക്ക് താങ്ങും തണലുമായിരുന്ന ഭർത്താവും സഹോദരന്മാർ രണ്ടുപേരും ദാരുണമായി മൃതിയടഞ്ഞു. നേരത്തെ തന്നെ പിതാവിനെ നഷ്ടപ്പെട്ട അവളും മകളും രോഗിയായ അമ്മയും അങ്ങനെ നിരാലംബരായിതീർന്നു. അവളുടെ ജീവിതത്തിൽ സ്വപ്നങ്ങളിൽ കരിനിഴൽ വീഴ്ത്തിയ ഈ സംഭവത്തിനുശേഷം പിന്നെ അവളെ കണ്ടിട്ടില്ല.

എടീ, നിനക്കാള് തെറ്റിയതാണ്. ഞാനത്തരക്കാരനല്ല. മര്യാദയ്ക്ക് പൊയ്ക്കോ! ഭ്രാന്തു പുലമ്പാതെ! അയാൾ പറഞ്ഞു.

എനിയ്ക്കാള് തെറ്റിയിട്ടില്ല മോനേ! ചതിയനാണ് നിങ്ങൾ; എന്നെ വഞ്ചിച്ച് മുങ്ങിയ നിങ്ങളെ ഞാൻ കണ്ടുപിടിക്കില്ലെന്ന് കരുതിയോ? ഈ നിൽക്കുന്ന കുഞ്ഞിന്റെ തന്ത ഇയാൾ തന്നെയാണ്!! വലിയ വായിൽ കരയുന്ന മകളെ ചേർത്തുപിടിച്ച് കൂട്ടംകൂടി നിൽക്കുന്ന ആളുകളോട് അവൾ പറഞ്ഞു.

പ്ഫ! "നായിന്റെമോളെ, ഇല്ലാക്കഥ പറഞ്ഞാൽ നിന്നെ ഞാൻ തീർത്തുകളയും".

ഇതും പറഞ്ഞ് അയാൾ അവളുടെ കവിളത്ത് ആഞ്ഞടിച്ചു.

മനോവിഭ്രാന്തിയുടെ മൂർദ്ധന്യത്തിൽ, ജ്വലിയ്ക്കുന്ന മിഴികളോടെ വീണ്ടും അയാൾക്ക് നേരെ തിരിയുന്ന അവളെ ഞാൻ വീണ്ടും വീക്ഷിച്ചു: ഇതവൾ തന്നെയോ? എന്റെ ചെന്താമര!! ഞാൻ നെടുവീർപ്പിട്ടു. ●

# ഭാഗ്യക്കുറി

(പേജ് 18 തുടർച്ച)

ധൃതിയിൽ ചവിട്ടിപ്പോയി. കിതപ്പും സന്തോഷവും കൊണ്ട് അയാൾക്ക് ശ്വാസം കിട്ടുന്നുണ്ടായിരുന്നില്ല. സഹദേവന് ലോട്ടറിയടിച്ച വിവരം ആ ഗ്രാമം മുഴുവൻ അറിഞ്ഞു. പക്ഷേ സഹദേവൻ എവിടെയാണെന്ന് ആർക്കും അറിയില്ല. പലരും പല അഭിപ്രായങ്ങൾ പറഞ്ഞു. പല തരത്തിലുള്ള വാർത്തകളും പ്രചരിച്ചു. ആളുകളുടെ നടുവിൽ വലിയ ഒരു ജേതാവിനെ പോലെ ഗോപി നിൽക്കുന്നുണ്ട്. എനിക്കിത് പണ്ടേ അറിയാം. അവന് ലോട്ടറി അടിക്കുംന്ന് സഹദേവൻ അങ്ങനത്തെ ഒരുത്തനാ, ശുദ്ധനാ. പാവമാ

വിവരം അറിഞ്ഞ് സഹദേവന്റെ അളിയനും അച്ഛനും വന്നു. രുഗ്മിണിയുടെ ചേട്ടൻമാർ അവിടെയും ഇവിടെയും തൊടാത്ത മട്ടിൽ ആ പരിസരത്ത് കറങ്ങി നടന്നു. പണ്ടവർ രുഗ്മിണിയുമായി സംസാരിക്കുന്നത് കണ്ടിട്ട് ദേവനെ ഭീഷണിപ്പെടുത്തിയിട്ടുണ്ട്.

സമ്മാനാർഹമായ ടിക്കറ്റ് ബാങ്കിൽ ഏൽപ്പിക്കാനുള്ള തയ്യാറെടുപ്പുമായി സഹദേവന്റെ അളിയൻ ഗോപിയെ സമീപിച്ചു. നേരം ഉച്ചയോടടുത്തപ്പോഴാ ണ് സഹദേവനെ കുറിച്ച് ഞെട്ടിക്കുന്ന വിവരം പുറത്ത് വന്നത്.

സഹദേവൻ പുഴയിൽ ചാടി ആത്മഹത്യ ചെയ്തു!

മീൻ പിടിക്കാൻ പോയ തോണിക്കാരാണ് ശവം ആദ്യം കണ്ടത്. പോലീസെത്തി ഇൻക്വസ്റ്റ് തയ്യാറാക്കികൊണ്ടിരിക്കുന്നു. ആളുകൾ പുഴക്കരയിലേക്ക് ഓടിക്കൂടി.

ശവം പോസ്റ്റ് മോർട്ടത്തിനായി ആംബുലൻസിൽ കയറ്റുമ്പോൾ സഹദേവന്റെ അളിയൻ പോലീസുകാരന്റെ ചെവിയിൽ രഹസ്യമായി ചോദിച്ചു. സാറെ അളിയന്റെ പോക്കറ്റിൽ നിന്നും ഭാഗ്യക്കുറിയോ മറ്റോ കിട്ടിയിരുന്നോ?

പോലീസുകാരൻ രൂക്ഷമായൊരു നോട്ടം അളിയന്റെ നേരെ തൊടുത്തുവിട്ടു. അയാൾ വേഗം മാറിനിന്നു.

ഭാഗ്യംകൊണ്ട് ഭാഗ്യക്കുറിവന്നപ്പോൾ ഭീഷണികൾ നിറഞ്ഞ ജീവിതം അവസാനിപ്പിച്ച് ദേവൻ യാത്രയായി. ഭാഗ്യക്കുറികൾ ഇല്ലാത്ത ഒരിടത്തേക്ക്. ●


## വിവാഹിതരായി



വരൻ
**പ്രമോദ്**
(S/o. ചന്ദ്രൻ)
കല്ലുവെട്ടുകുഴിയിൽ
മാങ്കാവ്,
കോഴിക്കോട്

വധു
**റിൻജു രാജ്**
(D/o. പാറാട്ട് രാജൻ)
കാനാംകോലിൽ ഹൗസ്
മണ്ണൂർ,
കോഴിക്കോട്

ഇവർ തമ്മിലുള്ള വിവാഹം വധൂഗൃഹത്തിൽ വെച്ചു നടന്നു.

*With best compliments from* **Nakshtra Rajyam Staff & management**


## നക്ഷത്ര രാജ്യം നുറുങ്ങുകൾ

* നിലാവ് നഷ്ടപ്പെട്ട നീലാകാശത്തിന്റെ ദുഃഖം മനസ്സിലാക്കാൻ ആരുമില്ല.
* ചിലർക്ക് ദുഃഖം വന്നനുഭവിക്കുന്നു. എന്നാൽ ചിലർ അത് സ്വയം ഏറ്റുവാങ്ങുന്നു. സ്വയം ഏറ്റുവാങ്ങുന്നു.
* അത്ഭുതം വിശ്വസിക്കാൻ കഴിയുന്നില്ല. ഓ അതാണ് വിധിയുടെ വിനോദം. ജീവിതത്തിൽ അസാദ്ധ്യമാണെന്ന് കരുതുന്നത് ചിലപ്പോൾ നിഷ്പ്രയാസം സാധിക്കും.
* വഞ്ചനയ്ക്ക് ആയിരം നിറങ്ങളും ആയിരം പൊയ്മുഖങ്ങളുമുണ്ട്. എന്നാൽ സ്നേഹത്തിന് ഒരു നിറമേയുള്ളു. സ്നേഹത്തിന്റെ നിറം മാത്രം .
* വാക്കുകൾക്ക് വാളിന്റെ മൂർച്ചകൊടുക്കരുത്.

വാർത്ത

# നിസ്വാർത്ഥത അർപ്പണബോധം പ്രവർത്തന മാതൃക മുക്കണ്ണിയിൽ താഴം ഐശ്വര്യ സ്വയം സഹായ സംഘം കൊമ്മേരി

**നക്ഷത്രരാജ്യം ലേഖകൻ**

2004 മുതൽ കഴിഞ്ഞ ഒൻപത് വർഷം, പ്രദേശത്തെ ഒരു കൂട്ടം ചെറുപ്പക്കാരുടെ അർപ്പണ ബോധവും പ്രവർത്തനവും നിസ്വാർത്ഥതയും ജനസേവനത്തിന് ഉദാത്തമായ മാതൃകയായി ഐശ്വര്യ സ്വയം സഹായ സംഘം കൊമ്മേരിയിൽ ജനസേവനം ചെയ്യുന്നു. രാഷ്ട്രീയം മറന്ന് കൊമ്മേരി പ്രദേശത്തെ പൊതുജനങ്ങളെ സേവിക്കുകയെന്നതാണ് സംഘത്തിന്റെ പ്രധാന ലക്ഷ്യവും പരിപാടികളും. സംഘം പ്രസിഡണ്ട് ചമ്പയിൽ ബാബുരാജ് പറയുന്നത് ശ്രദ്ധിക്കാം. സംഘം രൂപംകൊണ്ടനാൾ മുതൽ സംഘാംഗങ്ങൾക്ക് അവരവരുടെ നിത്യവൃത്തി ജോലിയിൽ നിന്നു ലഭിക്കുന്ന കൂലിയിൽനിന്ന് ഒരു വിഹിതം എടുത്താണ് മൂലധനം സ്വരൂപിക്കുന്നത്. കഴിഞ്ഞ ഒൻപത് വർഷത്തിനിടയിൽ സംഘം ജനക്ഷേമകരമായ പല പ്രവർത്തികൾക്കും കൊമ്മേരിയിൽ തുടക്കം കുറിക്കുകയും ആകാവുന്നത് ചെയ്യുകയും ചെയ്തിട്ടുണ്ട്. ജനമനസ്സുകളിൽ തങ്ങി നിൽക്കും വിധം സംഘം ചെയ്ത പ്രവർത്തനങ്ങളിൽ പ്രധാനമായവ ഇവയാണ്. കൊമ്മേരി എ.എൽ.പി. സ്കൂളിൽവെച്ച് വിദ്യാർത്ഥികൾക്ക് ഏകദിന പഠന ക്യാമ്പ് നടത്തി. കുടുംബ സംഗമവും കലാകായിക മത്സരങ്ങളും നടത്തി സംഘം പൊതുജനങ്ങളുടെ സന്തോഷത്തിൽ പങ്കുചേർന്നു. തിരുവോണനാളിൽ നമ്മുടെ നാടിന്റെ സംസ്ക്കാരത്തെ ഓർമ്മപ്പെടുത്തുവാൻ മഹാബലിയുടെ വേഷം ധരിച്ച് വീടുകൾ സന്ദർശിക്കുകയുണ്ടായി. ക്രിസ്തുമസ്സിനും തിരുവാതിരയ്ക്കും വേഷങ്ങളണിഞ്ഞ് കലാപ്രദർശനം നടത്തി. സംഘത്തിന്റെ ആഭിമുഖ്യത്തിൽ വിവരാവകാശ ബോധവൽക്കരണ ക്ലാസ്സ് നടത്തുകയും ജനശക്തിയുടെ യൂണിറ്റ് രൂപീകരിക്കുകയും ചെയ്തു. കൊമ്മേരി ബസാറിൽവെച്ച് ട്രാഫിക്ക് ബോധവൽക്കരണ പരിപാടി നടത്തി. കൃഷിയിൽ സംഘത്തിനുള്ള താൽപ്പര്യം പ്രകടിപ്പിക്കുന്നതിനായി സംഘം പ്രവർത്തകർ അണിനിരന്ന് വാഴകൃഷി നടത്തുകയും ചെയ്തു. പ്രദേശത്തെ രോഗികൾക്ക് സാമ്പത്തിക സഹായങ്ങൾ നൽകി. നിർധന കുടുംബാംഗങ്ങൾക്ക് ഭക്ഷണ സാധന കിറ്റുകൾ വർഷങ്ങളോളമായി നൽകിവരുന്നു. മുക്കണ്ണി പ്രദേശത്ത് കുടിവെള്ള പൈപ്പ് ലഭിക്കുന്നതിനു നിരന്തര പ്രവർത്തനം വാർഡു കൗൺസിലറുമായി നടത്തിയതിന്റെ ഫലമായി പൈപ്പ് ലഭിക്കുകയും മുക്കണ്ണിത്താഴം പ്രദേശത്തെ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കാനും സാധിച്ചു. 9 വർഷം തുടർച്ചയായി വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് സൗജന്യ പുസ്തക വിതരണം നടത്തുന്നു. സ്വാതന്ത്ര്യദിന നാളുകളിലും റിപ്പബ്ലിക്കിനും 4 അംഗൻവാടികളിലും ലഡുവിതരണം ചെയ്തുവരുന്നു. മഴക്കാലത്ത് എല്ലാ വർഷവും ശുചീകരണ പ്രവർത്തനവും ബോധവൽക്കരണ നോട്ടീസ്സും അണുനാശിനിയും കൊതുകുവലയും ബ്ലീച്ചിങ്ങ് പൗഡറും കൊടുത്തുവരുന്നു. സംഘം അരലക്ഷം രൂപയിൽ കൂടുതൽ ചിലവഴിച്ച് തുണി സഞ്ചി വിതരണം നടത്തി. പ്ലാസ്റ്റിക്കിനെതിരെ തെരുവുനാടകം നടത്തി. ആയിരം സ്വാശ്രയ സംഘങ്ങളുള്ള ഐ.ഡി.സി.യിൽ നിന്നും ഏഴ് സംഘങ്ങൾക്കുള്ള അവാർഡിൽ ഒരു അവാർഡ്, ഫലകവും പ്രശസ്തി പത്രവും കേഷ് അവാർഡും ഐശ്വര്യ സ്വയം സഹായസംഘം ത്തിനുവേണ്ടി




കോഴിക്കോട് ജില്ലയിലെ ഏറ്റവും നല്ല സ്വയംസഹായസംഘമായി തിരഞ്ഞെടുത്ത കൊമ്മേരി മുക്കണ്ണിതാഴം ഐശ്വര്യസ്വയം സഹായസംഘം പ്രസിഡണ്ട് ചമ്പയിൽ ബാബുരാജ് കൊടുവള്ളി എം.എൽ.എ. ജനാബ് ഉമ്മർ സാഹിബിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങുന്നു.













പ്രസിഡണ്ട് എന്ന നിലയിൽ ഞാനാണ് കൊടുവള്ളി എം.എൽ.എ. വി.എം. ഉമ്മർ സാഹിപ്പിൽ നിന്നും ഏറ്റുവാങ്ങിയത്. ഇതെല്ലാമാണ് ഞങ്ങൾക്ക് പൊതുപ്രവർത്തനത്തിന് പ്രചോദനമാകുന്നത്. ഐശ്വര്യ സ്വയം സഹായ സംഘം പ്രവർത്തകരുടെ ആഹ്ലാദത്തിൽ പങ്കുചേർന്ന് ചമ്പയിൽ ബാബുരാജ് പറഞ്ഞു.

സംഘത്തിന്റെ ആഭിമുഖ്യത്തിൽ 203 വിദ്യാർത്ഥികൾക്ക് സൗജന്യ പുസ്തക വിതരണവും, ബ്ലീച്ചിംഗ് പൗഡർ വിതരണം, തുണിസഞ്ചി വിതരണം എന്നിവ നടത്തുകയും കൂടാതെ 50,000 രൂപയും, മൊബൈൽ ഫോണും കളഞ്ഞു കിട്ടിയത് തിരിച്ച് നൽകി മാതൃക കാണിച്ച ഓട്ടോ ഡ്രൈവർ ആനന്ദനെ ആദരിക്കുകയും ചെയ്തു. പ്രസിഡണ്ട് ബാബുരാജ് ചമ്പയിൽ അദ്ധ്യക്ഷത വഹിച്ചു. പൊതുയോഗവും 2013 ലെ സ്കൂൾ വർഷത്തെക്കുള്ള പുസ്തക വിതരണവും 30-ാം വാർഡ് കൗൺസിലർ കവിത അരുൺ ഉദ്ഘാടനം ചെയ്തു. ആനന്ദന് മെഡിക്കൽ കോളേജ് ജനമൈത്രി ബീറ്റ് ഓഫീസർ ജഗ്ജീവൻ ഉപഹാരം നൽകി ആദരിച്ചു. ബ്ലീച്ചിംഗ് പൗഡർ വിതരണം നക്ഷത്ര രാജ്യം മാസിക മാനേജിംഗ് എഡിറ്റർ ഇ. രാധാകൃഷ്ണനും തുണി സഞ്ചി വിതരണം സഹോദര സംഘം പ്രസിഡണ്ട് മുസ്തഫയും നിർവ്വഹിച്ചു. ആശംസകൾ അർപ്പിച്ചു കൊണ്ട് പ്രമുഖ വ്യക്തിത്വങ്ങൾ സംസാരിക്കുകയുണ്ടായി. വി.പി. നിഷാന്ത് (സിക്രട്ടറി) സ്വാഗതവും, എടോളി ശ്രീഷാന്ത് (ജോയന്റ് സിക്രട്ടറി) നന്ദിയും രേഖപ്പെടുത്തി. അദ്ധ്യക്ഷ പ്രസംഗത്തിൽ വ്യക്തികൾ പ്ലാസ്റ്റിക്ക് ക്യാരിബാഗുകളും, സംഘടനകൾ ചെറിയ ലാഭത്തിനു വേണ്ടി ഫ്ളക്സ് ബോർഡുകളും ഉപയോഗിക്കുന്നത് പ്രകൃതിയോടും മനുഷ്യനോടും ചെയ്യുന്ന വലിയ തെറ്റാണെന്ന് ഓർമ്മിപ്പിച്ചു.

കവിത



# മഴ

സബിതകോടി
നല്ലളം



മാനത്ത് മഴക്കാറ് കൂടു കൂട്ടുമ്പോൾ
പ്രകൃതി ഇരുട്ടിലേക്ക് മുങ്ങി താഴുമ്പോൾ
എന്റെ മനസ്സ് എന്തിന്നെന്നറിയാതെ വിതുമ്പുന്നു
മഴ തുള്ളികൾ മണ്ണിൽ പതിക്കുന്ന നേരം
മണ്ണിൽ നിന്നുയരുന്ന മണ്ണിൻ ഗന്ധം
എന്റെ ബാല്യത്തിൽ ഓർമ്മപുതുക്കുന്നു.
ഓടിക്കളിച്ച പാടവരമ്പിലെ പൂഴി മണ്ണിൻ
എന്റെ കാലടിപ്പാടുകൾ പതിഞ്ഞ വഴിയിൽ
മഴ നനഞ്ഞ കൊച്ചുപാദങ്ങളിൽ
പറ്റി പിടിച്ച മൺതരികൾ
ഇന്നൊരു ഓർമ്മമാത്രം
മാനത്തേക്ക് നോക്കി നിൽക്കുമ്പോൾ
എന്റെ കൺകളിൽ വീണ മഴ തുള്ളികൾ
ഞാനറിയാതെ എന്റെ കണ്ണുനീരായ് ഒഴുകുന്നു.
എന്റെ കുഞ്ഞുടുപ്പിൽ വീണ മഴതുള്ളികൾ
ഓരോ പൊട്ടുകളായി തങ്ങി നിൽക്കുമ്പോഴും
പല രൂപത്തിലായ് മാനത്ത് നീങ്ങുന്ന
മേഘങ്ങളോടൊപ്പം എന്റെ മനസ്സും പായുന്നു
വിണ്ടുകീറിയ വയലും പാടവരമ്പിലെ പൂഴിമണ്ണും
വരമ്പിനരികിലെ കുഞ്ഞു കറുക പുല്ലും.
എല്ലാം എല്ലാം ഒരിക്കലും മറക്കാത്ത
ഒരിക്കലും മരിക്കാത്ത ഒരനുഭവമായ് മാറുമ്പോഴും
എന്നോ എവിടെയോ നഷ്ടപ്പെട്ട എന്റെ കുട്ടിക്കാലം
ഒരു വിങ്ങലായ് മനസ്സിലൊതുങ്ങുമ്പോഴും
വന്നെത്തുന്ന ഓരോ മഴക്കാലവും എന്റെ
മനസ്സിൻ കുട്ടിക്കാലത്തിൽ ഓർമ്മതൻ
നനവുണർത്തുന്നു.


ഭജൻസിനും ചെണ്ടമേളത്തിനും



**ശ്രീരാഗം ഭജൻസ്**
**& ചെണ്ടമേളം**
പടിക്കൽതാഴം, മണ്ണൂർ, കോഴിക്കോട്



ശൈലജ രാജൻ മണ്ണൂർ
9747028762



രാജേഷ് മണ്ണൂർ
9895974294


# എല്ലാം അറിയുന്നവൻ ദൈവം!!

**ശിവരാമൻ കൊണ്ടംവള്ളി**

അയാൾ ദേവാലയത്തിലേക്ക് പ്രവേശിക്കുകയായിരുന്നു
ദൈവം അതു തടഞ്ഞു
അകത്ത് കടന്നുപോകരുത്
അവിടെ ചെകുത്താനുണ്ട്

അയാൾ പറഞ്ഞു
ചെകുത്താനെഎനിക്ക് തെല്ലും ഭയമില്ല
ചെകുത്താന്റെ പേരിൽ ഇന്നുവരെ ആരും
എന്റെ വീടിന്റെ പടികടന്നു വന്നിട്ടില്ല.
പിന്നെ ഞാനെന്തിനി ചെകുത്താനെഭയക്കണം

ദൈവമേ ഒന്നോർക്കുന്നത് നന്ന്
എല്ലാം അങ്ങയുടെ പേരിലായിരുന്നു!

അന്നവർ ദൈവത്തിന്റെ നാമം ചൊല്ലിയല്ലേ.............
എന്റെ എല്ലാമായ പ്രിയപ്പെട്ടവളേ പച്ചയ്ക്ക്
തീകൊളുത്തിയത്.

ദൈവമേ മൊന്നുഞെട്ടി
എന്നിട്ട് ആശ്ചര്യത്തോടെ സ്വരം താഴ്ത്തിചോദിച്ചു
എന്റെ പേരിലോ?
അതെ അങ്ങയുടെ പേരിൽ തന്നെ
എന്നിട്ട് ഞാനിതൊന്നും അറിഞ്ഞില്ലല്ലോ?
ഒന്നുമറിയാത്തവനാണ് ദൈവമെങ്കിൽ
അങ്ങയിൽ വിശ്വാസമർപ്പിച്ച എന്നെ വേണ്ടേ
ചവിട്ടാൻ


**41th DEAD DAY**



**1935-2013 June 6**
**കല്ലുവെട്ടുകുഴിയിൽ കമല**
W//o. Late ബാലൻ
കല്ലുവെട്ടുകുഴിയിൽ,
മാങ്കാവ്



**1951 - 2013 June 19**
**കല്ലുവെട്ടുകുഴിയിൽ ദേവി**
W//o. ചന്ദ്രൻ
കല്ലുവെട്ടുകുഴിയിൽ,
മാങ്കാവ്

**Nakshathra Rajyam Staff & Management**


YES KEY ELECTRICALS &
ENGINEERING WORKS
Puthiyapalam
Calicut
K.P. Sunilkumar
Mob: 9847390950
Ph: 0495-2702073
Resi: 9048594525


കൊമ്മേരി
ജ്വല്ലറി
കമ്മത്ത് ലൈൻ, പാളയം റോഡ്
കോഴിക്കോട് – 673 001
ഫോൺ – 2702301, 9847301916


FRIENDS
SPRAY PAINTING WORKS
Malaparamba, Kozhikode - 673 009
Mob: 9495411642



HASBI
TOURS & TRAVELS
HASBI
Meenchanda, Areekkad, Calicut - 27
Mob: Sahir - 9895999100
9895350141


OUR Ladies
PARK
THE DRESS DESIGNERS & MAKERS
Room No. 14, 1st Floor,
Moffussil Busstand Building,
Mavoor Road,
Kozhikode - 673 004
ഫോൺ: 0495 6410571
ബ്ലൗസ്, ചുരിദാർ
1 മണിക്കൂറിനുള്ളിൽ
തയ്ച്ചുകൊടുക്കുന്നു.


SANDEEP DAMODAR
9349414141, 8086441441
For Quality
Studio Portraits & Out Door Groups,
Wedding & Function Flash Photos
in Colour - Black & White & Other
Photographic Services.....
PHOTO SQUARE
M.C. COLLEGE CROSS ROAD, KOZHIKODE - 673011
PHOTOGRAPHY - VIDEOGRAPHY

# മഴ നനയാതെ

കഥ



കെ. റിലേഷ്



ഊട്ടിയിലെ ആഞ്ഞടിക്കുന്ന തണുപ്പ്വകവൈകാതെ ബാഗും തോളിലിട്ട് ബസ്റ്റാന്റിനെലക്ഷ്യമാക്കി നടക്കുകയായിരുന്നു അയാൾ. തണുത്തകാറ്റ് ശരീരത്തിൽ വേദനസൃഷ്ടിക്കുമ്പോഴും ഒറ്റചിന്തമാത്രമേ ഉണ്ടായിരുന്നുള്ളൂ അയാളുടെ മനസ്സിൽ. "ഭഗവാനേ- സ്റ്റാന്റിൽ എത്തിയാലുടനെകോഴിക്കോട്ടേക്കുള്ള ബസ്സ്കിട്ടണേന്ന്. രണ്ടുമാസത്തെ കരാർജോലിക്കാരുടെകൂടെയുള്ള ജോലി മതിയാക്കി സ്വന്തം നാട്ടിലെക്കൊരുയാത്ര. ഊട്ടി എന്ന് കേൾക്കുമ്പോൾ തന്നെ അയാൾക്ക് വലിയ ആവേശമായിരുന്നു. കാരണം അയാൾകാണാത്തതും, പറഞ്ഞ് കേട്ടതുമായ ഒരു സുഖവാസ കേന്ദ്രമായിരുന്നു അത്. അതുകൊണ്ടുതന്നെ സുഹൃത്തിന്റെ റെക്കമെന്റിൽ വേറൊരാൾ ഊട്ടിയിലേക്ക് ജോലിക്ക് പോരുന്നോ എന്ന് ചോദിച്ചപ്പോൾ തന്നെ അയാൾ ചാടിപുറപ്പെടുകയായിരുന്നു. നാട്ടിൽ ജോലി ഇല്ലാഞ്ഞിട്ടെല്ല. പലരും പറഞ്ഞുകേട്ട ഊട്ടിയുടെ മനോഹാരിതമാത്രമായിരുന്നു. അപ്പോൾ അയാളുടെ മനസ്സ് നിറയെ. ഊട്ടിയിലെത്തിയപ്പോൾ ജോലികഴിഞ്ഞ് ഓരോ സ്ഥലവും ചുറ്റികറങ്ങാനായിരുന്നു. മനസ്സിലുള്ള പ്ലാൻ.

പക്ഷെ എല്ലാം തകിടം മറിയുന്നത് അയാൾപോലും അറിഞ്ഞിരുന്നില്ല. അതിരാവിലെ മുതൽ നേരം ഇരുട്ടുന്നത് വരെയുള്ള ജോലി. ക്ഷീണിതനായി റൂമിലെത്തിയാൽ ഭക്ഷണം പാകം ചെയ്യണം പുറത്തേക്കിറങ്ങാൻ പറ്റാത്തത്ര തണുപ്പും. പറഞ്ഞ് ശീലിച്ചത്പോലെ മരംകോച്ചും തണുപ്പ്. വേഗം വാതിലടച്ച് ഒറ്റമുറിയിൽ പലകകട്ടിലിൽ നാട്ടിൽ നിന്ന് കൊണ്ടുവന്ന വിരിവിരിച്ച് ചെറിയൊരു പുതപ്പിലേക്ക് ഊർന്നിറങ്ങും.

മൊബൈൽ ഫോണിലെ അലാറത്തിന്റെ മണിനാദം കേട്ട് ഉണരുമ്പോൾ അയാൾക്കറിയാം സമയം രാവിലെ അഞ്ചരയായെന്ന്. പിന്നെ ഒരുതകിടം മറിച്ചിലാണ്. എങ്ങനേയെങ്കിലും ഒരു ഒന്നരകൂലിക്കുള്ള പണിയെടുക്കണം. എന്നാലേ ചിലവുകട്ടിച്ച് വീട്ടിലേക്ക് എന്തെങ്കിലും സ്വരൂപിക്കാൻ കഴിയൂ. നാട്ടിൽ നല്ലത് പോലെ പെയിന്റിങ് ജോലി ചെയ്ത് വരികയായിരുന്നു അയാൾ. ഊട്ടിയിലെ ജോലി വേണ്ടെന്ന് വച്ച് ഒരുപാട് തവണ സൂപ്രവൈസറെകണ്ടിരുന്നു. അപ്പോഴൊക്കെ മറുപടി ''രണ്ട് മാസത്തെകരാർ ജോലിക്കാരുടെ കൂടെയുള്ള ലാബറാണ് നിങ്ങൾ. രണ്ട് മാസം കഴിഞ്ഞ് അവർ പോകുമ്പോഴെ മുഴുവൻ കൂലിയും നിങ്ങൾക്ക് തരികയൊള്ളൂ''. പിന്നെ എങ്ങനേയെങ്കിലും രണ്ടുമാസം തികക്കുക. എന്നിട്ട് ഊട്ടിയോട് ഗുഡ്ബൈ പറയുക എന്നായിരുന്ന അയാളുടെ ചിന്ത. ഭാര്യയേയും നഴ്സറിയിൽ പഠിക്കുന്ന ഒരു പെൺകുഞ്ഞിനേയും പ്രായമായ അച്ഛന്റേയും, അമ്മയുടേയും അടുത്താക്കി പോരുമ്പോൾ മനസ്സിൽ വല്ലാത്തൊരു നീറ്റലായിരുന്നു. പിന്നെ അച്ഛനും അമ്മയും കൂടെ ഉണ്ട് എന്നുള്ളത് തന്നെ വലിയൊരു ആശ്വാസമായിതോന്നി അയാൾക്ക്. ഇടക്കൊക്കെ ഇവരുടെയൊക്കെ ശബ്ദം കാതിൽ എത്തിക്കുന്ന മൊബൈൽ ഫോൺ എന്ന സാങ്കേതിക വിദ്യയോടും അയാൾക്ക് ഒരുപാട് നന്ദിയും ഉണ്ടായിരുന്നു.

കോഴിക്കോട്, കോഴിക്കോട് എന്ന് തമിഴ് കലർന്ന മലയാളത്തിൽ അണ്ണാച്ചിക്ലീനർ വിളിച്ച്പറയുമ്പോഴാണ് അയാൾ കോഴിക്കോട്ടേക്കുള്ള ബസ്സ്കാണുന്നത്. ബസ്സിലേക്ക് ഓടികയറാൻ തുടങ്ങുമ്പോൾ പെട്ടെന്ന് അയാളുടെ ചെവിയിൽ ഭാര്യയുടെ ശബ്ദം മുഴങ്ങുന്നതുപോലെ തോന്നി. ജോലിക്കായി വീട്ടിൽ നിന്ന് പടിയിറങ്ങുമ്പോൾ ഭാര്യ ആവശ്യപ്പെട്ടത് ഒന്ന് മാത്രം -

''നോക്കി ഇങ്ങള് ഊട്ടീന്ന് വരുമ്പം ഒരു കമ്പിളി പുതപ്പ് വാങ്ങണംട്ടോ, അവിടെ അതിനൊക്കെ വലിയ വിലകുറവാണെന്ന് എല്ലാവരും പറയണ്ണ്ട്. മറക്കരുത്ട്ടോ." ഭാര്യയുടെ അന്നത്തെ ശബ്ദം വീണ്ടും കാതിൽ മുഴങ്ങി

ക്കേട്ടത് പോലെ തോന്നി. ''ഈശ്വരാ കമ്പിളി പുതപ്പ് വാങ്ങിയിട്ടില്ലല്ലോ'' ബസ്സിൽ കയറി സീറ്റിൽ ബാഗും വെച്ചു. അണ്ണാച്ചി ക്ലീനറിനോട് അറിയാവുന്ന തമിഴിൽ ചോദിച്ചു. ''ഈ വണ്ടി എപ്പം പോറൈ.'' ചിരിച്ചുകൊണ്ട് ക്ലീനറുടെ മറുപടി, ''സർ പതിനഞ്ച് നിമിഷം കഴിയും. സാറിന് എന്തെങ്കിലും വാങ്ങാനുണ്ടെങ്കിൽ സീറ്റിൽ ബാഗും വച്ച് പോയ് വാ'' ക്ലീനറുടെ ചിരി അയാൾക്ക് മനസ്സിലായിട്ടുണ്ടാകും. തമിഴ് അറിയാത്തവൻ തമിഴനോട് തമിഴ് പറഞ്ഞാൽ തമിഴൻ ചിരിക്കാതെങ്ങനാ. ബസ്റ്റാന്റിൽ ഒരു കോണിൽ തുറന്നിരിക്കുന്ന തുണിക്കടയുടെ മുമ്പിലെത്തിയപ്പോൾ ധൃതിയിൽ അയാൾ പറഞ്ഞു. ''ഒരു കമ്പിളിപ്പുതപ്പ്'' വിലയോ, വലിപ്പമോ, കളറോ നോക്കിയില്ല. കാശും കൊടുത്ത് പുതപ്പും വാങ്ങി ഒറ്റ ഓട്ടം ബസ്സിനുനേരെ. ബസ്സിനുള്ളിൽ ധൃതിയിൽ കയറിയ അയാൾകണ്ടത് തന്റെ ബാഗ് ഇരിക്കുന്ന സ്ഥലം ഒഴിച്ചുള്ള എല്ലാ സീറ്റിലും ഓവർകോട്ടും, മഫ്ളറും ഇട്ട്കൊണ്ട് ആണേതാ പെണ്ണേതാന്ന് മനസ്സിലാകാത്തരൂപത്തിൽ ആളുകൾ ഇരിക്കുന്നു. ബാഗെടുത്ത് തലക്ക് മുകളിലെ റാക്കിലേക്ക് സ്ഥാപിച്ചു. ടിക്കറ്റ് എടുത്തതിന് ശേഷം ഒരു തോർത്തുമുണ്ട്കൊണ്ട് തലയിലൂടെ ചെവിയടക്കം കെട്ടി ഒറ്റ ഇരിപ്പിരുന്നു. വിന്റോഗ്ലാസ്സെല്ലാം-ലോക്കാണ്. എന്നിട്ടും തണുപ്പ് ചെറുതായരിക്കുന്നുണ്ട്. ബസ്സ് പുറപ്പെട്ട് കുറച്ച് നേരമൊക്കെ പുറത്തേക്ക് നോക്കികാഴ്ചകൾ കണ്ടിരുന്നു. ബസ്സിനുള്ളിൽ നേർത്ത ചൂട് കൊണ്ടാകാം ഉറക്കം വന്നത്പോലും അയാൾ അറിഞ്ഞിരുന്നില്ല. യാത്രയിൽ ഇടക്ക് ഞെട്ടിഉണരും. പിന്നേയും, മയക്കത്തിലേക്ക് പോകും. അടുത്തിരിക്കുന്ന സഹയാത്രികർ ആരാണെന്ന് പോലും അറിയാതെ, പെട്ടൊന്നൊരു സ്റ്റഡൽ ബ്രേക്കിൽ തല ചെറുതായൊന്ന് തട്ടിയപ്പോഴാണ് അയാൾ ഉറക്കത്തിൽ നിന്ന് ഞെട്ടിയത്. വിൻസന്റോ ഗ്ലാസിലൂടെ പുറത്തേക്ക് നോക്കുമ്പോൾ കോരിചൊരിയുന്ന മഴയാണ് പുറത്ത്.

''ഈശ്വരാകുടയൊന്നും കൈയിലില്ലല്ലോ. താൻ നനഞ്ഞാലും ബാഗ് നനയരുത്. വീട്ടിലേക്കുള്ള കുറച്ച് പലഹാരങ്ങളും, ഒരു കമ്പിളിപുതപ്പും പഴയഡ്രസ്സുകളുമാണ് ബാഗിൽ. ഏതായാലും ബാഗ് നനയാതെ സൂക്ഷിക്കണം'' അയാൾ വാച്ചിലേക്ക് നോക്കി പിറുപിറുത്തു. ''സമയം രാത്രി 12ഓളം ആയി. ബസ്സ് സ്റ്റാന്റിലേക്ക് ഒതുക്കിയിടുന്ന തിരക്കിലാണ് ഡ്രൈവറും, ക്ലീനറും. ഉടനെ കേട്ടു "കോഴിക്കോട്ട് - കോഴിക്കോട്ട് എല്ലാവരും ഇറങ്ങുക.''

എല്ലാവരും ശടകുടഞ്ഞെണീറ്റു. ഇറങ്ങാൻ അയാളുടെ ഊഴമായപ്പോൾ ബാഗും ചേർത്ത് പിടിച്ച് സ്റ്റെപ്പിറങ്ങി ഒറ്റ ഓട്ടം മഴ നനയാതിരിക്കാൻ ബസ്റ്റാന്റിനരികിലെ ഷോപ്പിങ്ങ് കോപ്ലക്സിനെലക്ഷ്യമാക്കി. അവിടെ നിന്നാലേ വീട്ടിലേക്ക് യാത്രക്കുള്ള ഓട്ടോ കിട്ടൂ എന്ന ബോധവും അയാളിലുണ്ടായിരുന്നു. പീടികയുടെ ഇറകോലായിൽ മഴനനയാതെ ബാഗും പിടിച്ച് അയാൾ ആലോചിക്കുന്നുണ്ടായിരുന്നു. കഷ്ടി 20 മിനിട്ട് ഓട്ടോ ഓടിയാൽ വീട്ടിലെത്താം. മകളും ഭാര്യയും നല്ല ഉറക്കത്തിലാകും വരും എന്ന് പറഞ്ഞിരുന്നു. അതുകൊണ്ട് ഭക്ഷണം ഉണ്ടാകും. ഫോണിന്റെ ബാറ്ററിവീക്കായതുകൊണ്ട് വിളിച്ച് നോക്കാനും പറ്റുന്നില്ല. ചിന്തിച്ചു ചിന്തിച്ച് ഓട്ടോയും നോക്കി ഇറകോലായിൽ അയാൾ നിൽക്കുമ്പോൾ വരാന്തയുടെ ഇടതുവശത്ത് കൂടുതലൊന്നും വെളിച്ചം വീഴാത്ത ഒരിടത്ത് നിന്ന് ഒരു കുഞ്ഞിന്റെ നേർത്ത ശബ്ദംകേട്ട് അയാൾ ആ ഭാഗത്തേക്ക് വെറുതെ ഒന്ന് കണ്ണോടിച്ചു. അയാളുടെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. ഈശ്വരാ ഇതും ഒരു മനുഷ്യജന്മമാണോ എന്ന് വരെ തോന്നിപോയി അയാൾക്ക്. കൂടുതൽ വ്യക്തമാകാൻ വേണ്ടി ശബ്ദം കേട്ടഭാഗത്തേക്ക് ഒന്നും കൂടെ നീങ്ങിനിന്നു. കുത്തിയൊലിച്ച് പെയ്യുന്ന മഴയത്ത് നിലത്ത് വീഴുന്ന മഴതുള്ളികളിൽ നിന്ന് മഴവെള്ളം തെറിക്കുന്ന വരാന്തയിൽ ഒരു കുഞ്ഞു സ്ത്രീയും ഉറങ്ങുന്നു. അിറയാതെ അയാളിൽ ഞെട്ടലുണ്ടായി. ദൈവത്തിന്റെ സ്വന്തം നാട്ടിലാണോതാനിതൊക്കെ കാണുന്നതെന്ന തോന്നലുമുണ്ടായി അയാൾക്ക്. മൂന്നോ, നാലോ വയസ്സ് മാത്രം തോന്നാവുന്ന ഒരു കുട്ടിയേയും കെട്ടിപ്പിടിച്ച് ഒരു അമ്മകിടക്കുന്നു. കുട്ടിക്ക് മഴപ്പാറൽ തട്ടി നനയാതിരിക്കാൻ പീടികമുറി ഷട്ടറിനരികേയാണ് കിടത്തിയിരിക്കുന്നത്. കുഞ്ഞിന് നനയാതിരിക്കാൻ മാതൃസ്നേഹം തെളിയിക്കുന്ന ഒരു കാഴ്ച. സ്വന്തം സാരിതലപ്പുകൊണ്ട് പുതച്ച് കുഞ്ഞിനെ പുണർന്ന് കിടക്കുന്ന അമ്മ. അവരുടെ ദേഹത്താണെങ്കിൽ മഴത്തുള്ളികൾ വീഴുന്നുമുണ്ട്. തണുപ്പ് കൂടുമ്പോഴാണ് കുഞ്ഞ് ഞരങ്ങുന്നത് എന്നയാൾക്ക് മനസ്സിലായി. കോരിചൊരിയുന്ന മഴയത്തും അയാളുടെ കണ്ണുകൾ ഈറനണിഞ്ഞു. കണ്ഠം ഇടറി-തന്റെ കുഞ്ഞ് നാല്ചുവരുകൾക്കുള്ളിൽ മഴപെയ്യുന്നത് പോലു മറിയാതെ അവളുടെ അമ്മയുടെ ചൂടേറ്റ് സുഖമായുറങ്ങുന്നുണ്ടാകും. തന്റെ മകളെ പോലൊരു കുട്ടി ഈ പെരുമഴയത്ത് ഇറയത്ത് അമ്മയുടെ ചൂട് പറ്റിക്കിടക്കുന്നു. ജീവിതത്തിലാദ്യമായി കാഴ്ചതന്ന ദൈവത്തിനെഅയാൾ അറിയാതെ ശപിച്ചുപോയി. അത്രയും ദയനീയ കാഴ്ചയായിരുന്നു അത്.

പെട്ടെന്ന് കുറച്ചകലെ ഒരു ഓട്ടോ വന്ന് നിൽക്കുന്നത് അയാൾ കണ്ടു. ബാഗും പിടിച്ചു ഓട്ടോയെ ലക്ഷ്യമാക്കി ഓടാൻ തുടങ്ങിയ അയാൾ ഒരു നിമിഷം പിറകോട്ടേക്കൊന്ന് തിരിഞ്ഞുനോക്കി. പിന്നെതിരിച്ച് വരാന്തയിലേക്ക് തന്നെ ഓടികയറി. എന്നിട്ട് തന്റെ ബാഗും തുറന്ന് ഭാര്യ പ്രത്യേകം ഓർമ്മിപ്പിച്ച കമ്പിളി പുതപ്പെടുത്ത് നൂർത്തിയിട്ട് ആ അമ്മയുടെയും കുഞ്ഞിന്റേയും ദേഹത്തേക്കിട്ടു. പെട്ടെന്ന് ആ അമ്മ പേടിച്ചുകൊണ്ട് തലയുയർത്തി അയാളെ നോക്കി. ''എനിക്കറിയാം നിങ്ങൾക്കുറങ്ങാൻ കഴിയില്ലെന്ന് നിങ്ങൾക്കെല്ലാ മനുഷ്യജന്മം കിട്ടിയ ആർക്കും ഈ അവസ്ഥയിൽ ഉറക്കംപോയിട്ട് കിടക്കാൻപോലും പറ്റില്ലെന്ന് ''പേടിക്കണ്ട പുതച്ചോളൂ. നിങ്ങളെ ഈ മഴയുടെ തണുപ്പിൽ നിന്ന് രക്ഷിക്കാൻ എനിക്കിതേ കഴിയൂ. ഇത് കേട്ട സ്ത്രീ തല ഉയർത്തി ദയനീയമായൊന്നുംകൂടി അയാളെ നോക്കി പുതപ്പ് വാരിവലിച്ച് തന്റെ കുഞ്ഞിനെപുതപ്പിച്ചു. ആ കാഴ്ചക്കിടയിൽ ഒന്ന് മാത്രം അയാൾ ശ്രദ്ധിച്ചു. കോരിചൊരിയുന്ന മഴയത്തും ആ അമ്മയുടെ കണ്ണുകളിൽ നിന്ന് ധാരയായി കണ്ണുനീർ ചാലുകൾ വീഴുന്നുണ്ടായിരുന്നു ആരും കാണാതെ അയാളുടേയും പിന്നെ ഓട്ടോക്ക് നേരെ ഓടിയില്ല. നനഞ്ഞ് അയാൾ ഓട്ടോയിൽ കയ

# അഹങ്കാരം പോയ വഴി



അമൃതബാബു.ഇ

**തൊഴിൽ വകുപ്പ് സംസ്ഥാനടിസ്ഥാനത്തിൽ വിദ്യാർത്ഥികൾക്കായി നടത്തിയ "ബാലവേല വിമുക്ത ദിനം" കഥ മത്സരത്തിനയച്ച കഥ**



ഒരു പട്ടണത്തിൽ ധനറാം എന്ന ധനികനായ ഒരു വ്യാപാരിയുണ്ടായിരുന്നു. ധനികനാണെങ്കിലും അയാൾ അറുപിശുക്കനുമായിരുന്നു. അയാളുടെ സ്ഥാപനത്തിൽ കൊപ്രയാട്ടി വെളിച്ചണ്ണയാക്കുന്ന രണ്ടു ചക്കുകൾ പ്രവർത്തിച്ചിരുന്നു. ഓരോ ചക്കും പ്രവർത്തിക്കുന്നതിനു വട്ടത്തിൽ തിരിയാൻ ചക്കൊന്നിന് ഓരോ കാള വീതമായിരുന്നു പ്രവർത്തിച്ചിരുന്നത്. വെളിച്ചണ്ണയും പിണ്ണാക്കും വിൽക്കുന്ന വ്യാപാരത്തിൽ കൂടി അയാൾ നാൾക്കു നാൾ വലിയ സമ്പന്നനായിക്കൊണ്ടിരുന്നു. അയാളുടെ മില്ലിൽ പത്തോളം തൊഴിലാളികൾ പണിയെടുത്തിരുന്നു. പണം കൂടും തോറും ധനറാം വലിയ ക്രൂരനും അഹംഭാവിയുമായി പ്രവർത്തിച്ചുകൊണ്ടിരുന്നു. തൊഴിലാളികളെ രാവെന്നും പകലെന്നും ഇല്ലാതെ പണിയെടുപ്പിച്ചിരുന്നു. അവർക്ക് കൊടുക്കുന്നത് തുച്ഛമായ കൂലിയും. കൊപ്രയാട്ടുന്ന മില്ലിലെ തൊഴിലാളികൾക്കു ധനറാമിനോട് വിരോധമുണ്ടായിരുന്നുവെങ്കിലും തൊഴിൽ നഷ്ടപ്പെടുമല്ലോ എന്ന ഭയത്താൽ അവരാരും ധനറാമിനോട് എതിർത്തു സംസാരിക്കുമായിരുന്നില്ല.

ധനറാമിന്റെ വീട്ടിലെ പണിക്കാരനായിരുന്നു പത്തു വയസ്സുകാരനായിരുന്ന സോമു എന്ന ആൺകുട്ടി. സോമുവിന് ധനറാമിന്റെ വീട്ടിൽ വെള്ളം കോരലും, തുണിയലക്കലും, അടുക്കളപ്പണിയും ഉൾപ്പടെയുള്ള എല്ലാ ജോലികളും ചെയ്യണമായിരുന്നു. ധനറാമിന്റെ ഭാര്യയുടെ ക്രൂരമായ വഴക്കും മർദ്ദനവും അനുഭവിക്കാറുണ്ടെങ്കിലും അനാഥനായ സോമു ധനറാമിന്റെ വീട്ടിൽ തന്നെ ജോലി ചെയ്തുകൊണ്ടിരുന്നു.

ഒരു ദിവസം കൊപ്രയാട്ടുന്നതിനു ചക്കുന്തുന്ന കാളയ്ക്ക് ദിനം വന്ന് കിടപ്പിലായി. അറുപിശുക്കനായ ധനറാം കാളകളെ വേണ്ടവിധത്തിൽ പരിചരിക്കുകയോ ഭക്ഷണം കൊടുക്കുകയോ ചെയ്യാറില്ലായിരുന്നു. അതുകൊണ്ടാണ് കാളയ്ക്ക് ദീനം കൂടിയതെന്നും കിടപ്പിലായതെന്നും ധനറാമിനും അറിയാമായിരുന്നു. അന്നു മുതൽ ധനറാം വീട്ടുജോലിക്കാരൻ എന്ന നിലയിൽ കണ്ടിരുന്ന സോമുവിനെ വീട്ട് പണിയിൽ നിന്ന് ഒഴിവാക്കി കാളയ്ക്ക് പകരം സോമുവിന് ചക്കുന്തുന്ന പണി നൽകി. വളരെ ചെറിയ കുട്ടിയായ സോമുവിന്റെ കൈകൾക്ക് ചക്കുന്തി നീക്കുവാനുള്ള ശക്തിയില്ലായിരുന്നു. ധനറാം സോമുവിനെ നിത്യവും മർദ്ദിക്കുകയും പണിയെടുപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു.

ഒരു ദിവസം മില്ലിലേക്കുകയറി വന്നയാൾ ചക്കുന്തുന്ന സോമുവിനെ കണ്ടു.

അയാൾ ധനറാമിനോട് ചോദിച്ചു. "എന്താണിത് കുട്ടികളെകൊണ്ട് ഇത്തരം ജോലികൾ ചെയ്യിക്കാമോ? അതും കാളയെകൊണ്ട് ചെയ്യിപ്പിക്കുന്ന ജോലി".

ധനറാം വലിയ ധനികനാണെന്ന അഹങ്കാരത്തിൽ അയാളെ ആട്ടിയോടിക്കുകയും വഴക്കുപറയുകയും ചെയ്തു. പിന്നീട് നിയമ വ്യവസ്ഥയെ വെല്ലുവിളിക്കുകയും ചെയ്തു. പിറ്റേന്ന് ഒരു നോട്ടീസ് വന്നു. മില്ലിന്റെ ലൈസൻസ് റദ്ദാക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസായിരുന്നു അത്. തലേന്ന് വന്നയാൾ ജില്ലയിലെ പ്രധാന ലേബർ ഓഫീസറായിരുന്നു. ലേബർ ഓഫീസറോടാണ് ധനറാം തട്ടിക്കയറിയതും വഴക്കുപറഞ്ഞതും. നോട്ടീസിൽ സോമുവിനെ കുട്ടികളുടെ അവകാശമായ സ്കൂൾ, വിദ്യാഭ്യാസം ചെയ്യിക്കാനും മില്ലിൽ പണിയെടുക്കുന്ന പത്തുതൊഴിലാളികളേയും സ്ഥിരപ്പെടുത്തി മിനിമം കൂലിയും ബോണസ്സും നൽകാനും അറിയിപ്പുണ്ടായിരുന്നു. ലേബർ ഓഫീസർ ധനറാമിന്റെ പേരിൽ മറ്റൊരു കുറ്റവും കൂടി ചാർത്തിയിരുന്നു. പ്രായപൂർത്തിയാകാത്ത ബാലനെ തൊഴിലെടുപ്പിച്ചതിനു ലേബർ കോടതിയിൽ ഹാജരാകാനുള്ള സമൻസ് ആയിരുന്നു അത്. അന്നുമുതൽ ധനറാം തൊഴിലാളികളോട് സ്നേഹത്തോടെയും ദയവോടെയും പെരുമാറുകയും ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന മിനിമം ശമ്പളം നൽകുകയും സോമുവിനെ പഠിക്കാൻ അയക്കുകയും ചെയ്തു.

# ഒരു മുറുക്കാൻ കടക്കാരന്റെ പ്രണയം

ആർ.എസ്.റഊസ്



ബസ്സുവരാൻ യഥേഷ്ടം നേരം പിടിക്കുമെന്നാണ് ബസ്റ്റോപ്പിനു സമീപം മുറുക്കാൻ കട നടത്തുന്ന ഇക്ക പറഞ്ഞത്. ഇക്ക ലോഹ്യത്തോടെ മോന്തായം നോക്കി മന്ദഹസിച്ചപ്പോൾ നാട്ടിലുള്ള പരമുവിനെ ഓർത്തുപോയി. അതേ ഛായ!

അയാൾക്ക് മുറുക്കുന്ന ശീലമില്ല. ബീഡിവലിയും. മദ്യംപോലും രുചിച്ചിട്ടില്ല. ഇക്കയെ കയ്യിലെടുക്കുവാൻ ഒരു മുറുക്കാൻ കാശു കൊടുത്തുവാങ്ങി ചവച്ചരച്ചു തുപ്പി! ഐശ്വര്യമായി നാന്ദികുറിച്ച ഈ ദുഃശീലം തുടരാനൊന്നും ഭാവമില്ല. ബസ്സുവരുന്നതു വരെ ഇക്കയുമായി കമ്പനി കൂടിയാൽ സമയംപോയിക്കിട്ടുമല്ലോ? അതിനുള്ള ഒരു തന്ത്രം. അയാളുടെ ഉദ്ദേശം ഇക്ക മണത്തറിഞ്ഞെന്നു തോന്നുന്നു. കടയിൽ തിരക്കില്ലാത്ത സമയമായതുകൊണ്ടും ആവാം. ഇക്ക അയാളോടു വാചാലനായി.

ഇന്ന് ഒരു മുറുക്കാനേ വിറ്റുപോയുള്ളൂ. അത് വാങ്ങിയ മഹാമനസ്ക്കൻ സാറാ. അടുത്തു തന്നെയുള്ള ഒരു പീറ പെരയിലാണ് എന്റെ താമസം. അംഗങ്ങൾ 1. ഒരു നായ പേര് ടിന്റു. 2. ഭാര്യ സമ്പന്ന ഗൃഹങ്ങളിലെ അടുക്കളവെപ്പുകാരി 3. കിട്ടു എന്ന പൂച്ച. ടിറ്റുവിനോട് എനിക്കും ഭാര്യക്കും അസാരം വാൽസല്യം ജാസ്തിയുണ്ടെന്ന് പരിഭവമുണ്ട് കിട്ടുവിന്! അതു കിട്ടുവിന്റെ തോന്നൽ മാത്രം. ടിന്റുവും കിട്ടുവും ഞങ്ങൾക്ക് സമന്മാരാണ്. മക്കളില്ലാത്ത ഖേദം ഓർക്കാതിരിക്കാനാണ് വളർത്തുമൃഗങ്ങളെ പോറ്റുന്നത്.

അൽപ ദിവസം മുമ്പുവരെ ഞാനും പെമ്പിറന്നോളും മുഖാമുഖം ദർശിച്ചാൽ ശണ്ഠയായിരുന്നു.

എന്റെ ഞെരമ്പു രോഗം തന്നെ കലഹത്തിന്റെ ഉത്ഭവം. ഒരു സായാഹ്നം പെരയുടെ പൂമുഖത്ത് ടിന്റു വിനോട് സ്വകാരം പറഞ്ഞും തണുത്തകാറ്റും കൊണ്ടും സുഖിച്ചിക്കയായിരുന്നു ഞാൻ.

അപ്പോൾ ഒരു വാല്യക്കാരി വീടു ലക്ഷ്യമായി നടന്നുവന്നു. പ്രഥമ ദർശനത്തിൽ തന്നെ അവളുടെ മദാക ഭംഗിയിൽ ഭ്രമിച്ച് - അനുരാഗത്തിന്റെ സുന്ദരമായ സ്വപ്നം കണ്ടു തുടങ്ങി ഞാൻ. അവൾ അടുത്തു വന്ന് മധുരമനോജ്ഞമായ പച്ചച്ചിരിയോടെ എന്നോട് -

മുറുക്കാൻ വിൽക്കുന്ന ഇക്കയല്ലെ? ഞാൻ -അതെ.

അവൾ വീണ്ടും -

ഞാനിവിടെ അടുത്തുള്ളതാണ്. പുതിയ താമസക്കാർ. എന്റെ ഭർത്താവ് വേണ്ടാത്ത ശീലം തുടങ്ങി - കള്ളുകുടി! ജോലിക്കും പോണില്ല. ഇക്കയോട് സ്വതവേ എല്ലാവർക്കും വലിയ ബഹുമാനമാണ്. പരോപകാരിയാണല്ലോ? അതുകൊണ്ടും മറ്റു നിവർത്തിയില്ലാഞ്ഞിട്ടുമാണ് ചോദിക്കുന്നത്. ഇക്ക മുറുക്കാൻ കടയിൽ സഹായിയായി എന്നെ നിറുത്തുമോ?

അവളെ കടയിൽ ജോലിക്കു നിർത്താൻ തന്നെയാണ് തീരുമാനം. അസൂയാലുക്കളുടെ കണ്ണുമഞ്ഞളിക്കട്ടെ! അങ്ങാടിയിൽ മുതലാളിമാരുടെ ബഹുനില ക്കെട്ടിടത്തിൽ പോലും ഇത്ര അഴകുള്ള ജോലിക്കാരിയില്ല.

അവളെ പ്രേമിക്കുകയും ആവാം. കൈസഹായങ്ങളും ചെയ്തു തരും. ചില്ലറക്കാര്യമാണോ?

ആ മോഹിനി കാരണം വിൽപന വർദ്ധിച്ചു. അവളെ പുഷ്പിക്കാൻ മാത്രം അസംഖ്യം വായ്നോക്കികൾ ഒഴുകിയെത്തി കടയിൽ. അവളുടെ സാന്നിധ്യം ഉള്ളതു കൊണ്ട് മുറുക്കാൻ ചൂടപ്പം പോലെ വിറ്റു പോയി! കടയിൽ തിരക്കോടു തിരക്ക്. അവൾ കൊടുക്കുന്ന മുറുക്കാൻ അമൃത്പോലെ സേവിച്ചു ആബാല വൃദ്ധം ജനം.

വളരെയധികം പേരുടെ പ്രേമാഭ്യർത്ഥനകൾ തിരസ്ക്കരിച്ചിരുന്നു അവൾ. തന്നിമിത്തം ഒരവസരം വീണു കിട്ടിയപ്പോൾ അവളോട് കരുതലോടെ ഉള്ളിലെ ഇഷ്ടം വെളിപ്പെടുത്തി ഞാൻ.

ഭർത്താവ് ഇട്ടേച്ചുപോയതു കൊണ്ട് അനിവാര്യമാണ് ഒരാൺതുണ. എന്തുകൊണ്ട് എന്നെ തിരഞ്ഞെടുത്തു കൂട?

അവൾ ഏഴു പകലും രാത്രിയും കുലങ്കഷമായി ചിന്തിച്ചു തീരുമാനിച്ചു- ജീവിതത്തിൽ ഇനി ഇക്ക മാത്രം മതി!

ഭാര്യ എതിർപ്പുമായി സജീവമായി കളത്തിലുണ്ടായിരുന്നിട്ടു കൂടി ഞങ്ങളുടെ അനുരാഗം ഒരു കൊടുങ്കാറ്റിലും അണയാത്ത അത്ഭുതവിളക്കുപോലെ കത്തിനിന്നു.

തൊലിവെളുപ്പുള്ള വാല്യക്കാരിയെ കണ്ടപ്പോൾ ഭാര്യയോട് അവഞ്ജ ഉരുണ്ടുകൂടിയതിൽ ഞാനിപ്പോൾ കുമ്പസാരിക്കുന്നു. അക്ഷന്തവ്യമായിപ്പോയി ചെയ്തു പോയത്. ഞങ്ങൾ കല്യാണത്തോട് അടുത്തപ്പോൾ കാമുകിയുടെ മദ്യപാനിയും -ജോലി ചെയ്യുന്നതിൽ വിമുഖനുമായ ഭർത്താവിനു മാനസാന്തരം വന്നു.

മുഖത്ത് മാപ്പു തരൂ എന്ന ഭാവത്തിൽ ക്ഷമചോദിച്ചു അവളെ സമീപിച്ചു അയാൾ.

മുമ്പൊരിക്കൽ ഭർത്താവുമായി ബന്ധപ്പെട്ടതിന്റെ ഫലമായി ഇപ്പോൾ താൻ രണ്ടുമാസം ഗർഭിണിയാണെന്നും കൊച്ചിന്റെ ഭാവിക്കുവേണ്ടി ഇക്കയുമായി വേർപിരിയുന്നതാണ് നന്നെന്നും എന്നോട് അസാമാന്യ പടുതയോടെ വാദിച്ചു സമർത്ഥിച്ച് അവൾ ആ പണ്ടാറക്കാലനുമായി കടന്നുകളഞ്ഞു.

ആ പരട്ട മദ്യപാനിയുടെ കൊച്ച് മണ്ടയിലായാലും വേണ്ടില്ലായിരുന്നു. കിളിപോലത്തെ വാല്യക്കാരിയല്ലെ കൈവള്ളയിൽ നിന്നു വഴുതിപ്പോയത്. കഷ്ടം! ഇനി ഈ പ്രായത്തിൽ ഒരു വാല്യക്കാരിയെ സംഘടിപ്പിക്കൽ ദുഃഷ്ക്കരം. യുവതികളെ കാണുമ്പോൾ ഭയങ്കര കൊതിയാണ്. എന്തുകാര്യം. നമുക്കു വിധിച്ചത്. വയസി ഭാര്യയാണ്. ഞാൻ ഭാര്യയുടെ സമക്ഷം ചെന്നുതെറ്റ് ഏറ്റുപറഞ്ഞു. അവളെന്നെ ആശ്വസിപ്പിച്ചു. എന്നോടു പൊറുത്തു.

കാമുകിയെ മറക്കാൻ മേല സാറെ!

അവളുമായി ഒരു രാത്രി കിടന്നിട്ടാണ് പിരിഞ്ഞതെങ്കിൽ ദുഃഖമില്ലായിരുന്നു. തൊട്ടിട്ടു പോലുമില്ല.

ഓ-സാറിനെന്റെ സങ്കടങ്ങൾ മുഷിപ്പനായി തോന്നുന്നുണ്ടോ? ക്ഷമിക്കണം കെട്ടോ?

ബസ്സുവരാറായി സാറെ. വീട്ടിൽ ഭാര്യ കാത്തിരിക്കുകയാവും. ഞാനെത്തിയാലെ അവൾ ഉണ്ണൂ! ഭയങ്കര സ്നേഹം! ഇപ്പോൾ കട പൂട്ടി വീട്ടിലെത്തേണ്ട സമയമായി. സാറ് തനിച്ചു കഴിച്ചു കൂട്ടണമല്ലോ എന്നു കരുതിയാണ്. രാത്രി ഇവിടെ യക്ഷികളിറങ്ങുമത്രേ! ഞാൻ കണ്ടിട്ടില്ല. കണ്ട ചിലർ പറയണതു കേട്ടിട്ടുണ്ട്.

സാറിന്റെ നാട്ടിൽ യക്ഷിയുണ്ടോ?

നാട്ടിലില്ല - വീട്ടിലുണ്ട്. രക്തം ഊറ്റിക്കുടിക്കുന്ന രക്തരക്ഷസ്സ്. ഭാര്യ, മനസിൽ പറഞ്ഞെങ്കിലും പുറത്തെടുത്തില്ല.

ഇക്ക ഖേദിച്ചു മടങ്ങിവന്നപ്പോൾ സംയമനം പാലിച്ച - ക്ഷമ ആയുധമാക്കിയ ആ സ്ത്രീയോട് ആദരവ് തോന്നി അയാൾക്ക്.

ഇക്ക ചെയ്തതു താനായിരുന്നു കാണിച്ചിരുന്നതെങ്കിൽ ഈശ്വരാ ഭാര്യതന്നെ-

ഇരുട്ടിൽ അങ്ങകലെ നിന്ന് ഒരു വണ്ടിയുടെ ചിന്നം വിളിപെട്ടന്ന് ഉയർന്നു. അപ്പോൾ ഇക്ക പറഞ്ഞു- ബസ്സു വരുന്നു.




Edited, Printed Published by Nakshthra Rajyam E. Radhakrishnan on behalf of Nakshathra Rajyam Monthly.
DTP Bhavana Graphics Thali, Yashodha Printers, Manari for Geethanjali Offset Prints, Kundayithode, Kozhikode